# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തലശ്ശേരി
കണ്ണൂർ-670101

ഇ-മെയിൽ: mltlsry.ksad@kerala.gov.in
ഫോൺ : 0490-2960071

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ടി.എസ്.എം.1/291/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തലശ്ശേരി
കണ്ണൂർ-670101
തീയ്യതി: 20/06/2022
ഇ-മെയിൽ: mltlsry.ksad@kerala.gov.in
ഫോൺ: 0490-2960071

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തലശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-3,1-13,1-15,1-29,1-35,1-36,1-37,1-38, 1-81, 4-4 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജ്യണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
5. കാര്യാലയപ്പകർപ്പ്

നമ്പർ: നം.കെ.എസ്.എ.ടി.എസ്.എം.1/291/2022 തീയ്യതി: 20/06/2022

## കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-09-2021 മുതൽ 25-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 81 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 16-09-2021 | 25-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-09-2021 | 25-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശ്രീഹരി മിത്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.രാജേഷ് കുമാർ ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ബിന്ദു.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജീന.സി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീതി.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ )** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സി.കെ.രമേശൻ | ചെയർമാൻ | 01-04-2020 | 11-11-2020 |
| ശ്രീമതി.കെ.എം.ജമുനാറാണി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ )** | തീയതി **(വരെ)** |
|---|---|---|---|
| മനോഹർ.കെ | സെക്രട്ടറി | 01-04-2020 | 01-12-2020 |
| ഹരിദാസൻ.കെ | (പി.എ.ടു സെക്രട്ടറി) സെക്രട്ടറിയുടെ ചാർജ്ജ് | 02-12-2020 | 24-12-2020 |
| മനോഹർ.കെ | സെക്രട്ടറി | 25-12-2020 | 27-01-2021 |
| ഹരിദാസൻ.കെ | (പി.എ.ടു സെക്രട്ടറി) സെക്രട്ടറിയുടെ ചാർജ്ജ് | 28-01-2021 | 29-01-2021 |

| | | | |
|---|---|---|---|
| സുരേശൻ.എം | സെക്രട്ടറി | 30-01-2021 | 31-03-2021 |
| കൃഷ്ണൻ.എൻ.എസ് | മെമ്പർ സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജസ്വന്ത്.എം.സി | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| കുമാരി മിനി.എ.എസ് | അസി.എഞ്ചിനീയർ (നോർത്ത്) | 01-04-2020 | 31-05-2020 |
| അബ്ദുൾ റനീഷ്.പി | അസി.എഞ്ചിനീയർ (നോർത്ത്) | 01-06-2020 | 02-07-2020 |
| ജയരാജ്.പി | അസി.എഞ്ചിനീയർ (നോർത്ത്) | 03-07-2020 | 31-03-2021 |
| അബ്ദുൾ റനീഷ്.പി | അസി.എഞ്ചിനീയർ (സൗത്ത്) | 01-04-2020 | 02-07-2020 |
| ജയരാജ്.പി | അസി.എഞ്ചിനീയർ (സൗത്ത്) | 03-07-2020 | 18-10-2020 |
| ലിനു മോൾ ജോസ് | അസി.എഞ്ചിനീയർ (സൗത്ത്) (എംപ്ലോയ്മെന്റ് വഴി നിയമിച്ചത്) | 19-10-2020 | 31-03-2021 |
| ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| വിനോദൻ.കെ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 07-07-2020 |
| റിജുൽ രാജ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 08-07-2020 | 01-11-2020 |
| പ്രീത.പി.വി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 02-11-2020 | 31-03-2021 |
| ഡോ.ഷീജ.എം | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.പിയൂഷ് എം.നമ്പൂതിരിപ്പാട് | സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി | 01-04-2020 | 26-02-2021 |
| ഡോ.സതീശൻ.കെ.വി | മെഡിക്കൽ ഓഫീസർ ,(സൂപ്രണ്ട് ഇൻചാർജ്ജ്) | 27-02-2021 | 05-03-2021 |
| ഡോ.ആശാ ദേവി | സൂപ്രണ്ട്, ജനറൽ ആശുപത്രി, തലശ്ശേരി | 06-03-2021 | 31-03-2021 |
| ഡോ.ഷീജ.വി.പി | മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.ബിലാൽ ബി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി | 01-04-2020 | 21-12-2020 |
| ഡോ.മുഹമ്മദ് മുനീർ.വി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി | 22-12-2020 | 31-03-2021 |
| രജനി.പി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 30-01-2021 |
| ഷീബ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 31-01-2021 | 31-03-2021 |
| ജോസഫ് നിക്സൺ.വി | ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്., ഗോപാലപ്പേട്ട | 01-04-2020 | 31-03-2021 |
| ശ്രീമതി.രാധാമണി.കെ.ബി | ഹെഡ്മിസ്ട്രസ്സ് ജി.യു.പി.എസ്.അയ്യലത്ത് | 01-04-2020 | 31-03-2021 |
| സുനിൽ കുമാർ കെ.പി | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് ജി.വി.എച്ച്.എസ്.എസ്., കൊടുവള്ളി | 01-04-2020 | 02-06-2020 |
| ഷീല.എൻ.പി.സി | ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്സ് | 03-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ജി.വി.എച്ച്.എസ്.എസ്., കൊടുവള്ളി | | |
| ഉസ്മാൻ ചാലിയാടൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 07-08-2020 |
| ജയചന്ദ്രൻ.വി.ആർ | (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I) ഹെൽത്ത് സൂപ്പർവൈസർ ഇൻചാർജ്ജ് | 08-08-2020 | 03-09-2020 |
| പ്രമോദ്.കെ | ഹെൽത്ത് സൂപ്പർവൈസർ | 04-09-2020 | 31-03-2021 |
| ബിന്ദു.കെ | സൂപ്രണ്ട്, മഹിളാമന്ദിരം | 01-04-2020 | 31-03-2021 |
| ഡോ.കെ.ജെ.വർഗീസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2020 | 23-10-2020 |
| ഡോ.പ്രജിത.ജി | സീനിയർ വെറ്ററിനറി സർജൻ | 24-10-2020 | 15-11-2020 |
| ഡോ.കെ.ജെ.വർഗീസ് | സീനിയർ വെറ്ററിനറി സർജൻ | 16-11-2020 | 22-02-2021 |
| ഡോ.പ്രജിത.ജി | സീനിയർ വെറ്ററിനറി സർജൻ | 23-02-2021 | 31-03-2021 |

സ.ഉ.(അച്ചടി) നമ്പർ/67/2020/ത.സ്വ.ഭ.വ, തീയതി 9.11.2020 പ്രകാരം രൂപീകൃതമായ, ശ്രീ.മനോഹർ കെ (മുനിസിപ്പൽ സെക്രട്ടറി),ശ്രീ.ജസ്വന്ത്.എം.സി (മുനിസിപ്പൽ എഞ്ചിനീയർ,), ശ്രീമതി.ലക്ഷ്മി കേളോത്ത് (സി.ഡി.പി.ഒ) എന്നിവർ ഉൾപ്പെട്ട ഭരണ നിർവ്വഹണ കമ്മിറ്റിയാണ് 12.11.2020 മുതൽ 27.12.2020 വരെ ഭരണം നിർവ്വഹിച്ചിട്ടുള്ളത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreehari Mithran (Audit Officer, On 17-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-3 |
| 4 | സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം)<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-4 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-9 |
| 10 | സേവനപുസ്തക പരിശോധന<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-10 |
| 11 | പെൻഷൻ പ്രമാണങ്ങളുടെ പരിശോധന<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-11 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ-അടിസ്ഥാന വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 20-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-12 |
| 13 | ധനസ്ഥിതി വിവരണം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 02-06-2022) | 1-13 |
| 14 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-14 |
| 15 | ബജറ്റിൽ രേഖപ്പെടുത്തുന്ന യഥാർത്ഥ തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.<br>Written By: Sreehari Mithran (Audit Officer, On 17-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-15 |
| 16 | ദുരിതാശ്വാസ നിധി<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-16 |
| 17 | വാർഡ്സഭ-സംഘാടനം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-17 |
| 18 | അനധികൃത നിർമ്മാണങ്ങൾക്ക് 84,61,166 രൂപ വസ്തുനികുതികുടിശ്ശിക<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-18 |
| 19 | വേക്കൻസി റമിഷൻ-അപാകതകൾ<br>Written By: Preethi.P (Auditor, On 20-05-2022)<br>Last Updated By: Deepa K (Computer Assistant, On 23-05-2022) | 1-19 |
| 20 | തൊഴിൽ നികുതി പരിശോധന-അപാകതകൾ<br>Written By: Preethi.P (Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-20 |
| 21 | IFTE&OS ലൈസൻസ് പരിശോധന - അപാകതകൾ.<br>Written By: Preethi.P (Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-21 |
| 22 | തലശ്ശേരി ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെയും കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെയും ലൈസൻസ് വിവരം ലഭ്യമല്ല.<br>Written By: Preethi.P (Auditor, On 20-05-2022) | 1-22 |

| | | |
|---|---|---|
| | Last Updated By: Deepa K (Computer Assistant, On 23-05-2022) | |
| 23 | വാടക സംബന്ധിച്ച വാർഷിക കണക്കുകളിലെ പൊരുത്തമില്ലായ്മയും വ്യക്തമായ കണക്കുകളുടെ സൂക്ഷിപ്പിലെ പരാജയവും<br>Written By: Rajeshkumar.T (Senior Grade Auditor, On 13-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-23 |
| 24 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ- ഡെപ്പോസിറ്റ് തുകകൾ അടവാക്കുന്നതിൽ കാലതാമസം-ലേല വ്യവസ്ഥ പാലിക്കുന്നില്ല<br>Written By: Rajeshkumar.T (Senior Grade Auditor, On 13-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-24 |
| 25 | കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതും മറ്റ് അപാകതകളും<br>Written By: Bindhu K (Senior Grade Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-25 |
| 26 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നഗരസഭ നിർമ്മാണാനുമതി നൽകി<br>Written By: Bindhu K (Senior Grade Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-26 |
| 27 | വാർഡ്-46 ലെ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിലെ പോരായ്മകൾ<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: Bindhu K (Senior Grade Auditor, On 26-05-2022) | 1-27 |
| 28 | തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരമില്ലാതെ നഗരസഭ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-28 |
| 29 | റസിഡൻഷ്യൽ ആവശ്യത്തിനായുള്ള കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയതിലെ അപാകതകൾ-<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-29 |
| 30 | തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതും മറ്റ് അപാകതകളും<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-30 |
| 31 | അനധികൃത നിർമാണങ്ങൾക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല<br>Written By: Bindhu K (Senior Grade Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-31 |
| 32 | ശമ്പളക്കുടിശ്ശിക അനുവദിച്ചത്- കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിച്ചില്ല.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 04-06-2022) | 1-32 |
| 33 | ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-33 |
| 34 | ക്ഷാമബത്ത കുടിശ്ശിക പണമായി നൽകിയത്<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-34 |
| 35 | സാനിറ്റേഷൻ വർക്കർമാർ- പെൻഷൻ/ കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-35 |
| 36 | മരണപ്പെട്ട സാനിറ്റേഷൻ വർക്കർ ലീലയുടെ ആശ്രിതർക്ക് കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-36 |
| 37 | പങ്കാളിത്ത പെൻഷൻ പദ്ധതി- റഗുലർ ജീവനക്കാരുടെ വിഹിതം ഒടുക്കുന്നതിൽ വീഴ്ച<br>Written By: Sreehari Mithran (Audit Officer, On 17-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-37 |
| 38 | പങ്കാളിത്ത പെൻഷൻ പദ്ധതി- കണ്ടിജന്റ് ജീവനക്കാരുടെ വിഹിതം ഒടുക്കുന്നതിൽ വീഴ്ച<br>Written By: Sreehari Mithran (Audit Officer, On 17-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-38 |
| 39 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8,69,37,667/- രൂപ ലഭിക്കാൻ ബാക്കി.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Deepa K (Computer Assistant, On 23-05-2022) | 1-39 |
| 40 | ഓണം അഡ്വാൻസ്-തിരികെ ഈടാക്കാതെ ബാക്കി.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-40 |
| 41 | മുൻകൂറുകൾ ക്രമീകരിക്കാൻ ബാക്കി<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-41 |
| 42 | കൊളശ്ശേരി നഗര ആരോഗ്യകേന്ദ്രത്തിന്റെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അനുവദിച്ചത് | 1-42 |

| | | |
|---|---|---|
| | Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | |
| 43 | ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ വീഴ്ച -ഭീമമായ തുക കുടിശ്ശിക<br>Written By: Sreehari Mithran (Audit Officer, On 17-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-43 |
| 44 | അഭയ നികേതൻ സെസ്സ് ഒടുക്കുന്നതിൽ വീഴ്ച -ഭീമമായ തുക കുടിശ്ശിക<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-44 |
| 45 | സാമൂഹ്യ സുരക്ഷാ മിഷന് തലശ്ശേരി നഗരസഭാ വിഹിതം - രേഖകൾ ലഭ്യമാക്കിയില്ല - 10,00,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-45 |
| 46 | ഐ.കെ.എം ന് നഗരസഭാ വിഹിതം ഒടുക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 5,44,383/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-46 |
| 47 | തെരുവ് വിളക്ക് എ.എം.സി 2020-21- കരാറിലേർപ്പെടുന്നതിന് മുൻപുള്ള മാസത്തേക്ക് കൂടി തുക അനുവദിച്ചു - 2,58,750 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-47 |
| 48 | ഗവ.എൽ.പി, യു.പി സ്കൂളുകൾക്ക് അലമാര വിതരണം -89900 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-48 |
| 49 | ഗവ.എൽ.പി., യു.പി വിദ്യാലയങ്ങൾക്ക് ഫർണ്ണിച്ചർ വിതരണം-12000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-49 |
| 50 | ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: Preethi.P (Auditor, On 27-05-2022) | 1-50 |
| 51 | പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-51 |
| 52 | എസ്.എസ്.എ പദ്ധതിക്ക് തലശ്ശേരി നഗരസഭാ വിഹിതം-30,40,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-52 |
| 53 | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേശ-കസേര വിതരണം-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-53 |
| 54 | കറവപ്പശു വളർത്തൽ പദ്ധതി-അപാകതകൾ<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-54 |
| 55 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 1,74,274 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Preethi.P (Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-55 |
| 56 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rajeshkumar.T (Senior Grade Auditor, On 13-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-56 |
| 57 | നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി റിവൈസ് ചെയ്തതും വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കാനാവാത്തതും<br>Written By: Rajeshkumar.T (Senior Grade Auditor, On 13-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-57 |
| 58 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിന് അനുബന്ധമായി പുതിയ ഷെഡ് നിർമ്മാണം-ഒന്നാംഘട്ടം- സ്ട്രക്ചറൽ വർക്ക്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-58 |
| 59 | കണ്ടിക്കൽ ഗ്യാസ് ശ്മശാനം നിർമ്മാണം-മരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Bindhu K (Senior Grade Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-59 |
| 60 | കണ്ടിക്കൽ ഗ്യാസ് ശ്മശാനം -ഫർണസ് സ്ഥാപിച്ചതിലെ പോരായ്മകൾ<br>Written By: Bindhu K (Senior Grade Auditor, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-60 |
| 61 | കണ്ടിക്കൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് കെട്ടിട നിർമ്മാണം- പദ്ധതി നിർ വ്വഹണത്തിലെ അപാകതകൾ<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-61 |

| | | |
|---|---|---|
| 62 | സുഭിക്ഷ കേരളം- തരിശു ഭൂമിയിൽ പച്ചക്കറികൃഷി - പ്രോജക്റ്റിനാസ്പദമായ മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല. - 1,50,668/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-62 |
| 63 | പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചതും മറ്റ് അപാകതകളും 51,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-63 |
| 64 | നഗരസഭയിലെ താമസക്കാരല്ലാത്തവർക്ക് ആനുകൂല്യം നല്കി - 1,10,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-64 |
| 65 | കോടിയേരി കൃഷി ഭവനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - മുഴുവൻ രേഖകളും ഹാജരാക്കിയില്ല – 40,000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: Deepa K (Computer Assistant, On 23-05-2022) | 1-65 |
| 66 | മരുന്നുകൾ ലഭ്യമായില്ല – 2,00,000 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-66 |
| 67 | സാന്ത്വന ഗൃഹ പരിചരണം - മരുന്നുകൾ ലഭ്യമായില്ല - 71,723/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-67 |
| 68 | അംഗനവാടികളുടെ പരിപാലനം<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-68 |
| 69 | വനിതാ സംരംഭകർക്ക് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-69 |
| 70 | വ്യവസായ പാർക്കിന് സ്ഥലം വാങ്ങൽ<br>Written By: Jeena.C.P (Senior Grade Auditor, On 15-06-2022)<br>Last Updated By: Jeena.C.P (Senior Grade Auditor, On 16-06-2022) | 1-70 |
| 71 | പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 1-71 |
| 72 | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഉത്സവബത്ത - അധികം കൈപ്പറ്റിയ 3,100 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-72 |
| 73 | ചെക്ക് /ഡ്രാഫ്റ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.<br>Written By: Preethi.P (Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 15-06-2022) | 1-73 |
| 74 | കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ 2020-21-സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Bindhu K (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-74 |
| 75 | സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Jeena.C.P (Senior Grade Auditor, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-75 |
| 76 | സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷണർമാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി.<br>Written By: Sreehari Mithran (Audit Officer, On 20-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-76 |
| 77 | സാമൂഹ്യ സുരക്ഷാപെൻഷൻ -വിധവാ പെൻഷൻ അനർഹമായികൈപ്പറ്റിയത്.<br>Written By: Sreehari Mithran (Audit Officer, On 20-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 14-06-2022) | 1-77 |
| 78 | സർവ്വീസ് പെൻഷൻ/ കുടുംബ പെൻഷനും രണ്ട് സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഒരേ സമയം കൈപ്പറ്റി.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-78 |
| 79 | ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്<br>Written By: Sreehari Mithran (Audit Officer, On 23-05-2022)<br>Last Updated By: Deepa K (Computer Assistant, On 24-05-2022) | 1-79 |
| 80 | കൈമാറിക്കിട്ടാത്ത ആരോഗ്യകേന്ദ്രത്തിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു.<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-80 |
| 81 | ആശുപത്രി മാനേജിംഗ് കമ്മിറ്റി<br>Written By: Sreehari Mithran (Audit Officer, On 25-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 1-81 |

| | | |
|---|---|---|
| 82 | ഓഡിറ്റ് ഇംപാക്ട്<br>Written By: Jeena.C.P (Senior Grade Auditor, On 19-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 17-06-2022) | 1-82 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ-അധികം നൽകിയ1485 രൂപ നിരാകരിക്കുന്നു.<br>Written By: Preethi.P (Auditor, On 27-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Deepa K (Computer Assistant, On 21-05-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Deepa K (Computer Assistant, On 21-05-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Sreehari Mithran (Audit Officer, On 28-05-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 24-05-2022)<br>Last Updated By: Deepa K (Computer Assistant, On 24-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Deepa K (Computer Assistant, On 24-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 4-7 |
| 8 | ചാർജ്/സർചാർജ് തുകകൾ ഈടാക്കിയതിന്റെ വിവരങ്ങൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: Deepa K (Computer Assistant, On 21-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreehari Mithran (Audit Officer, On 28-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sreehari Mithran (Audit Officer, On 21-05-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ബാലൻസ്ഷീറ്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

നഗരസഭയുടെ 2020-21 വർഷത്തെ 8,31,59,841/- രൂപ മുന്നിരിപ്പും 75,04,58,418/- രൂപ വരവും 74,83,03,500/- രൂപ ചെലവും 8,53,14,759/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന ബജറ്റ് എസ്റ്റിമേറ്റിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 29.02.2020 നം നഗരസഭാ കൗൺസിൽ 11.03.2020 നം അംഗീകാരം നൽകിയിട്ടുണ്ട്. 7,43,74,459/- രൂപ മുന്നിരിപ്പും 74,56,63,000/- രൂപ വരവും 70,86,47,000/-രൂപ ചെലവും 11,13,90,459/- രൂപ നീക്കിയിരിപ്പും ഉൾപ്പെടുന്ന 2020-21 വർഷത്തെ പുതുക്കിയ ബജറ്റിന് 18.02.2021 ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും 23.02.2021 ന് നഗരസഭാ കൗൺസിലും അംഗീകാരം നൽകിയിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 285 പ്രകാരം വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു ബജറ്റ് ജനുവരി 15 ന് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ നിയമത്തിലെ വകുപ്പ് 286 പ്രകാരം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകിയ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ ലഭ്യമാക്കണമെന്നും പ്രസ്തുത നിർദ്ദേശങ്ങളെയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളെയും പരിഗണിച്ചുകൊണ്ട് അതിൽ നിന്നും അടുത്ത വർഷത്തേക്കുള്ള മുനിസിപ്പാലിറ്റിയുടെ വരവു ചെലവുകളുടെ ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സെക്രട്ടറി നൽകിയ എസ്റ്റിമേറ്റുകളും മുൻബാക്കി നീക്കി ബാക്കി സ്റ്റേറ്റ്മെന്റുകളും അക്കൗണ്ട് ഹെഡ്‌വൈസ് കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റുകളും ഒഴികെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും നൽകിയതായോ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിഷയങ്ങൾ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും സമർപ്പിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയ്യതി | ലഭിച്ച തീയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തീയ്യതി |
|---|---|---|---|
| 31.07.2021 | 30.06.2021 | 14.07.2021 | അപാകതകൾ പരിഹരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 30.06.2021 – 14.07.2021 | (അനുബന്ധം-1 കാണുക) |

1-4 സാമ്പത്തിക വിശകലനം (വരവ് ചെലവ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹186076564.52 |
| വരവ് | ₹576261695.00 |
| ആകെ | ₹762338259.52 |
| ചെലവ് | ₹499372627.00 |
| നീക്കിയിരിപ്പ് | ₹262965632.52 |

1-5 ഫണ്ട് വിനിയോഗം

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണവും അവയുടെ ചെലവും കാണിക്കുന്ന പത്രിക

*(നഗരസഭ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം)*

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | മൊത്തം അടങ്കൽ | മൊത്തം ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 7 | 7 | 3920320 | 1129219 | 28.80 |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 5 | 5 | 2195000 | 2110380 | 96.14 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 8 | 8 | 573500 | 487286 | 84.97 |
| 4 | കൃഷി ഓഫീസർ | 16 | 14 | 3461912 | 1889043 | 54.57 |
| 5 | സെക്രട്ടറി, തലശ്ശേരി നഗരസഭ | 27 | 24 | 22036815 | 18107786 | 82.17 |
| 6 | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 13 | 10 | 2094000 | 1467945 | 70.10 |
| 7 | ഹെഡ്മാസ്റ്റർ ഗവ.യു.പി.സ്കൂൾ | 6 | 4 | 843700 | 459787 | 54.50 |
| 8 | സീനിയർ വെറ്ററിനറി സർജൻ | 13 | 13 | 5623227 | 3965629 | 70.52 |
| 9 | പ്രൊജക്ട് ഓഫീസർ, നഗരദാരിദ്ര്യ | 12 | 10 | 30460470 | 17847077 | 58.59 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാർജ്ജന സെൽ | | | | | |
| 10 | ഹെൽത്ത് സൂപ്പർവൈസർ | 13 | 11 | 12860359 | 5363495 | 41.71 |
| 11 | മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, തലശ്ശേരി | 7 | 5 | 12481312 | 8376018 | 67.11 |
| 12 | ഹെഡ്മാസ്റ്റർ ഗവ.ഹൈസ്കൂൾ | 10 | 10 | 8956262 | 8152770 | 91.03 |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 8182570 | 6182570 | 75.56 |
| 14 | സൂപ്രണ്ട്, സാമൂഹ്യക്ഷേമ വകുപ്പ് | 1 | 1 | 30000 | 29944 | 99.81 |
| 15 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി | 6 | 6 | 1650000 | 1559568 | 94.52 |
| 16 | അസിസ്റ്റന്റ് എഞ്ചിനീയർ (നോർത്ത് & സൗത്ത്) | 414 | 328 | 331256135 | 216470790 | 65.35 |
| | ആകെ | 561 | 459 | 446625582 | 293599307 | 65.74 |

വിഭാഗം തിരിച്ചും മേഖല തിരിച്ചുമുള്ള ചെലവുകൾ

*(നഗരസഭ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം)*

| | പൊതു വിഭാഗം | | | പട്ടിക ജാതി വിഭാഗം | | |
|---|---|---|---|---|---|---|
| | ഉല്പാദനം | സേവനം | പശ്ചാത്തലം | ഉല്പാദനം | സേവനം | പശ്ചാത്തലം |
| അടങ്കൽ | 27431428 | 178921678 | 225667090 | 0 | 14203013 | 402373 |
| ചെലവ് | 12745457 | 104235367 | 169224310 | 0 | 6991800 | 402373 |

വിഭാഗം തിരിച്ചും മേഖല തിരിച്ചും വിഭാവനം ചെയ്ത പ്രൊജക്ടുകളുടെ എണ്ണം

*(നഗരസഭ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം)*

| | പൊതു വിഭാഗം | | | പട്ടിക ജാതി വിഭാഗം | | |
|---|---|---|---|---|---|---|
| | ഉല്പാദനം | സേവനം | പശ്ചാത്തലം | ഉല്പാദനം | സേവനം | പശ്ചാത്തലം |
| പ്രൊജക്ടുകളുടെ എണ്ണം | 41 | 204 | 308 | 0 | 7 | 1 |

2020-21 കാലയളവിൽ തലശ്ശേരി നഗരസഭയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച വിവിധയിനം ഗ്രാന്റുകളുടെയും അവയുടെ വിവരവും കാണിക്കുന്ന പത്രിക

*(നഗരസഭ സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ പ്രകാരം)*

| ക്രമ നം. | ഇനം | അലോട്ട്മെന്റ് | ചെലവ് | വിനിയോഗിക്കാൻ ബാക്കി വന്ന അലോട്ട്മെന്റ് തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് (പൊതു വിഭാഗം) | 95244200 | 90677165 | 4567035 |
| 2 | വികസന ഫണ്ട് (എസ്.സി.പി) | 8421000 | 7394173 | 1026827 |
| 3 | വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 |
| 4 | വികസന ഫണ്ട് (സി.എഫ്.സി) | 195618499 | 121969977 | 73648522 |
| 5 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 22756481 | 17856992 | 4899489 |
| 6 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 79362392 | 55701000 | 23661392 |

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

നഗര ദാരിദ്ര്യ ലഘൂകരണത്തിനായി കേരള സർക്കാർ പദ്ധതി ചെലവ് പൂർണ്ണമായും വഹിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുക, അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, നഗര പ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റ് തരത്തിലെ തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയും തൊഴിൽ കുറവ് വരുന്നതുമായ അവസരങ്ങളിൽ തൊഴിൽ ലഭ്യമാക്കുക, നഗരങ്ങളിൽ വസിക്കുന്ന ദരിദ്ര കുടുംബങ്ങൾക്ക് പദ്ധതിയുടെ ഭാഗമായി നിർണ്ണയിക്കപ്പെട്ട സാമൂഹിക അവകാശങ്ങൾ സംരക്ഷിക്കുക, എന്നതാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം.

2020-21കാലയളവിൽ ആകെ 207 വ്യക്തികൾ മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. നഗരസഭയിലെ 52 വാർഡുകളിൽ നിന്നും ഈ പദ്ധതിയിൽ രജിസ്ട്രേഷൻ നടന്നിട്ടുണ്ട്.

1. ആസൂത്രണം

| വർഷം | ലേബർ ബജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | ലേബർ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|
| 2020-21 | 104140 | 17345 | 4,45,79,500 | 42,29,279.5 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് ഏറ്റവും പ്രധാനമാണ് ആസൂത്രണ പ്രക്രിയ എന്നും നഗരസഭ ഓരോ സാമ്പത്തികവർഷവും ഡിസംബർ 31 ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട് എന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 25-02-2020 ലെ 45-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തിലേക്കായി വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കിയിട്ടുള്ളത്. 1,04,140 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നതും 4,45,79,500 രൂപ ചെലവു വരുന്നതുമായ 2020-21 വർഷത്തെ ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയുമാണ് നഗരസഭ കൗൺസിലിന്റെ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളത്. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ നടപടിക്രമങ്ങൾ പ്രകാരം 05.05.2020ന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലും ജില്ലാ ആസൂത്രണ സമിതിയും അംഗീകാരം നൽകിയ വാർഷിക കർമ്മപദ്ധതിയിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ 23.10.2020 ലെ 23-ാം സംസ്ഥാന തൊഴിലുറപ്പ

കമ്മീഷന്റെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 2020-21ന്റെ വാർഷിക കർമ്മപദ്ധതി 2019 ഡിസംബർ 31ന് മുമ്പ് തയ്യാറാക്കി അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ 2020 മെയ് മാസത്തോടെയാണ് 2020-21 വാർഷിക കർമ്മപദ്ധതി അംഗീകരിച്ചിട്ടുള്ളത്. ഇതിൽനിന്നും പദ്ധതി ആസൂത്രണവും വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്ന നടപടിക്രമങ്ങളും നഗരസഭ പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ലേബർ ബഡ്ജറ്റ് പ്രകാരം 104140 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതായിരുന്നുവെങ്കിലും കേവലം 17345 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ലേബർ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത ചെലവിന്റെ 9.48% മാത്രമാണ് യഥാർത്ഥ ചെലവ്. പദ്ധതി ആസൂത്രണത്തിൽ വ്യക്തമായ പാളിച്ചകൾ ഉണ്ടായിട്ടുണ്ടെന്ന് ഇതിൽ നിന്നും വിലയിരുത്താൻ കഴിയുന്നു.

2. രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും തൊഴിൽ നൽകലും

നഗരസഭയിൽ 31.03.2021 വരെ 207 വ്യക്തികളാണ് ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

| വർഷം | തൻവർഷം രജിസ്റ്റർ ചെയ്ത വ്യക്തികൾ (എണ്ണം) | തൻവർഷം അനുവദിച്ച തൊഴിൽ കാർഡുകൾ (എണ്ണം) | തൻവർഷം തൊഴിൽ ആവശ്യപ്പെട്ട വ്യക്തികൾ | തൻവർഷം തൊഴിൽ ലഭിച്ചവർ | തൻവർഷം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 2020-21 | 207 | 194 | 378 | 378 | 27 |

3. ഫണ്ട് സൂക്ഷിക്കൽ

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | ബാങ്ക് ഓഫ് ബറോഡ തലശ്ശേരി | 68570100003398 |

| വരവ്-ചെലവ് പത്രിക | | | | | | | | |
|---|---|---|---|---|---|---|---|---|
| | വരവ് | | | | ചെലവ് | | | |
| വർഷം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ബാങ്ക് പലിശ | ആകെ വരവ് | ഭരണ ചെലവ് | പദ്ധതി ചെലവ് | ആകെ ചെലവ് | നീക്കിയിരിപ്പ് |
| 2020-21 | 2056544.96 | 5000000 | 59712 | 7116256.96 | 474986.4 (474166+ 820.4-ബാങ്ക് ചാർജ്ജ്) | 3754293 | 4229279.4 | 2886977.56 |

നഗരസഭ നടത്തുന്ന ചെലവു വിവരങ്ങൾ അടുത്ത കൗൺസിൽ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തലശ്ശേരി നഗരസഭയിൽ ഈ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്.

4. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തലശ്ശേരി നഗരസഭ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നുണ്ട്.

| ക്രമ നം | രജിസ്റ്ററിന്റെ പേര് |
|---|---|
| 1. | മസ്റ്റർ റോൾ വിതരണ രജിസ്റ്റർ |
| 2. | മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ |
| 3. | തൊഴിൽ കാർഡ് അപേക്ഷ രജിസ്റ്റർ |
| 4. | തൊഴിൽ കാർഡ് രജിസ്റ്റർ |
| 5. | തൊഴിൽ രജിസ്റ്റർ |

| | |
|---|---|
| 6. | പ്രവൃത്തി രജിസ്റ്റർ |
| 7. | ആസ്തി രജിസ്റ്റർ |
| 8. | പരാതി രജിസ്റ്റർ |
| 9 | പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കാൻ രജിസ്റ്റർ |

5. പദ്ധതി ദിശാഗതി നിയന്ത്രണവും വിലയിരുത്തലും (മോണിറ്ററിംഗ്)

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ പ്രവൃത്തി നടക്കുമ്പോഴും അതാത് സ്ഥല നിവാസികൾ, കൗൺസിലർ എന്നിവർ പ്രവൃത്തി വിലയിരുത്തുകയും അവരുടെ അഭിപ്രായങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വാർഡ് സഭ മുഖേന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചും ഏറ്റെടുക്കാവുന്ന പ്രവൃത്തികളെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നുണ്ട്. തൊഴിൽകാർഡ് വിതരണം ചെയ്യുന്നതിൽ സമയക്രമം പാലിച്ച് വരുന്നുണ്ട്.

6 വിവരാവകാശ നിയമവും വിവരങ്ങൾ പ്രസിദ്ധപ്പെടുത്തലും

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നഗരസഭ ഹാജരാക്കിയ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചപ്പോൾ പദ്ധതിയുടെ സ്റ്റേറ്റ്മെന്റ് സംക്ഷിപ്തം പൊതുജനങ്ങൾ കാണത്തക്കവിധം നഗരസഭ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധപ്പെടുത്തുന്നില്ല എന്ന് വ്യക്തമാകുന്നു.

7. സുതാര്യതയും അക്കൗണ്ടബിലിറ്റിയും സോഷ്യൽ ഓഡിറ്റും

തലശ്ശേരി നഗരസഭ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകളും നൽകുന്ന സേവനങ്ങളും ഉൾക്കൊള്ളുന്ന പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിനുപുറമെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റും നഗരസഭ നാളിതുവരെ നടത്തിയിട്ടില്ല.

8. ആസ്തികൾ

തലശ്ശേരി നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 കാലയളവിൽ സൃഷ്ടിച്ച ആസ്തികളുടെ എണ്ണവും മൂല്യവും താഴെ കൊടുക്കുന്നു.

| വർഷം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം |
|---|---|---|
| 2020-21 | 86 | 37,54,293 |

1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2021, 29.10.2021, 29.11.2021, 30.12.2021, 28.02.2022, 31.03.2022, 29.04.2022 തീയ്യതികളിൽ ഉത്തരവാദപ്പെട്ട നഗരസഭാ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയ്യതികളിലെ ക്യാഷ് ബാലൻസ് പരിശോധനകളിൽ വരവിന്റെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തിയിട്ടുണ്ട്. ക്യാഷ് ബാലൻസ് പരിശോധനയിൽ മറ്റ് അപാകതകളൊന്നും കണ്ടെത്തിയിട്ടില്ല.

1-8 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണം വിശകലനം ചെയ്തപ്പോൾ നഗരസഭയിൽ നിലവിലുള്ള സംവിധാനം കുറച്ച് കൂടി മെച്ചപ്പെടുത്തേണ്ടതാണ് എന്ന് ബോധ്യപ്പെടുന്നു. നഗരസഭയിലെ ആഭ്യന്തര നിയന്ത്രണത്തെ കുറിച്ചുള്ള അഭിപ്രായം താഴെ കൊടുക്കുന്നു.

1. ജീവനക്കാര്യം

2013ലെ ജോലിവിഭജനരേഖ തന്നെയാണ് നിലവിലും തുടരുന്നത്. ജീവനക്കാരുടെ ജോലിവിഭജനരേഖ കാലികമാക്കുന്നില്ല.

2. കണക്കുകളുടെ സൂക്ഷിപ്പ്

കണക്കുകളുടെ സൂക്ഷിപ്പും കണക്കുകളിലെ അപാകതകളും ഈ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

3. ബാങ്ക് അക്കൗണ്ട്/പണം- കൈകാര്യം ചെയ്യൽ

വിവിധ ഇനങ്ങളിലായി നഗരസഭ പിരിച്ച പണം തൊട്ടടുത്ത ദിവസം തന്നെ ബാങ്കിൽ ഒടുക്കുന്നുണ്ട്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് എല്ലാ മാസവും പൊരുത്തപ്പെടുത്തുന്നതായി കാണുന്നില്ല. നഗരസഭയിലെ ബിൽ കലക്ടർമാർ നടത്തുന്ന പിരിവിന്റെ കണക്കുകൾ ആർ.ഐ./സൂപ്രണ്ട് പരിശോധിക്കുന്നുണ്ട്.

4. പിരിവ്

നഗരസഭയ്ക്ക് വിവിധ ഇനങ്ങളിൽ ലഭിക്കാനുള്ള തുക പിരിച്ചെടുക്കുന്നതിൽ നഗരസഭ പൂർണ്ണമായും വിജയിച്ചിട്ടില്ല. വിവിധ ഇനങ്ങളിലായി നഗരസഭയ്ക്ക് ഭീമമായ തുക ലഭിക്കുവാൻ ബാക്കിയുണ്ട്. മുൻകൂറുകൾ ക്രമീകരിക്കുന്നതിലും നഗരസഭ വീഴ്ച വരുത്തിയിട്ടുണ്ട്. 1969-70 കാലയളവ് മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ ബാക്കി നിൽക്കുന്നുണ്ട്. കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപങ്ങൾ വർഷങ്ങളായി പുതുക്കാതെയും പണമാക്കാതെയും നഗരസഭയുടെ കൈവശം നിൽക്കുന്നുണ്ട്.

5. നികുതി/നികുതിയേതര വരവുകൾ

വിവിധ ഇനങ്ങളിലായി നഗരസഭയ്ക്ക് ലഭിക്കേണ്ട തുകകൾ ശരിയായ രീതിയിൽ ഡിമാന്റ് ചെയ്യുന്നതിൽ നഗരസഭ വിജയിച്ചിട്ടില്ല. രേഖകൾ പരിശോധിക്കുമ്പോൾ വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കാത്ത വളരെ അധികം കെട്ടിടങ്ങൾ നഗരസഭയിലുണ്ട് എന്ന് കാണുന്നു. ലൈസൻസില്ലാതെ/ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും നഗരസഭ പരിധിയിലുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചമല്ലാതിരുന്നിട്ടും എല്ലാ നികുതി/നികുതിയേതര വരവുകളും ഡിമാന്റ് ചെയ്യുവാൻ നഗരസഭയ്ക്ക് സാധിക്കുന്നില്ല.

6. സാധനങ്ങളും സമാഹരണവും സൂക്ഷിപ്പും

സർക്കാരിന്റെ വാങ്ങൽ ചട്ടങ്ങൾ പാലിച്ചാണ് നഗരസഭ സാധനങ്ങൾ സമാഹരിക്കുന്നത് എന്നിരിക്കിലും ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്ത ചില വാങ്ങലുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

7. സേവനപുസ്തകങ്ങളുടെ സൂക്ഷിപ്പും തുടർനടപടികളും

നഗരസഭയിലെ റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവന പുസ്തകങ്ങൾ നഗരസഭ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ശമ്പള പരിഷ്കരണം, പ്രമോഷൻ തുടങ്ങിയവ പ്രകാരം ശമ്പളം നിജപ്പെടുത്തിയതിന് അതാത് സമയങ്ങളിൽ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഇത് തെറ്റായി ശമ്പള നിർണ്ണയങ്ങൾ വഴി ജീവനക്കാരന് അധിക ശമ്പളം നൽകുവാനും ജീവനക്കാരന് വലിയ ബാദ്ധ്യത ഉണ്ടാകുവാനും ഇടയാക്കുന്നുണ്ട്. ഈ വിഷയം പലപ്പോഴായി നഗരസഭ സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

8. ആസ്തികൾ

നഗരസഭയുടെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. ആയത് കൊണ്ട് തന്നെ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ മുഴുവൻ ആസ്തികളും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.08.15 മുതൽ 07.08.15 വരെ | 2014-15 | 14/03/2016 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 01.11.2019 മുതൽ 26.11.2019 വരെ | 2017-18 2018-19 | 13/01/2020 |

1-10 സേവനപുസ്തക പരിശോധന

ഓഡിറ്റ് കാലയളവിൽ തലശ്ശേരി നഗരസഭയിലെ 72 റഗുലർ/കണ്ടിജന്റ് ജീവനക്കാരുടെ സേവനപുസ്തകം പരിശോധിക്കുകയും ശ്രദ്ധയിൽപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിന് സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

1-11 പെൻഷൻ പ്രമാണങ്ങളുടെ പരിശോധന

ഓഡിറ്റ് കാലയളവിൽ തലശ്ശേരി നഗരസഭയിലെ 68 റഗുലർ/കണ്ടിജന്റ് പെൻഷൻ/ കുടുംബപെൻഷൻകാരുടെ പെൻഷൻ രേഖകൾ പരിശോധിച്ച് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ-അടിസ്ഥാന വിവരങ്ങൾ

തലശ്ശേരി നഗരസഭയിൽ നിന്ന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നവരുടെ അടിസ്ഥാന വിവരങ്ങൾ താഴെ കൊടുക്കുന്നു. (30.04.2022 ലെ സ്ഥിതി വിവരം)

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 9440 | 5314 | 14754 |

| പൊതു വിഭാഗം | പട്ടികജാതി | പട്ടികവർഗ്ഗം | ആകെ |
|---|---|---|---|
| 14726 | 18 | 10 | 14754 |

| കർഷക തൊഴിലാളി പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ ഡിസ്എബിലിറ്റി പെൻഷൻ | 50 വയസ്സുകഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | ആകെ |
|---|---|---|---|---|---|
| 194 | 9106 | 925 | 1020 | 3505 | 14754 |

1-13 ധനസ്ഥിതി വിവരണം

തലശ്ശേരി നഗരസഭയുടെ 2020-21 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയപ്പോൾ നഗരസഭയുടെ ധനസ്ഥിതി തൃപ്തികരമല്ല എന്ന് കാണുന്നു. ധനസ്ഥിതി തൃപ്തികരമല്ല എന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേരുവാനുണ്ടായ കാരണങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. നഗരസഭയുടെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിന് പിരിച്ചെടുക്കാൻ ബാക്കിയുള്ള വസ്തു നികുതി ഉൾപ്പെടെ എല്ലാ തുകകളും പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം നഗരസഭയുടെ ആകെ വരവ് 57,62,61,695 രൂപയാണ്. ഇതിൽ 40,73,35,917 രൂപ വിവിധ ഗ്രാന്റുകളായി സർക്കാരിൽ നിന്നും ലഭിച്ച തുകയും (ആർ.പി.6, ആർ.പി.22, ആർ.പി.24) 5,95,99,442 രൂപ വിവിധ ഡെപ്പോസിറ്റുകൾ, ലോണുകൾ, മുൻകൂറുകൾ, മറ്റ് ബാദ്ധ്യതകൾ എന്നിവ പ്രകാരമുള്ള ഋണ ശീർഷക വരവുകൾ പ്രകാരം ലഭിച്ച തുകകളുമാണ് (ആർ.പി.27, 29,41). നഗരസഭയുടെ ആകെ വരവിന്റെ 18.97% മാത്രമാണ് നഗരസഭയുടെ തനത് വരുമാനം. ബാക്കി തുകയിൽ 70.69% സർക്കാരിൽ നിന്നുള്ള ഗ്രാന്റും 10.34% ഋണശീർഷക വരവുകളുമാണ്. സർക്കാർ ഗ്രാന്റുകൾ ലഭ്യമല്ലാത്ത സാഹചര്യം ഉണ്ടായാൽ അനിവാര്യ ചുമതലകൾ നിർവ്വഹിക്കാനുള്ള തുകകൾ പോലും കണ്ടെത്തുവാൻ നഗരസഭയ്ക്ക് സാധിക്കാതെ വരുന്ന സ്ഥിതി വിശേഷം ഉണ്ടാകും.

2. ബാലൻസ് ഷീറ്റ് പ്രകാരം നഗരസഭയുടെ നീക്കിയിരിപ്പ് (ബാങ്ക്/കൈയിരിപ്പ് പണം ഉൾപ്പെടെ) 26,29,65,632.52 രൂപയാണ് (ബി.17). ബാലൻസ് ഷീറ്റ് പ്രകാരം (B.7, B.4) 50,07,85,676.50 രൂപ തിരികെ നൽകാനുള്ള ഡെപ്പോസിറ്റ്

തുകയും പ്രത്യേക ആവശ്യ ഗ്രാന്റ് തുകയുമാണ്. ബാലൻസ് ഷീറ്റിലെ B.9 പ്രകാരം 11,66,87,998.47 രൂപ മറ്റ് ബാധ്യതകളുമാണ്.

3. നഗരസഭ റഗുലർ ജീവനക്കാർക്ക് 1/2010 മുതലും കണ്ടിജന്റ് ജീവനക്കാർക്ക് 7/2007 മുതലുള്ള ഡി.എ.കുടിശ്ശിക അനുവദിക്കാൻ ബാക്കിയുണ്ട്.

4. നഗരസഭ റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം (നഗരസഭ വിഹിതം ഉൾപ്പടെ) 06/2021 മുതലും കണ്ടിജന്റ് ജീവനക്കാരുടെ എൻ.പി.എസ് വിഹിതം (നഗരസഭ വിഹിതം ഉൾപ്പടെ) 07/2018 മുതലും ഒടുക്കാൻ ബാക്കിയായിട്ടുണ്ട്.

5. നഗരസഭ 2/20 മുതൽ വിരമിച്ച കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

6. നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ (01.07.2019 വിരമിച്ച) ശമ്പള പരിഷ്കരണ കുടിശ്ശിക നൽകാൻ ബാക്കിയുണ്ട്.

7. നഗരസഭ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ തുക അനുവദിക്കാൻ ബാക്കിയുണ്ട്.

1-14 വാർഷിക കണക്കിലെ അപാകതകൾ

2020-21 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന ന്യൂനതകൾ അറിയിച്ചു കൊണ്ട് 14.07.2021 തീയ്യതിയിലെ കെ.എസ്.എ.-ടി.എസ്.എം.1/235/2021 നമ്പർ പ്രകാരം നഗരസഭാ സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുണ്ട്. കത്തിൽ പരാമർശിച്ച അപാകതകൾ നാളിതു വരെയും പരിഹരിച്ചിട്ടില്ല.

1. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം നഗരസഭ തയ്യാറാക്കുന്ന വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ പറയുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തിക്കാണുന്നില്ല.

(A) ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്

(B) നോട്ട്സ് ടു അക്കൗണ്ട്

(C) ബന്ധപ്പെട്ട അക്കൗണ്ട്സ് മാന്വലിലെ ധനകാര്യ അനുപാതങ്ങൾ

2. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15 (1) (6) പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

(A) വായ്പകൾ എടുത്തതിന്റെയും വിനിയോഗിച്ചതിന്റെയും പത്രികകൾ

(B) തൻവർഷം ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികളുടെയും ഓരോ പ്രവൃത്തികൾക്കുമായി ചെലവഴിച്ച തുകയുടെയും ഫണ്ടിൽ മിച്ചമുള്ള തുകകളുടെയും (ഉണ്ടെങ്കിൽ) വിവരങ്ങൾ കാണിക്കുന്ന പത്രികകൾ

3. മുനിസിപ്പാലിറ്റിയുടെ തനത് വരുമാനമായി കണക്കാക്കാവുന്ന നികുതിയേതര വരുമാനങ്ങളിൽപ്പെട്ട ഫീസ് ഉൾപ്പെടുന്ന RP4 ലെ Bus Stand Fees 10,11,000/- രൂപയായി കാണിച്ചിട്ടുണ്ടെങ്കിലും 1-4(b) ഷെഡ്യൂളിൽ പ്രസ്തുത ഫീസ് 39,17,000 രൂപയാണ് കാണിച്ചിരിക്കുന്നത്. മാത്രമല്ല 1-4(b) ലെ License Fees For Dangerous And Offensive Traders(IFTE &OS) എന്ന ഇനം RP-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

4. പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനും ചെലവ് ചെയ്യുന്നതിനുമായി ലഭിക്കുന്ന ഫണ്ട് RP-24 എന്ന ഷെഡ്യൂളിലെ മൂന്നിൽ തുടങ്ങുന്ന ഹെഡ്ഡിലുള്ള ഇനങ്ങൾ ചെലവ് ചെയ്യുമ്പോൾ അത്രയും സമാനമായ തുക മൂന്നിൽ/ഒന്നിൽ തുടങ്ങുന്ന ഹെഡ്ഡിലേക്ക് മാറ്റേണ്ടതാണ്. എന്നാൽ RP-24 ൽ 77,960,937 ഉം 10,200 ഉം എന്ന് ഉൾപ്പെടുത്തിയതായി കാണുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. വാർഷിക ധനകാര്യ പത്രികയിലെ താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളുടെ ഡിമാന്റിൽ നിന്ന് കലക്ഷൻ കുറയ്ക്കുമ്പോൾ ലഭിക്കുന്ന ബാലൻസ് B-15ഷെഡ്യൂളിലെ ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് [I-1, I-4(b), I-3] | കലക്ഷൻ | | | ബാലൻസ് (B-15) | ഡിമാന്റ് കലക്ഷൻ എന്നിവ തമ്മിലുള്ള വ്യത്യാസം (2)-(5) |
|---|---|---|---|---|---|---|
| | | തൻവർഷ കലക്ഷൻ (RP-37, RP-1) | അഡ്വാൻസ് കലക്ഷൻ (2019-20 AFS, B-9) | ആകെ | | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| വസ്തു നികുതി | 6,04,79,265 | 3,85,11,315 | 51,44,190 | 4,36,55,505 | 2,11,15,297 | 1,68,23,760 |

| | | | | | | |
|---|---|---|---|---|---|---|
| തൊഴിൽനികുതി (ഇൻസ്റ്റിറ്റ്യൂഷൻ/ പ്രൊഫഷണൽസ്/ ട്രേഡേഴ്സ്) | 50,01,324 | 43,60,785 | -- | 43,60,785 | | 6,40,539 |
| ഡി&ഒ ലൈസൻസ് ഫീസ് | 60,43,300 | 11,54,425 | 51,44,190 | 62,98,615 | 49,17,991.44 | (-)2,55,315 |

വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഡി& ഒ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റിനേക്കാൾ കൂടുതൽ തുക കലക്ഷൻ തുകയായി കാണിച്ചിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

6. നഗരസഭയിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും B-17 ഷെഡ്യൂളിൽ ഇത് ഉൾപ്പെടുത്തിക്കാണുന്നില്ല.

7. അക്രൂവൽ ഇല്ലാത്ത I-3 യിലെ വരവിനങ്ങൾ RP-3 വരവിനങ്ങളുമായി പൊരുത്തപ്പെടേണ്ടതാണ്. I-3 യിൽ ഉൾപ്പെട്ട വരവിനങ്ങൾ RP-3 യിൽ ഉൾപ്പെടുത്താത്തതും ഷെഡ്യൂളുകളിലെ തുകകൾ തമ്മിലെ വ്യത്യാസത്തിന്റെ വിശദാംശവും ചുവടെ ചേർക്കുന്നു.

| വരവിനം | I-3 | RP-3 |
|---|---|---|
| Rent Form Markets | 9,84,500 | ഉൾപ്പെടുത്തിയിട്ടില്ല |
| Rent From Shopping Complex | 2,52,62,605 | ഉൾപ്പെടുത്തിയിട്ടില്ല |

I-3 ഷെഡ്യൂളിൽ ഉൾപ്പെട്ട വരവിനങ്ങൾ RP-3 ഷെഡ്യൂളിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

I-15 ബജറ്റിൽ രേഖപ്പെടുത്തുന്ന യഥാർത്ഥ തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

തലശ്ശേരി നഗരസഭ 30.06.2021ന് ഈ ഓഫീസിൽ സമർപ്പിച്ച (28.07.2021 ന് എയിംസ് മുഖാന്തിരം സമർപ്പിച്ച) 2020-21 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവ് തുകകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ച 2022-23 വർഷത്തെ വാർഷിക ബജറ്റിൽ 2020-21 വർഷത്തെ യഥാർത്ഥ കണക്കുകളായി കാണിച്ച തുകകളുമായി പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ശീർഷകം | ബജറ്റ് പ്രകാരമുള്ള തുക | വാർഷിക കണക്കുകൾ പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | പരസ്യനികുതി | 11011101 | 0 | 17945 |
| 2 | മറ്റു നികുതികൾ | 1108099 | 0 | 140 |
| 3 | സ്റ്റേഡിയം വാടക | 1301003 | 0 | 26400 |
| 4 | അതിഥി മന്ദിരങ്ങളിൽ നിന്നുള്ള വാടക | 1303001 | 0 | 14088 |
| 5 | ഭൂമി പാട്ടത്തിനു നൽകിയത് | 1304001 | 0 | 22960 |
| 6 | കരാറുകാരുടെ രജിസ്ട്രേഷൻ ഫീ | 1401003 | 10000 | 0 |
| 7 | സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് | 1401101 | 6030150 | 1154425 |
| 8 | ഫൈനുകൾ | 1402003 | 0 | 2677030 |
| 9 | തെരച്ചിൽ ഫീസ് | 1404009 | 0 | 523 |
| 10 | മറ്റു ഫീസുകൾ | 1404099 | 0 | 1734235 |
| 11 | ഡിവിഡന്റ് | 1702001 | 15000 | 0 |
| 12 | മറ്റു പലിശകൾ | 1718002 | 0 | 2514 |
| 13 | വികസനഫണ്ട് (സാധാരണ വിഹിതം) | 1601001 | 91426165 | 80338449 |
| 14 | വികസനഫണ്ട് | 1601002 | 7394173 | 6705779 |

| | | | | |
|---|---|---|---|---|
| | (എസ്.സി.പി) | | | |
| 15 | വികസനഫണ്ട് (സി.എഫ്.സി) | 1601004 | 111450932 | 96657200 |
| 16 | വികസനഫണ്ട് (സി.എഫ്.സി-പെർഫോമൻസ് ഗ്രാന്റ്) | 1601008 | 0 | 14793732 |
| 17 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 160100401 | 55701000 | 48607541 |
| 18 | മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) | 160100402 | 17856992 | 16686843 |
| 19 | യു.ഐഡി.എസ്.എം.ടി ഗ്രാന്റ് | 160100800 | 0 | 35964508 |
| 20 | പ്രത്യേക ഗ്രാന്റുകൾ | 1601011 | 0 | 151186 |
| 21 | മറ്റു റവന്യൂ ഗ്രാന്റുകൾ | 1601099 | 0 | 7915652 |
| 22 | ഗുണഭോക്തൃ വിഹിതം | 1603002 | 0 | 107575 |
| 23 | കൈമാറിക്കിട്ടിയ ചുമതലകൾക്കുള്ള ഫണ്ടുകൾ | 1601003 | 1846321 | 0 |
| 24 | എം.പി., എം.എൽ.എ ഫണ്ട് | 3117201 | 4775785 | 4200917 |
| 25 | ശമ്പളം | 2101001 | 88290670 | 1274221 |
| 26 | റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിഹിതം | 2103001 | 1520000 | 1584582 |
| 27 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിഹിതം | 2103002 | 1520000 | |
| 28 | പങ്കാളിത്ത പെൻഷൻ പദ്ധതി | 2103005 | 2948230 | 2383214 |
| 29 | ആർജ്ജിതാവധി പണമാക്കൽ | 2104001 | 1090991 | 0 |
| 30 | ഇൻഷ്വറൻസ് | 2204001 | 15557 | 105693 |
| 31 | പത്രപ്പരസ്യ ചാർജ്ജ് | 2206001 | 423524 | 44270 |

ഈ വിഷയത്തിൽ 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 76) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 ദുരിതാശ്വാസ നിധി

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ദുരിതാശ്വാസ നിധി സംബന്ധിച്ച വിവരം നഗരസഭയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 വർഷത്തെ ദുരിതാശ്വാസ നിധി കണക്കുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14,42,973.35 |
| വരവ് (ബാങ്ക് പലിശ ഉൾപ്പെടെ) | 73,460.00 |
| ആകെ വരവ് | 15,16,433.35 |
| ചെലവ് | 3,25,500.00 |
| നീക്കിയിരിപ്പ് | 11,90,933.35 |

| പൊരുത്തപ്പെടുത്തൽ | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 11,90,933.35 |
| (+) പണമാക്കാത്ത ചെക്കുകൾ | 59,000.00 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | 12,49,933.35 |

1-17 വാർഡ്സഭ-സംഘാടനം

2015 ലെ കേരള മുനിസിപ്പാലിറ്റി (വാർഡുകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ 4ാം ചട്ടം പ്രകാരം വാർഡ് സഭകളുടെ കൺവീനർ മൂന്ന് മാസത്തിലൊരിക്കൽ വാർഡ്സഭ യോഗം വിളിച്ചുകൂട്ടേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും 2020-21 സാമ്പത്തിക വർഷത്തിൽ കോവിഡ് വ്യാപനം കാരണം വാർഡ്സഭകളൊന്നും തന്നെ നടന്നിട്ടില്ല.

1-18 അനധികൃത നിർമ്മാണങ്ങൾക്ക് 84,61,166 രൂപ വസ്തുനികുതികുടിശ്ശിക

നഗരസഭയിലെ വസ്തുനികുതി പരിശോധനയുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണങ്ങളുടെ വസ്തുനികുതിയുടെ സഞ്ചയയിൽ നിന്നും ലഭ്യമായ ഡിമാൻറ്, കലക്ഷൻ വിവരം പരിശോധിച്ചതിൽ 2020-21 വർഷം വരെ വൻതുക വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു.

വിവിധ ഉപയോഗക്രമത്തിലുള്ള അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശികയുടെ വിവരം ചുവടെ പറയുന്നു.

I. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗക്രമം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| 1 | 45/1912 /A(UAC) | 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള, സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ | 1939840 |
| 2 | 47/166 /A(UAC) | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 338090 |
| 3 | 47/166 /B(UAC) | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 559270 |
| 4 | 47/1680 /F1(UAC) | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 286220 |
| 5 | 45/1929 /A(UAC) | 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 62704 |
| 6 | 47/1680 /F2/(UAC) | 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 108295 |
| 7 | 48/1045 /A(UAC) | 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 247440 |

| | | | |
|---|---|---|---|
| 8 | 48/1045 /B(UAC) | 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 222712 |
| 9 | 48/1045 /C(UAC) | 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള, ഹോട്ടൽ, റസ്റ്റോറന്റുകൾ, ഗോഡൗൺ ഷോപ്പുകൾ | 339776 |
| | ആകെ | | 4104347 |

II. വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങൾ

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗക്രമം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| 1 | 45/3488/A(UAC) | ഇതരവ്യവസായാവശ്യം | 16390 |
| | ആകെ | | 16390 |

III. മൊബൈൽ ടവറുകൾ

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉപയോഗക്രമം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|
| 1 | 9/449/A(UAC) | മൊബൈൽ ടവറുകൾ | 115650 |
| 2 | 10/485/A(UAC) | മൊബൈൽ ടവറുകൾ | 159025 |
| 3 | 10/496/A(UAC) | മൊബൈൽ ടവറുകൾ | 159025 |
| 4 | 13/204/A(UAC) | മൊബൈൽ ടവറുകൾ | 159025 |
| 5 | 13/206/B(UAC) | മൊബൈൽ ടവറുകൾ | 159025 |
| 6 | 17/439/A(UAC) | മൊബൈൽ ടവറുകൾ | 159025 |
| 7 | 17/729/A(UAC) | മൊബൈൽ ടവറുകൾ | 159025 |
| 8 | 19/151/A(UAC) | മൊബൈൽ ടവറുകൾ | 28913 |
| 9 | 24/240/A(UAC) | മൊബൈൽ ടവറുകൾ | 115650 |
| 10 | 34/340/C(UAC) | മൊബൈൽ ടവറുകൾ | 115650 |
| 11 | 34/340/D(UAC) | മൊബൈൽ ടവറുകൾ | 115650 |
| 12 | 39/490/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 13 | 43/488/(UAC) | മൊബൈൽ ടവറുകൾ | 173475 |
| 14 | 44/399/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 15 | 45/259/A(UAC) | മൊബൈൽ ടവറുകൾ | 173475 |

| | | | |
|---|---|---|---|
| 16 | 45/2530/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 17 | 45/2641/A81 | മൊബൈൽ ടവറുകൾ | 173475 |
| 18 | 47/350/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 19 | 47/350/B(UAC) | മൊബൈൽ ടവറുകൾ | 173475 |
| 20 | 47/350/C(UAC) | മൊബൈൽ ടവറുകൾ | 173475 |
| 21 | 48/561/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 22 | 48/1170/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 23 | 49/303/A(UAC) | മൊബൈൽ ടവറുകൾ | 173475 |
| 24 | 52/479/A(UAC) | മൊബൈൽ ടവറുകൾ | 144565 |
| | ആകെ | | 3671928 |

IV. പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വസ്തുനികുതി കുടിശ്ശിക |
|---|---|---|
| 1 | 10/189/(UAC) | 6832 |
| 2 | 10/190/(UAC) | 10960 |
| 3 | 14/278/A(UAC) | 23086 |
| 4 | 16/94/(UAC) | 19008 |
| 5 | 16/99/A(UAC) | 45032 |
| 6 | 16/99/B(UAC) | 28296 |
| 7 | 16/126/(UAC) | 8640 |
| 8 | 16/155/(UAC) | 11792 |
| 9 | 16/172/(UAC) | 15472 |
| 10 | 16/173/(UAC) | 18584 |
| 11 | 16/173/A(UAC) | 24672 |
| 12 | 16/224/(UAC) | 22312 |
| 13 | 16/256/B(UAC) | 18976 |
| 14 | 16/256/C(UAC) | 14632 |
| 15 | 16/279/(UAC) | 27864 |
| 16 | 16/306/A(UAC) | 31904 |
| 17 | 34/417/A | 5684 |
| 18 | 37/30/A(UAC) | 27992 |
| 19 | 37/100/A(UAC) | 965 |
| 20 | 37/110/A(UAC) | 8464 |
| 21 | 37/116/A(UAC) | 3584 |
| 22 | 37/118/A(UAC) | 7632 |
| 23 | 37/118/B(UAC) | 6088 |

| | | |
|---|---|---|
| 24 | 37/118/C(UAC) | 8496 |
| 25 | 37/147/A(UAC) | 8960 |
| 26 | 37/149/(UAC) | 10352 |
| 27 | 37/149/A(UAC) | 4170 |
| 28 | 37/152/A(UAC) | 6616 |
| 29 | 37/203/A(UAC) | 8152 |
| 30 | 37/306/A(UAC) | 31904 |
| 31 | 37/433/A(UAC) | 5960 |
| 32 | 37/433/B(UAC) | 7568 |
| 33 | 37/433/C(UAC) | 7536 |
| 34 | 37/456/A(UAC) | 9544 |
| 35 | 37/456/B(UAC) | 5872 |
| 36 | 37/466/A(UAC) | 5168 |
| 37 | 37/466/B(UAC) | 5256 |
| 38 | 37/466/C(UAC) | 5656 |
| 39 | 37/467/A(UAC) | 5472 |
| 40 | 37/468/A(UAC) | 8000 |
| 41 | 37/490/A(UAC) | 10408 |
| 42 | 37/490/B(UAC) | 7448 |
| 43 | 37/490/C(UAC) | 7296 |
| 44 | 37/490/D(UAC) | 10992 |
| 45 | 37/490/E(UAC) | 2416 |
| 46 | 38/554/A(UAC) | 6807 |
| 47 | 41/30/A(UAC) | 20994 |
| 48 | 41/146/A(UAC) | 4167 |
| 49 | 49/489/A(UAC) | 4146 |
| 50 | 52/2/(UAC) | 11368 |
| 51 | 52/3/(UAC) | 19384 |
| 52 | 52/4/(UAC) | 20616 |
| 53 | 52/5/(UAC) | 8280 |
| 54 | 52/6/(UAC) | 1026 |
| | ആകെ | 668501 |

മേൽ പ്രകാരം അനധികൃതകെട്ടിടങ്ങളുടെ 2020-21 വർഷം വരെയുള്ള വസ്തുനികുതികുടിശ്ശിക 84,61,166 രൂപയാണ്. അനധികൃതനിർമ്മാണങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദവിവരവും റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കുന്നതിനായി അനധികൃതകെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയായി തുടരുന്നത് സംബന്ധിച്ച് 16.05.2022 തീയ്യതിയിൽ നൽകിയ 75/2020-21നമ്പറിലുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃതകെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുകയിൽ കാലഹരണപ്പെട്ട തുക ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 വേക്കൻസി റമിഷൻ-അപാകതകൾ

2020-21 വർഷത്തെ വസ്തു നികുതി പരിശോധനയുമായി ബന്ധപ്പെട്ട് വേക്കൻസി റമിഷൻ അനുവദിച്ചതിന്റെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

2011ലെ കേരള മുൻസിപ്പാലിറ്റി (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(3)ൽ ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി ഇളവ് രജിസ്റ്റർ ഫോറം 11 ൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ

സൂക്ഷിക്കേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും നഗരസഭയിൽ 2020-21വർഷം വേക്കൻസി റമിഷൻ രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. തൻവർഷം നഗരസഭയിലെ എല്ലാ വാർഡുകളിലും വേക്കൻസി റമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ ലഭ്യമല്ല. 2020-21 ഒന്നാം അർദ്ധവർഷം വേക്കൻസി റമിഷൻ അനുവദിച്ച 12, 45 മുതൽ 52 വാർഡുകളിലെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. വേക്കൻസി റമിഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സഞ്ചയയിൽ വേക്കൻസി റമിഷൻ രജിസ്റ്റർ ലഭ്യമല്ല. ആയതിനാൽ തൻവർഷം വേക്കൻസി റമിഷൻ അനുവദിച്ചതുവഴി നഗരസഭയുടെ വസ്തുനികുതി വരവിലുണ്ടായ കുറവ് കൃത്യമായി തിട്ടപ്പെടുത്താനാവുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ നമ്പർ 72/ 2020-21 തീയതി: 16.05.22 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല.

1-20 തൊഴിൽ നികുതി പരിശോധന-അപാകതകൾ

നഗരസഭയിലെ 2020-21 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. ഡി&ഒ രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച എല്ലാ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭയിലെ 2020-21 വർഷത്തെ ഡി&ഒ രജിസ്റ്ററും തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റും പരിശോധിച്ചപ്പോൾ ചില വാർഡുകളിലെ തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റിലുള്ളവരുടെ എണ്ണം ഡി&ഒ രജിസ്റ്ററിലുള്ളതിനെക്കാൾ കുറവായി കാണുന്നു. വിശദവിവരം ചുവടെ പറയുന്നു.

| വാർഡ് നം | തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റിലുള്ളവരുടെ എണ്ണം | | ഡി&ഒ രജിസ്റ്ററിലുള്ള ലൈസൻസുകളുടെ എണ്ണം |
|---|---|---|---|
| | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | |
| 3 | 32 | 28 | 36 |
| 4 | 25 | 26 | 30 |
| 5 | 11 | 11 | 17 |
| 6 | 16 | 16 | 17 |
| 7 | 78 | 80 | 87 |
| 9 | 23 | 23 | 29 |
| 14 | 50 | 41 | 66 |
| 15 | 28 | 33 | 35 |
| 18 | 33 | 34 | 37 |
| 23 | 26 | 30 | 34 |
| 24 | 52 | 54 | 55 |
| 26 | 33 | 33 | 39 |
| 27 | 7 | 7 | 9 |
| 28 | 26 | 27 | 31 |
| 34 | 9 | 9 | 12 |
| 36 | 36 | 36 | 45 |
| 37 | 34 | 35 | 44 |
| 39 | 40 | 44 | 53 |
| 41 | 11 | 12 | 18 |
| 42 | 15 | 15 | 17 |
| 43 | 122 | 108 | 123 |
| 45 | 1733 | 1736 | 1886 |
| 46 | 22 | 22 | 33 |

മേൽ പൊരുത്തക്കേടുകൾ സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.73/2020-21 തീയ്യതി: 16.05.2022 ) മറുപടി ലഭ്യമല്ല.

2. വാർഷികധനകാര്യപത്രികയിലെയും നഗരസഭ ലഭ്യമാക്കിയ രേഖകളിലെയും (നഗരസഭ തയ്യാറാക്കി സൂക്ഷിച്ച

ഡി.സി.ബി രജിസ്റ്റർ) തൊഴിൽ നികുതി കുടിശ്ശിക വിവരം പൊരുത്തപ്പെടുന്നില്ല.

നഗരസഭ ലഭ്യമാക്കിയ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാൻറ്, കലക്ഷൻ വിവരം പരിശോധിച്ചപ്പോൾ 6,49,680 രൂപ പിരിച്ച് കിട്ടാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ വാർഷികധനകാര്യപത്രിക B-15 ഷെഡ്യൂൾ പ്രകാരം 4,325,743 രൂപയാണ് തൻവർഷത്തെ തൊഴിൽ നികുതി കുടിശ്ശിക.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നമ്പർ.78 /2020-21 തീയ്യതി:16.05.2022 മറുപടി സമർപ്പിച്ചിട്ടില്ല.

3. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

തലശ്ശേരി ജനറൽ ആശുപത്രിയിലെ ആശുപത്രി മാനേജിംഗ് കമ്മിറ്റി നിലവിലുള്ള അധികാരങ്ങളുപയോഗിച്ച് ആശുപത്രിയിൽ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നുണ്ട്. 2020-21 വർഷം ഇപ്രകാരം ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പേവാർഡ് ക്ലീനർ, ഇലക്ട്രീഷ്യൻ, ആംബുലൻസ് ഡ്രൈവർ, ഇൻസിനറേറ്റർ അസിസ്റ്റന്റ് കം സ്കാവഞ്ചർ, ധോബി തുടങ്ങിയ തസ്തികകളിലായി പത്തോളം ജീവനക്കാർ ജോലി ചെയ്തതായി 2020-21 വർഷത്തെ എച്ച്.എം.സി ഓഡിറ്റുമായി ബന്ധപ്പെട്ട പരിശോധനകളിൽ നിന്നും വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരിൽ നിന്നും നഗരസഭ 2020-21 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നം. 61/2020-21 തീയ്യതി: 11.05.2022 ൽ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നതിൽ നിന്നും ഒഴിവായിപ്പോയ സ്ഥാപനങ്ങളെയും വ്യക്തികളെയും സംബന്ധിച്ച് വിശദപരിശോധന നടത്തി നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള ഊർജ്ജിതനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 IFTE&OS ലൈസൻസ് പരിശോധന - അപാകതകൾ.

നഗരസഭയുടെ 2020-21 വർഷത്തെ IFTE&OS ലൈസൻസുമായി ബന്ധപ്പെട്ട് നഗരസഭ ലഭ്യമാക്കിയ രജിസ്റ്ററുകളും സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. 2020-21 വർഷത്തെ IFTE&OS ലൈസൻസിന്റെ ഡിമാന്റ്-കലക്ഷൻ-ബാലൻസ് സംക്ഷിപ്തം ബന്ധപ്പെട്ട രജിസ്റ്ററുകളിൽ എഴുതിത്തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

2. എല്ലാ വാർഡുകളിലെ രജിസ്റ്ററുകളിലും തൻവർഷം ലൈസൻസ് റദ്ദാക്കിയതിന്റെയും പുതുതായി ലൈസൻസ് നൽകിയതിന്റെ വിവരങ്ങൾ എഴുതിച്ചേർത്തിട്ടില്ല. സഞ്ചയയിലും പ്രസ്തുതവിവരം ലഭ്യമല്ല.

3. സഞ്ചയയിൽ നിന്നും ലഭ്യമായ ലൈസൻസുകളുടെ എണ്ണവും നഗരസഭ സമർപ്പിച്ച ഡി & ഒ രജിസ്റ്ററുകളിൽ ലഭ്യമായതും പൊരുത്തപ്പെടുന്നില്ല. ചില വാർഡുകളിലെ ആകെ ലൈസൻസുകളുടെ എണ്ണം സഞ്ചയയിൽ നിന്നും ലഭ്യമായതും നഗരസഭ സമർപ്പിച്ച ഡി & ഒ രജിസ്റ്ററുകളിൽ ലഭ്യമായതും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു.

4. രജിസ്റ്ററുകളിൽ ചേർത്തിട്ടുള്ള വരവുതുകകളെ ലൈസൻസ് ഫീസ്, പിഴ എന്നിങ്ങനെ വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല.

5. നഗരസഭയുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ട്രേഡേഴ്സ് ലിസ്റ്റും ഡി&ഒ രജിസ്റ്ററും പരിശോധിച്ചപ്പോൾ ചില വാർഡുകളിൽ ട്രേഡേഴ്സ് ലിസ്റ്റിലുള്ള എല്ലാ വ്യാപാരസ്ഥാപനങ്ങളും ഡി&ഒ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വിശദവിവരം ചുവടെ പറയുന്നു.

| വാർഡ് നമ്പർ | 2020-21 Iാം അർദ്ധ വർഷം ട്രേഡേഴ്സ് ലിസ്റ്റിലുള്ളവരുടെ എണ്ണം | 2020-21 IIാം അർദ്ധ വർഷം ട്രേഡേഴ്സ് ലിസ്റ്റിലുള്ളവരുടെ എണ്ണം | ഡി&ഒ രജിസ്റ്ററിലുള്ള സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 75 | 79 | 72 |
| 2 | 14 | 14 | 13 |
| 8 | 24 | 21 | 20 |
| 10 | 107 | 109 | 100 |
| 11 | 61 | 60 | 55 |
| 13 | 59 | 57 | 46 |
| 17 | 202 | 200 | 153 |
| 19 | 38 | 40 | 29 |
| 20 | 24 | 25 | 7 |
| 25 | 56 | 62 | 55 |
| 29 | 14 | 14 | 13 |
| 31 | 27 | 27 | 25 |

| | | | |
|---|---|---|---|
| 32 | 58 | 58 | 57 |
| 33 | 13 | 13 | 12 |
| 35 | 7 | 7 | 5 |
| 38 | 54 | 54 | 49 |
| 40 | 40 | 40 | 17 |
| 47 | 563 | 555 | 556 |
| 48 | 369 | 369 | 322 |
| 49 | 97 | 97 | 83 |
| 50 | 90 | 93 | 76 |
| 52 | 34 | 37 | 30 |

ഡി&ഒ രജിസ്റ്ററിലുള്ള പൊരുത്തക്കേടുകൾ കാരണം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാവുന്നില്ല. തൻവർഷം ലൈസൻസ് ഫീസിനത്തിലുണ്ടായ നഷ്ടം കൃത്യമായി തിട്ടപ്പെടുത്താനാവുന്നില്ല.

നമ്പർ 62/2020-21 തീയ്യതി: 11.05.2022, 79/2020-21 തീയ്യതി: 16.05.2022 എന്നിവ പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാക്രമം നമ്പർ എ3/14714/22 തീയതി: 04.06.2022, എ3/15046/22 തീയതി: 04.06.2022 പ്രകാരം ഹെൽത്ത് സൂപ്പർവൈസർ സമർപ്പിച്ച മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്. നഗരസഭാപ്രദേശത്തിനുള്ളിൽ വ്യാപാരസ്ഥാപനങ്ങളും മറ്റും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 തലശ്ശേരി ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കാന്റീനിന്റെയും കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെയും ലൈസൻസ് വിവരം ലഭ്യമല്ല.

2020-21 വർഷത്തെ തലശ്ശേരി ജനറൽ ആശുപത്രി എച്ച്.എം.സി ഓഡിറ്റുമായി ബന്ധപ്പെട്ട പരിശോധനയിൽ ആശുപത്രി കാന്റീനിൽ പഴകിയതും ആരോഗ്യകരമല്ലാത്തതുമായ ഭക്ഷണം വിതരണം ചെയ്യുന്നതായി പരാതി ലഭിച്ചതായും ആശുപത്രിയിലെ ഗ്രേഡ് I JHI ശ്രീ.വത്സതിലകൻ എന്നവർ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയപ്പോൾ പരാതി വാസ്തവമാണെന്ന് ബോധ്യപ്പെട്ടതായും ടി കാര്യം കാന്റീൻ കമ്മിറ്റിയെ അറിയിച്ചതായും കോവിഡ് രോഗികൾക്കും കോവിഡ് ഡ്യൂട്ടിയിലുള്ള ജീവനക്കാർക്കും ഭക്ഷണം വിതരണം ചെയ്യാൻ ആശുപത്രി കാന്റീനിൽ നിന്നും സാധിക്കുകയില്ലെന്നും അറിയിച്ചതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാന്റീനിന്റെ ആരോഗ്യകരമല്ലാത്ത പ്രവർത്തനത്തിനെതിരെ നഗരസഭയുടെ ആരോഗ്യവിഭാഗം നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. എച്ച്.എം.സിയുടെ കീഴിലുള്ള സബ്കമ്മിറ്റിയുടെ നിയന്ത്രണത്തിലാണ് കാന്റീൻ പ്രവർത്തിക്കുന്നത്.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തലശ്ശേരി ജനറൽ ആശുപത്രി കോമ്പൗണ്ടിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന കാന്റീനും കോ-ഓപ്പറേറ്റീവ് സ്റ്റോറിനും 2020-21 വർഷം ലൈസൻസ് നൽകിയതിന്റെ വിവരവും മേൽ സ്ഥാപനങ്ങളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കുന്നതിനായി നമ്പർ 63/2020-21 തീയ്യതി: 11.05.2022 ഓഡിറ്റ് അന്വേഷണപ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല.

1-23 വാടക സംബന്ധിച്ച വാർഷിക കണക്കുകളിലെ പൊരുത്തമില്ലായ്മയും വ്യക്തമായ കണക്കുകളുടെ സൂക്ഷിപ്പിലെ പരാജയവും

ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ എന്നിവയുടെ 2020-21 സാമ്പത്തിക വർഷത്തെ വാടക വരവ് സംബന്ധിച്ച് പരിശോധന നടത്തിയതിൽനിന്നും വാർഷികമായി ക്രോഡീകരിക്കപ്പെട്ട കണക്കുകളുടെ അഭാവം നഗരസഭയിലെ വാടക ഡിമാന്റ്, പിരിവ്, കുടിശ്ശിക എന്നിവ സംബന്ധിച്ച വിശ്വാസയോഗ്യമായ ചിത്രം ലഭിക്കുന്നതിന് തടസ്സമാകുന്നുണ്ട്. വാർഷിക കണക്കിലെ തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല എന്നത് യാഥാർത്ഥ്യ ബന്ധമില്ലാത്ത കണക്കുകളാണ് സാംഖ്യയിലുമുള്ളത് എന്നതിന്റെ സൂചനയാണ്. സാംഖ്യയിൽ ഹെഡുകൾ മാറി തുകകൾ രേഖപ്പെടുത്തുന്നത് വാർഷിക കണക്കിൽ കൃത്യമായ കണക്കുകൾ ലഭ്യമാകുന്നതിന് തടസ്സമാകുന്നുണ്ട്. നഗരസഭയിൽ സൂക്ഷിച്ചുവരുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ വാടക വരവു സംബന്ധിച്ച സംക്ഷിപ്തങ്ങൾ രേഖപ്പെടുത്താത്തതും കുടിശ്ശിക സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവമാണ് കാണിക്കുന്നത്. വാടക വരവ് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റുകൾ എന്നിവയുടെ ഡിമാന്റ്-കലക്ഷൻ-ബാലൻസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് (I-3 ഷെഡ്യൂൾ, 2020-21, AFS) | കലക്ഷൻ | | | ബാലൻസ് [B-15 ഷെഡ്യൂൾ; Rent Receivable From Civic Amenities (Current)] | ഡിമാന്റിൽനിന്ന് കലക്ഷൻ കുറവ് ചെയ്യുമ്പോൾ ലഭിക്കേണ്ടത് [(2)-(5)] |
|---|---|---|---|---|---|---|
| | | കലക്ഷൻ [2020-21 AFS, RP-37; Rent Receivable From Civic Amenities (Current)] | അഡ്വാൻസ് കലക്ഷൻ (B-9 ഷെഡ്യൂൾ; 2019-20 AFS) | ആകെ | | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| ഷോപ്പിംഗ് കോംപ്ലക്സുകൾ | 2,52,62,605 | 2,07,55,153 | 65 | 2,07,55,218 | 1,81,42,151 | 54,91,887 |
| മാർക്കറ്റുകൾ | 9,84,500 | | | | | |
| ആകെ | 2,62,47,105 | 2,07,55,153 | 65 | 2,07,55,218 | 1,81,42,151 | 54,91,887 |

മേൽ പട്ടികയിലെ കണക്കിൽ കോളം (2) ലെ ഡിമാന്റ് തുകയിൽനിന്ന് കോളം (5) ലെ കലക്ഷൻ കുറവ് ചെയ്യുമ്പോൾ കോളം (7) ലെ തുകയായ 54,91,887 രൂപയാണ് ലഭിക്കേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 1,81,42,151 രൂപയാണ് വാടകയിനത്തിൽ പിരിഞ്ഞു കിട്ടാൻ ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നത്. ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളുമായി ബന്ധപ്പെട്ട ലെഡ്ജർ പരിശോധിച്ചതിൽനിന്നും Rent Receivable From Civic Amenities (Current) എന്ന ഹെഡിൽ മുൻവർഷങ്ങളിലെ വാടക കുടിശ്ശികകൾ, പരസ്യനികുതി (50,000 രൂപ), ബസ്സ്റ്റാന്റ് ഫീസ് (29,06,000രൂപ) എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലെ പിരിച്ചെടുക്കാൻ ബാക്കിയുള്ള വാടക കുടിശ്ശികകളും മേൽ സൂചിപ്പിച്ച മറ്റുവരവുകളിലെ പിരിച്ചെടുക്കാൻ ബാക്കിയുള്ള കുടിശ്ശികകളും Rent Receivable From Civic Amenities (Current) എന്ന ഹെഡിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. വാർഷിക കണക്കിലെ തുകകൾ തമ്മിൽ പരസ്പരം പൊരുത്തപ്പെടുന്നില്ല.

2. ഷോപ്പിംഗ് കോംപ്ലക്സുകൾ മാർക്കറ്റുകൾ എന്നിവയുടെ വാടകകൾ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവ് ആയതിനാൽ മുൻകൂട്ടിത്തന്നെ ഡിമാന്റ് കണക്കാക്കേണ്ടതാണ്. നഗരസഭയിലെ വാടക ഡിമാന്റ് രജിസ്റ്ററുകൾ സാമ്പിളായെടുത്ത് പരിശോധിച്ചതിൽനിന്നും കടമുറികളുടെ വാർഷിക ഡിമാന്റ് ഓരോ പേജിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു രജിസ്റ്ററിലെ മുഴുവൻ കടമുറികളുടെയും ഡിമാന്റുകൾ കൂട്ടിയിട്ട് ആകെ വാർഷിക ഡിമാന്റ് എത്രയെന്ന് കണ്ടെത്തിയിട്ടില്ല. വാടക സംബന്ധിച്ച കൃത്യമായ ഡിമാന്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ വാടക പിരിവ് എത്ര ശതമാനമാണെന്നോ തൻവർഷത്തെ വാടക കുടിശ്ശിക എത്രയെന്നോ കണ്ടെത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. നഗരസഭയിലെ മുഴുവൻ മുറികളുടെയും വാടകയിനത്തിലെ ഡിമാന്റുകളുടെ സംക്ഷിപ്തം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നതും സാമ്പിളായെടുത്ത ഡിമാന്റ് രജിസ്റ്ററുകളിൽ പ്രതിമാസ വാർഷിക സംക്ഷിപ്തങ്ങൾ തയ്യാറാക്കിയിട്ടില്ല എന്നതും സൂചിപ്പിക്കുന്നത് 2020-21 വർഷത്തെ വാർഷിക ഡിമാന്റ് തയ്യാറാക്കിയിട്ടില്ല എന്നതാണ്. നഗരസഭയിൽ സൂക്ഷിക്കുന്ന ഡിമാന്റ് രജിസ്റ്ററുകളിലെ വാടക ഡിമാന്റുകൾ ക്രോഡീകരിച്ച് വാർഷിക ഡിമാന്റ് കണ്ടെത്താതെ വാർഷിക ധനകാര്യ പത്രികയിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെയും മാർക്കറ്റുകളുടെയും വാടകയിനത്തിലെ ഡിമാന്റ് ആയി കാണിച്ചിരിക്കുന്ന തുകയായ 2,62,47,105 രൂപ (I-3 ഷെഡ്യൂൾ കാണുക) കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ശരിയായ ഡിമാന്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ വാടകയിനത്തിലെ മുഴുവൻ ഡിമാന്റും തൻവർഷം പിരിച്ചെടുത്തിട്ടുണ്ടോ എന്ന് അന്വേഷണ വിധേയമാക്കേണ്ടതും വാടക കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം തൻവർഷം Rent Receivable From Civic Amenities (Current) എന്ന ഹെഡിൽ 1,81,42,151 രൂപ കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നില്ക്കുന്നുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന ഡിമാന്റിൽനിന്ന് വരവ് കുറവ് ചെയ്യുമ്പോൾ ലഭിക്കുന്നത് 54,91,887 രൂപയാണ്. മുൻവർഷങ്ങളിലെ കുടിശ്ശികയും തൻവർഷത്തെ കുടിശ്ശികയും പ്രസ്തുത ഹെഡിൽത്തന്നെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഏതൊക്കെ വ്യക്തികൾ/സ്ഥാപനങ്ങളാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്നും കുടശ്ശിക പിരിവിന്റെ പുരോഗതി എത്രയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കുടിശ്ശിക വരുത്തിയ വ്യക്തികൾ/സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ വാടക കുടിശ്ശിക രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് വിലയിരുത്തുന്നു. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ച് കുടിശ്ശിക പിരിവ് കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

മേൽക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:45/2021; തീയ്യതി: 20.04.2022) മറുപടി

ലഭ്യമാക്കിയിട്ടില്ല.

1-24 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ- ഡെപ്പോസിറ്റ് തുകകൾ അടവാക്കുന്നതിൽ കാലതാമസം-ലേല വ്യവസ്ഥ പാലിക്കുന്നില്ല

നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ നിലവിലില്ല. കരാർ വ്യവസ്ഥ പ്രകാരം അംഗീകരിക്കപ്പെടുന്ന നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ലേലനടപടികൾ കൈക്കൊള്ളുന്നത്. നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സുകൾ ടെണ്ടർ/ലേലം ചെയ്തു നൽകുന്നത് സംബന്ധിച്ച നിബന്ധന പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റുകൾ എന്നിവ ലേലം കൊള്ളുന്നയാൾ ലേല ദിവസം തന്നെ ഡെപ്പോസിറ്റ് സംഖ്യയുടെ 1/3 ഭാഗം തുക മുൻകൂറായി ഒടുക്കേണ്ടതും, കൗൺസിൽ അംഗീകാരത്തിനു ശേഷം അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ശേഷിക്കുന്ന മുഴുവൻ തുകയും ഒടുക്കി കരാർ ഉടമ്പടി സമർപ്പിച്ച് മുറി ഏറ്റെടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, വാടക ഡിമാന്റ് രജിസ്റ്റർ, ഫയൽ, ഭരണസമിതി മിനിട്ട്സ് എന്നിവ പരിശോധിച്ചതിൽനിന്നും മുറികളുടെ ഡെപ്പോസിറ്റുകൾ ഈടാക്കിയതിൽ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ലെന്നും ഡെപ്പോസിറ്റ് തുക അടവാക്കുന്നതിൽ മാസങ്ങളോളമുള്ള കാലവിളംബം ഉണ്ടാകുന്നുണ്ടെന്നും പരിശോധനയിൽ വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര്/മുറിയുടെ നമ്പർ | മുറി ലേലം കൊണ്ട വ്യക്തിയുടെ പേര് | ഡെപ്പോസിറ്റ് സംഖ്യ | മുറി ലേലം കൊണ്ട തീയ്യതി | ഡെപ്പോസിറ്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രകാരം അടവാക്കിയ തുക/രശീത് നം. | ആകെ അടവാക്കിയ തുക | അടവാക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| 1 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് GF-7 | സനീഷ് പി., ചെമ്മാടത്തിൽ, മുതിയങ്ങ | 30,02,000 (4.08.2020 ലെ 2-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 29.05.2020 | 25,000 (120020100239/ 29.5.20)<br>976000 (120020500024/ 19.6.20)<br>17,50,000 (120020500298/ 23.10.20)<br>2,51,000 (120020119061/25.3.21) | 30,02,000 | 0 |
| 2 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | മാണിക്കോത്ത് ഭാസ്കരൻ | 30,02,000 (14.09.2020 ലെ 2-ാം നമ്പർ ഭരണസമിതി | 01.07.2020 | 9,77,000 (120020101220/1.7.20)<br>25,000 (120020101221/1.7.20) | 30,02,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | GF-6 | | തീരുമാന പ്രകാരം അംഗീകരിച്ചു) | | 20,00,000 (120020103224/ 24.8.20) | | |
| 3 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് GF-5 | അഷ്ഫാക്ക് തന്നാണ്ടിയിൽ, നാസ് വില്ല, ചൊക്ലി | 30,03,000 (14.09.2020 ലെ 2-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 01.07.2020 | 25,000 (120020101230/ 1.7.20)<br>9,76,000 (120020500044/16.7.20)<br>5,00,000 (120020500097/ 8.9.20)<br>5,00,000 (120020500097/ 16.9.20)<br>8,00,000 (120020500335/ 18.11.20)<br>2,02,000 (120020500383/ 18.1.21) | 30,03,000 | 0 |
| 4 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് GF-2 | സുലൈഖ എം.പി., റാസ്, ടെമ്പിൾ ഗേറ്റ് | 40,04,000 (27.05.2020 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 28.02.2020 | 13,35,000 (120020126228/ 28.2.20)<br>26,69,000 (120020102476/ 10.8.20) | 40,04,000 | 0 |
| 5 | പുതിയ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് F4 | മുഹമ്മദ് ഹുസൈൻ | 10,01,000 (30.12.2019 തീയ്യതിയിലെ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 21.11.2019 | 25,000 (1190201687/ 21.11.19)<br>3,08,700 (11902016871/ 21.11.19)<br>200000 (119020127870/ 9.3.20)<br>4,67,300 (1200201 06011/20.10.20) | 10,01,000 | 0 |
| 6 | കീർത്തി ഹോസ്പിറ്റലിന് സമീപം GF2 | പ്രസാദ് പാറക്കടവത്ത്, ഓടക്കാട് | 26,19,000 (23.04.2021 ലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു) | 27.1.2021 | 25,000 (120020111145/ 27.1.21)<br>8,48,000 (120020500655/29.3.21)<br>5,00,000 (12110900050/ 12.7.21)<br>3,00,000 | 16,73,000 | 9,46,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | (ചെക്ക് നം141793/17.11.21) | | |
| 7 | സൈദാർപള്ളി ഷോപ്പിംഗ് കോംപ്ലക്സ് FF3 | പ്രസിഡണ്ട്, തിരുവങ്ങാട് ഫാർമേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി | 7,04,000 (27.05.2020 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 26.02.2020 | 2,35,000 (20125540/ 26.2.20)<br>4,69,000 (120020500098/6.9.20) | 7,04,000 | 0 |
| 8 | പുതിയ ബസ് സ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് GF-8 | മുഹമ്മദ് ജലീൽ, കോറോത്ത് റോഡ്, അഴിയൂർ | 30,05,000 (27.05.2020 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 27.2.20 | 5,15,000 (20125897/ 27.2.20)<br>4,90,000 (20125898/ 27.2.20)<br>5,00,000 (120020500384/ 25.1.21)<br>6,00,000 (120020500385/25.1.21)<br>5,00,000 (20500022/ 17.5.21)<br>400000 (20104105/3.8.21) | 30,05,000 | 0 |
| 9 | പുതിയ ബസ്റ്റാന്റ് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് GF-1 | ഫാത്തിമ, സാനിബ്, താണ, കണ്ണൂർ | 47,00,000 (27.05.2020 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചു) | 27.2.20 | 15,95,000 (20125771/ 27.2.20)<br>31,05,000 (120150900181/ 12.11.20) | 47,00,000 | 0 |

മുറികൾ ലേലം കൊണ്ട് മാസങ്ങൾ കഴിഞ്ഞാണ് ഡെപ്പോസിറ്റ് തുകകൾ പൂർണ്ണമായും അടവാക്കുന്നത്. പ്രസാദ് പാറക്കടവത്ത് എന്ന വ്യക്തി കീർത്തി ഹോസ്പിറ്റലിന് സമീപത്തെ ജി.എഫ്-2 എന്ന മുറി ലേലം കൊണ്ടിട്ടുള്ളത് 27.01.2021 തീയ്യതിയിലാണ്. ടിയാൻ 9,46,000/- രൂപ ഡെപ്പോസിറ്റ് തുക അടവാക്കാൻ ബാക്കിനിൽക്കുന്നുണ്ട്.

നഗരസഭയിൽ സൂക്ഷിച്ചുവരുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:44/2021; തീയ്യതി:20.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറിലെ വ്യവസ്ഥയനുസരിച്ച് ഡെപ്പോസിറ്റ് തുകകൾ യഥാസമയം തന്നെ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുക നാളിതുവരെ അടവാക്കാത്ത വ്യക്തിയിൽനിന്ന് ആയത് എത്രയും വേഗം ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് തുക അടവാക്കാത്തപക്ഷം നിയമപരമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതും മറ്റ് അപാകതകളും

| | |
|---|---|
| കെട്ടിട നിർമ്മാണ അപേക്ഷ നമ്പർ | E5/BA/7/12-13 തീയതി: 26.03.12 |
| കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ | 2583.59 $M^2$ |
| കെട്ടിടത്തിന്റെ ഉയരം | 15.30 M |
| ഗണം | കോമേഴ്സ്യൽ(F) |

| | |
|---|---|
| പ്ലോട്ട് വിസ്തീർണ്ണം | 16.17 ആർസ് |

നഗരസഭയിലെ 45ാം വാർഡിൽ റീസർവ്വെ നമ്പർ 216/1-ൽ ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യ കെട്ടിടം പണിയുന്നതിന് വേണ്ടിയുള്ള ശ്രീ.അബ്ദുൾ ഷുക്കൂർ, ശ്രീമതി.ഫാത്തിമാബീവി എന്നിവരുടെ 26.03.2012 ലെ അപേക്ഷയിൽ 19.11.2012 ന് 1414.8 $M^2$ നിർമ്മിത വിസ്തൃതിയുള്ള കെട്ടിട നിർമ്മാണത്തിന് നഗരസഭ അനുമതി നൽകുകയും ടി പെർമിറ്റ് അനുവദിച്ചശേഷം 10.08.2016 ന് കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിന്മേൽ ടി കെട്ടിടത്തിന്റെ പെർമിറ്റ് ശ്രീ.ഹാരിസ് എറാംഞ്ചേരി എന്നവരുടെ പേരിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. 07.10.2017ന് E5/BA/7/12-13 നമ്പരായി 2583.59 $M^2$ നിർമ്മിത വിസ്തൃതിയുള്ള കെട്ടിടത്തിന് ശ്രീ.ഹാരിസ് എറാംഞ്ചേരി എന്നവരുടെ പേരിൽ നഗരസഭ റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) മുനിസിപ്പൽ പാതയ്ക്ക് വേണ്ടി സൗജന്യമായി വിട്ടു കൊടുത്ത സ്ഥലം പ്ലോട്ട് ഏരിയ കണക്കാക്കുമ്പോൾ കുറവ് ചെയ്തിട്ടില്ല.

ഹാജരാക്കിയ ഫയലിലെ സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് മുനിസിപ്പാലിറ്റി ലെയ്നിനു വേണ്ടി 24.21 $M^2$, 30 $M^2$ ഭൂമി പ്ലോട്ടിൽ നിന്നും സൗജന്യമായി വിട്ടുകൊടുത്തതായി കാണുന്നു. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പ്രസ്തുത ഏരിയ പ്ലോട്ട് വിസ്തീർണ്ണം കണക്കാക്കുമ്പോൾ കുറവ് ചെയ്യേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നുണ്ടെങ്കിലും ആയത് പാലിച്ചതായി കാണുന്നില്ല.

(2) വികസന പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം(11)പ്രകാരം ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുന്നതിനും 1.5 മീറ്റർ ആഴത്തിൽ ഖനനം നടത്തുന്നതിനും സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് അനുവദിക്കേണ്ടതാണ്. കെ.എം.ബി.ആർ-1999 ലെ 11(3)ലെ പട്ടിക I2 പ്രകാരം ഒരു ആർ സ്ഥലത്തിന് 750/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ് അടവാക്കേണ്ടതാണ്.

മേൽ കെട്ടിട നിർമ്മാണത്തിന് നഗരസഭ ഈടാക്കേണ്ട വികസനഫീസ് = 16.17 ആർ X 750

=12,127.5രൂപ

ടി ഇനത്തിലുള്ള ഫീസ് നഗരസഭയിൽ അടവാക്കിയിട്ടില്ല.

(3) പെർമിറ്റ് സാധുത കാലയളവിന് ശേഷമാണ് പെർമിറ്റ് പുതുക്കാൻ അപേക്ഷ നൽകിയത്.

15.03.2016 ലെ നോട്ട് ഫയൽ പ്രകാരം 19.11.2015 ന് കാലാവധി അവസാനിച്ച പെർമിറ്റ് പുതുക്കാൻ കെട്ടിട ഉടമ അപേക്ഷിച്ചതിന്റെ അപേക്ഷാ തീയ്യതി സെക്ഷൻ നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും 19.11.2015 ന് സാധുത അവസാനിച്ച പെർമിറ്റ് 20.04.2016 തീയ്യതിയിലാണ് നീട്ടി നൽകിയത്. അതായത് പെർമിറ്റ് സാധുത കാലയളവിന് ശേഷമാണ് പെർമിറ്റ് പുതുക്കുന്നതിന് വേണ്ടി കെട്ടിട ഉടമ അപേക്ഷിച്ചതെന്ന് കാണുന്നു.

(4) ഫയർ എൻ.ഒ.സി ഇല്ലാതെ റിവൈസ്ഡ് പെർമിറ്റ് അനുവദിച്ചു.

07.10.2017ന് റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുമ്പോൾ 15.30 M ഉയരമുള്ള കെട്ടിട നിർമ്മാണത്തിനാണ് നഗരസഭ അനുമതി നൽകിയിരിക്കുന്നത്. 22.10.12 ലെ അഗ്നിശമന സേനയിൽ നിന്നുമുള്ള സാക്ഷ്യപത്രം പ്രകാരം 1414.8 $M^2$ വിസ്തൃതിയും 9.90 M ഉയരവുമുള്ള കെട്ടിടത്തിനാണ് അനുമതി ലഭിച്ചത്. രണ്ട് നിലകളിൽ കൂടുതൽ ഉള്ള നിർമ്മിതികൾക്ക് അഗ്നിശമനസേനയിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥ ലംഘിച്ചാണ് റിവൈസ്ഡ് പെർമിറ്റ് നഗരസഭ അനുവദിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ 07.05.2022 ലെ 57/20-21 നം ഓഡിററ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂവികസന ഫീസിനത്തിൽ നഗരസഭാ ഫണ്ടിനുണ്ടായ 12,128 രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വാണിജ്യ കെട്ടിടത്തിന് നഗരസഭ നിർമ്മാണാനുമതി നൽകി

| | |
|---|---|
| കെട്ടിട നിർമ്മാണ അപേക്ഷ നമ്പർ | : E5/BA/132/20-21 |
| അപേക്ഷ തീയതി | : 04.09.2020 |
| കെട്ടിടത്തിന്റെ ഉയരം | : 10.05 M |
| കെട്ടിടത്തിന്റെ ബിൽഡപ് ഏരിയ | : 1435.24 $M^2$ (B+G+2) |
| പ്ലോട്ട് ഏരിയ | : 5.7 ആർ |
| ഗണം | : കോമേഴ്സ്യൽ (F) |

നഗരസഭയിൽ ഉൾപ്പെട്ട 45ാം വാർഡിലെ തലശ്ശേരി വില്ലേജിൽ വാടിക്കൽ ദേശത്ത് റീസർവ്വെ വാർഡ് നം. W6, B5, TS107 നമ്പറിൽ ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യ കെട്ടിടം പണിയുന്നതിന് വേണ്ടിയുള്ള ശ്രീ.പള്ളിവളപ്പിൽ ഉമ്മർകുട്ടി എന്നവരുടെ അപേക്ഷയിന്മേൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാക്കാതെ 22.02.2021ന് E3/BA/132 /20-21 നമ്പറായി നഗരസഭ കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുമ്പോൾ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥർ വിവരങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്തു.

ഫയൽ പരിശോധിച്ചതിൽ 30.11.2020 തീയ്യതിയിലെ സ്ഥലപരിശോധന നടത്തിയ ഓവർസിയറുടെ റിപ്പോർട്ട് പ്രകാരവും 29.01.2021 ലെ സൈറ്റ് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ 04.02.2021 ലെ നോട്ട് ഫയൽ കുറിപ്പ് പ്രകാരവും നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലം തീരദേശ മേഖലയിലോ, മാസ്റ്റർ പ്ലാനിലോ ഉൾപ്പെട്ട സ്ഥലമല്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫയർ എൻ.ഒ.സി ലഭ്യമാക്കിയതിന് ശേഷം 22.02.2021 ന് E3/BA/132/20-21 നമ്പറായി നഗരസഭ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കടലിൽ നിന്നും 406 M ദൂരത്തിലാണ് സ്ഥിതി ചെയ്യുന്നതെന്ന് ബോധ്യപ്പെട്ടതിനാൽ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർ 28.07.2021 ന് പെർമിറ്റ് റദ്ദാക്കിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണത്തിന് സൈറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥർ, വിവരങ്ങൾ തെറ്റായി ഉൾപ്പെടുത്തിയതു കൊണ്ടാണ് നഗരസഭയ്ക്ക് തെറ്റായി പെർമിറ്റ് അനുവദിക്കേണ്ടി വന്നത്. ഇപ്രകാരം നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് വിവരങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യാത്ത, സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നഗരസഭ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

2. സെക്രട്ടറിയുടെ അനുമതിയില്ലാതെയാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം ഏതൊരാളും സെക്രട്ടറിയുടെ അനുമതിയില്ലാതെ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യരുതെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 22.02.2021 ന് E3/BA/132 /20-21നമ്പറായി നഗരസഭ നൽകിയ പെർമിറ്റ് പ്രകാരം നഗരസഭയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിരിക്കുന്നത്.

3. തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് സ്കീം പ്രകാരം സ്ഥലത്തിന്റെ മേഖല ഏതെന്നതിന് വ്യക്തതയില്ല.

18.02.2022 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നോട്ട് ഫയൽ കുറിപ്പ് പ്രകാരം CRZ NOC യ്ക്ക് രേഖകൾ ഹാജരാക്കേണ്ടതിനാൽ ടി കെട്ടിടത്തിന്റെ FSI 1.50-ൽ പരിമിതപ്പെടുത്തി നൽകണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് പ്ലാൻ-2007 പ്രകാരം റസിഡൻഷ്യൽ സോൺ-II ൽ ഉൾപ്പെട്ടതാണെന്ന് CRZ ക്ലിയറൻസിന് അയച്ച Form-1 പ്രകാരം കാണുന്നു. എന്നാൽ സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥന്മാർ കൊമേഴ്സ്യൽ സോണിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹാജരാക്കിയ പ്ലാൻ പ്രകാരം നിലവിലുള്ള റോഡിന്റെ വീതി 8 M ആണ്. നഗരസഭ അംഗീകരിച്ച പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ബിൽഡപ് ഏരിയ 1435.24 $M^2$ ഉം FSI-2.32 വും ആണ്. ടൗൺപ്ലാനിംഗ് ഡവലപ്പ്മെന്റ് സ്കീം-2007 പ്രകാരം റസിഡൻഷ്യൽ സോൺ-II ൽ ഉൾപ്പെടുന്ന മേഖലയിലെ വാണിജ്യ കെട്ടിടങ്ങളുടെ ഫ്ലോർ ഏരിയ 1000 $M^2$ വരെ FAR-2-ൽ പരിമിതപ്പെടുത്തി നഗരസഭയ്ക്ക് നിർമ്മാണാനുമതി നൽകാമെന്ന് വ്യക്തമാക്കുന്നു.

4. കെട്ടിട നിർമ്മാണാനുമതി നൽകിയപ്പോൾ വികസന പെർമിറ്റ് ഫീസ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 ചട്ടം-(5) പ്രകാരം ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുന്നതിനും 1.5 മീറ്റർ ആഴത്തിൽ ഖനനം നടത്തുന്നതിനും സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് നഗരസഭ അനുവദിക്കേണ്ടതാണ്. കെ.എം.ബി.ആർ-2019 ലെ ഷെഡ്യൂൾ II പ്രകാരം ഒരു ആർ സ്ഥലത്തിന് 750/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. ആയത് പ്രകാരം ചുവടെ ചേർത്ത് പ്രകാരം വികസന പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

ഫീസ്- ആകെ സ്ഥലവിസ്തീർണ്ണംX 750= 5.7X750=4275 രൂപ

ടി ഇനത്തിലുള്ള ഫീസ് നഗരസഭ ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ 16.05.2022 ലെ ഓഡിറ്റ് അന്വേഷണ നം 81/20-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂവികസനത്തിനായി പെർമിറ്റ് ഇനത്തിലുള്ള ഫീസ് നഗരസഭ ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല എന്നതിനാൽ നഗരസഭ ഫണ്ടിന് നഷ്ടമായ 4,275 രൂപ പ്രസ്തുത നിർമ്മാണത്തിന് വീണ്ടും അനുമതി നൽകുമ്പോൾ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-27 വാർഡ്-46 ലെ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിലെ പോരായ്മകൾ

| | |
|---|---|
| കെട്ടിട നിർമ്മാണ അപേക്ഷ നമ്പർ | E5/BA/420/19-20 |
| കെട്ടിടത്തിന്റെ ഗണം | കോമേഴ്സ്യൽ(F) |
| ആകെ നിർമ്മിത വിസ്തൃതി | 2523.43 $M^2$ |
| പ്ലോട്ട് വിസ്തീർണ്ണം | 971 $M^2$ |
| കെട്ടിടത്തിന്റെ ഉയരം | 15.02 M |

നഗരസഭയുടെ കീഴിലുള്ള തിരുവങ്ങാട് ദേശത്ത് റീ.സർവ്വെ നം.55, 56 ൽ ഉൾപ്പെടുന്ന 971 $M^2$ വിസ്തീർണ്ണമുള്ള സ്ഥലത്ത് 2523.43 $M^2$ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം പണിയുന്നതിന് വേണ്ടിയുള്ള റംസിഷറഫു മുതൽ പേരുടെ അപേക്ഷ പരിഗണിച്ച് ഇ5/BA/420/19-20 നമ്പറായി 16.03.2021 ന് നഗരസഭ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

(1) കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

BA.420/19-20 നമ്പർ കെട്ടിട നിർമ്മാണ ഫയൽ പരിശോധിച്ചതിൽ റീസർവ്വെ നം. 55 ൽ ഉൾപ്പെട്ട പ്ലോട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി കാണുന്നില്ല. പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കാതെതന്നെ നഗരസഭ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതായി കാണുന്നു.

(2) കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയപ്പോൾ വികസന പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ-2019, ചട്ടം(5) പ്രകാരം ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുന്നതിനും 1.5 മീറ്റർ ആഴത്തിൽ ഖനനം നടത്തുന്നതിനും സൈറ്റ് പ്ലാൻ സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് നഗരസഭ അനുവദിക്കേണ്ടതാണ്. കെ.എം.ബി.ആർ-2019 ലെ ഷെഡ്യൂൾ II പ്രകാരം ഒരു ആർ സ്ഥലത്തിന് 750/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്.

മേൽ കെട്ടിട നിർമ്മാണത്തിന് നഗരസഭ

ഈടാക്കേണ്ട വികസന പെർമിറ്റ് ഫീസ്- ആകെ സ്ഥലവിസ്തീർണ്ണംX 750=9.71X750=7283 രൂപ

എന്നാൽ ടി ഇനത്തിൽ നഗരസഭ ഫീസ് ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല.

(3) ലിഫ്റ്റിന്റെ വിസ്തീർണ്ണം ആകെ നിർമ്മിത വിസ്തൃതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ലിഫ്റ്റിന്റെ വിസ്തീർണ്ണം ഏതെങ്കിലും ഒരു നിലയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അപ്രകാരം ലിഫ്റ്റിന്റെ വിസ്തീർണ്ണം ആകെ നിർമ്മിത വിസ്തൃതിയിൽ ഉൾപ്പെടുത്തിയതായി കണ്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ 11.01.2022 ലെ 12/20-21 നം ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയ മറുപടി പ്രകാരം അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭൂവികസന പെർമിറ്റ് ഫീ ഇനത്തിലെ 7,283 രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-28 തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരമില്ലാതെ നഗരസഭ വാണിജ്യ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി

| | |
|---|---|
| കെട്ടിട നിർമ്മാണ അപേക്ഷ നമ്പർ | E5/BA/428/19-20 |
| കെട്ടിടത്തിന്റെ ഉയരം | 15.15 M |
| ആകെ ബിൽഡപ് ഏരിയ | 1628.96 $M^2$ (B+G+3) |
| ഗണം | കോമേഴ്സ്യൽ(F) |
| പ്ലോട്ട് വിസ്തീർണ്ണം | 737 $M^2$ |

നഗരസഭയുടെ 43ാം വാർഡിൽ R.S.W-13, B-12, T.S-20, 21 നമ്പരിൽ ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യ കെട്ടിടം പണിയുന്നതിന് ശ്രീമതി. റഹ്മത്ത് എ.പി, ഷറാറ ബംഗ്ലാവ്, കുയ്യാലി റോഡ് എന്നവർ അപേക്ഷ നൽകുകയും തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ KMBR-2019 ചട്ടം-9 പ്രകാരം E5/B.A/428/19-20 നമ്പരായി 21/12/2020 ന് നഗരസഭ നിർമ്മാണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നഗരസഭയ്ക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് തീരദേശപരിപാലന അതോറിറ്റിയുടെ അനുമതി ആവശ്യമാണെന്ന് കാണുകയും 18.06.2021 ന് നഗരസഭ സെക്രട്ടറി ടി കെട്ടിടത്തിന്റെ പെർമിറ്റ് റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുമ്പോൾ സ്ഥലപരിശോധന നടത്തിയില്ല.

ഫയൽ പരിശോധിച്ചതിൽ 07.06.2020 ലെ നോട്ട് ഫയൽ കുറിപ്പ് പ്രകാരം സൈറ്റ് പരിശോധന നടത്തി സൈറ്റ് പ്ലാനും രേഖകളും വിലയിരുത്തിയതിന് ശേഷമുള്ള ന്യൂനതകൾ F.G.O റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെട്ടിടത്തിന് CRZ അനുമതിയില്ലാതെ നഗരസഭ കെട്ടിടനിർമ്മാണാനുമതി നൽകിയിരിക്കുന്നത്. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011/2019 പ്രകാരം തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലമായതിനാൽ കെട്ടിടനിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതുണ്ട്. CRZ മേഖലയിൽ ഉൾപ്പെട്ട സ്ഥലമാണെന്നത് വ്യക്തമാക്കാതെയാണ് നഗരസഭ പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. CRZ പരിധി മറച്ചുവച്ചുകൊണ്ട് കെട്ടിടനിർമ്മാണ പ്ലാൻ വരച്ച LBS ന് 29.06.2021 ന് നഗരസഭ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയ ഓവർസിയറുടെ പേരിൽ, നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. ടി ഉദ്യോഗസ്ഥൻ സൈറ്റ് പരിശോധന റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്താതിരുന്നതിനാലാണ് നഗരസഭയ്ക്ക് തെറ്റായി പെർമിറ്റ് അനുവദിക്കേണ്ടി വന്നത്. ടി കെട്ടിടത്തിന്റെ പെർമിറ്റ് കെ.എം.ബി.ആർ-2019 ചട്ടം-16 പ്രകാരം നഗരസഭാ സെക്രട്ടറി 18.06.2021 ന് റദ്ദ് ചെയ്തിട്ടുണ്ട്.

(2) കെട്ടിടനിർമ്മാണാനുമതി നൽകിയപ്പോൾ വികസന പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 ചട്ടം-(5) പ്രകാരം ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുന്നതിനും 1.5 മീറ്റർ ആഴത്തിൽ ഖനനം നടത്തുന്നതിനും സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് നഗരസഭ അനുവദിക്കേണ്ടതാണ്. കെ.എം.ബി.ആർ-2019 ലെ ഷെഡ്യൂൾ II പ്രകാരം ഒരു ആർ സ്ഥലത്തിന് 750/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. ആയത് പ്രകാരം ചുവടെ ചേർത്ത് പ്രകാരം വികസന പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്.

ഫീസ്- ആകെ സ്ഥലവിസ്തീർണ്ണംX 750= 7.37X750=5528 രൂപ

ടി ഇനത്തിലുള്ള ഫീസ് നഗരസഭ ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല. നഗരസഭ ഫണ്ടിനുണ്ടായ 5,528 രൂപയുടെ നഷ്ടം ആയതിന് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

(3) പാർക്കിംഗ് ഡ്രൈവ് വേയ്സ്- മിനിമം വീതി ലഭ്യമല്ല.

കെ.എം.ബി.ആർ- ചട്ടം-29 4.2പ്രകാരം പാർക്കിംഗ് ഡ്രൈവ് വേക്ക് മിനിമം 5.5 മീ. വീതി ആവശ്യമാണ്. ഹാജരാക്കിയ പ്ലാൻ പ്രകാരം ആയത് ലഭ്യമല്ല.

(4) തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് സ്കീം പ്രകാരം പെർമിറ്റ് അനുവദിക്കാവുന്നതല്ല.

പ്രസ്തുത കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലം തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് പ്ലാൻ 2007 പ്രകാരം റെസിഡൻഷ്യൽ സോൺ-II ൽ ഉൾപ്പെട്ടതാണ്. പ്രസ്തുത സോണിൽ റോഡിന്റെ വീതി 12 മീ. ഉണ്ടെങ്കിൽ വാണിജ്യാവശ്യങ്ങൾക്കായി കെട്ടിടങ്ങളുടെ ഫ്ലോർ ഏരിയ 1000സ്ക്വ.മീ. വരെ FAR-2-ൽ പരിമിതപ്പെടുത്തി നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. നിലവിലുള്ള ദേശീയപാതയുടെ വീതി ഹാജരാക്കിയ പ്ലാൻ പ്രകാരം 10 മീ. ആണ്. മേൽ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ 1628.96 മീ.സ്ക്വ. ഉം FSI 2.21 ഉം ആണ് എന്നതിനാൽ ടി കെട്ടിട നിർമ്മാണം പ്രസ്തുത സ്ഥലത്ത് സാധ്യമല്ല. എന്നിരുന്നാലും പ്രസ്തുത ടൗൺ ഡവലപ്പ്മെന്റ് സ്കീമിലെ ജനറൽ നോട്ട്സ് (iii) പ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണാനുമതി സെക്രട്ടറിക്ക് നൽകാമെന്ന അസി.എഞ്ചിനീയറുടെ 20.08.20 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 21.12.2020 ന് നഗരസഭ സെക്രട്ടറി നിർമ്മാണാനുമതി നൽകിയിരിക്കുന്നത്. തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് സ്കീം 2007 ലെ General Notes(iii) പ്രകാരം റസിഡൻഷ്യൽ സോൺ II ൽ 12 മീ.വീതിയുള്ള റോഡിന്റെ ഇരുവശത്തുമുള്ള ഭൂമി 100 മീ. Depth-നുള്ളിൽ ആണെങ്കിൽ സോണിംഗ് റെഗുലേഷന് വിരുദ്ധമായി സെക്രട്ടറിക്ക് നിർമ്മാണാനുമതി നൽകാമെന്ന് വ്യക്തമാക്കുന്നു. 2007 ലെ തലശ്ശേരി ടൗൺ പ്ലാനിംഗ് സ്കീം പ്രകാരം ടി കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമി 10 മീറ്റർ വീതിയുള്ള ദേശീയ പാതക്കരികിലായതിനാൽ 1000m2 വരെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് FAR 2 ൽ പരിമിതപ്പെടുത്തി മാത്രമെ നഗരസഭക്ക് നിലവിൽ നിർമ്മാണാനുമതി നൽകാൻ വ്യവസ്ഥയുള്ളൂ.

(5) നഗരസഭ പെർമിറ്റ് റദ്ദാക്കിയതിന് ശേഷവും കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു.

മേൽ കെട്ടിടത്തിന്റെ പെർമിറ്റ് നഗരസഭ റദ്ദാക്കിയതിന് ശേഷവും അനധികൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതായി നോട്ട് ഫയൽ കുറിപ്പ് പ്രകാരം 10.11.2021 ന് ഓവർസീയറും 12.11.2021 ന് അസിസ്റ്റന്റ് എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനെതിരെ നഗരസഭ യാതൊരു വിധ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനായി നഗരസഭ യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

(6) പെർമിറ്റ് പ്രകാരമുള്ള പ്ലാനുകളിലെ ഏരിയയും CRZ അനുമതിക്കായി അയച്ച പ്ലാൻ പ്രകാരമുള്ള ഏരിയയും തമ്മിൽ വ്യത്യാസം കാണുന്നു.

F.G.O യുടെ 16.12.2021 ലെ റിപ്പോർട്ടിൽ കെട്ടിടത്തിന്റെ പ്ലാനിൽ വ്യത്യാസം വരുത്തിയാണ് CRZ അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ അനുവദിച്ച പെർമിറ്റ് പ്രകാരം ടി കെട്ടിടത്തിന്റെ ഫ്ലോർ

എരിയ 1628.96 മീ.സ്ക്വ. ഉം F.S.I-2.21 ഉം ആണ്. ടി കെട്ടിടത്തിന്റെ ഏരിയയിൽ വ്യത്യാസം വരുത്തി ഫ്ലോർ ഏരിയ 1435.26 മീ.സ്ക്വ. ആയി കുറച്ച് FAR-2ൽ ലിമിറ്റ് ചെയ്തിട്ടാണ് CRZ അനുമതിക്കായി അപേക്ഷിച്ചിരിക്കുന്നത്. ആയത് അനുവദനീയമല്ല.

27.12.21 ലെ ഓഡിറ്റ് അന്വേഷണ നം 08/20-21 ന് നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം തലശ്ശേരി ടൗൺ ഡവലപ്പ്മെന്റ് സ്കീം 2007 ലെ General Notes(iii) പ്രകാരം റസിഡൻഷ്യൽ സോൺ II ൽ 12 മീ.വീതിയുള്ള റോഡിന്റെ ഇരുവശത്തും 100 മീ. Depth- ൽ വരുന്ന ഭൂമിയാണെങ്കിൽ സോണിംഗ് റഗുലേഷന് വിരുദ്ധമായി വാണിജ്യകെട്ടിടങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്നും റോഡ് വൈഡനിംങ്ങ് ഉള്ള റോഡുകളിൽ ആയത് കൂടി പരിഗണിച്ചാണ് ഇപ്രകാരം അനുമതി നൽകുന്നതെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ പെർമിറ്റുമായി ബന്ധപ്പെട്ട റോഡിൽ റോഡ് വൈഡനിംഗ് ഉണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനായി തുടർ പരിശോധനകൾ ആവശ്യമാണ്.

1-29 റസിഡൻഷ്യൽ ആവശ്യത്തിനായുള്ള കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയതിലെ അപാകതകൾ-

നഗരസഭയിലെ വാർഡ് 38 ലെ റീസർവ്വെ നം.44/3 ൽ ഉൾപ്പെട്ട 2508.58m$^2$ സ്ഥലത്ത് 10380.2m$^2$ നിർമ്മിത വിസ്തൃതിയുള്ള റസിഡൻഷ്യൽ ആവശ്യത്തിനായുള്ള (A1) കെട്ടിടം പണിയുന്നതിന് വേണ്ടിയുള്ള ശ്രീ.കുന്നോത്ത് പത്മനാഭൻ മുതൽ പേരുടെ അപേക്ഷ പരിഗണിച്ച് നഗരസഭ BA /671/18-19 ആയി 22.07.2019 തീയ്യതിക്ക് കെട്ടിടനിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഫയൽ നം. | E5/671/18-19 | |
| ഉടമസ്ഥന്റെ പേര് | ശ്രീ.കുന്നോത്ത് പത്മനാഭൻ മുതൽ പേർ [ 26/09/2019 ന് പെർമിറ്റ് ശ്രീ.രജി.പി, ഡയറക്ടർ ശ്രീരോഷ് ഡവലപ്പേഴ്സ് എന്നവരുടെ പേരിലേക്ക് മാറ്റി] | |
| സർവ്വെ നം. | 44/3 | |
| സ്ഥല വിസ്തീർണ്ണം | 25.10 ആർ [നോട്ട് ഫയൽ പ്രകാരം 2509.95 M$^2$ ] | |
| ആകെ നിർമ്മിത വിസ്തൃതി | 103802 M$^2$ | ഫ്ലോർ ഏരിയ-7725.07m$^2$ |
| കെട്ടിടത്തിന്റെ തരം | A1(റസിഡൻഷ്യൽ) | |
| കെട്ടിടത്തിന് അനുവദനീയമായ തറവിസ്തീർണ്ണം | 3X2509.95=7529.85m$^2$ | |
| അധിക തറവിസ്തീർണ്ണത്തിന് ഒരു ചതുരശ്ര മീറ്ററിന് 5000/- എന്ന തോതിൽ അധിക ഫീസോട് കൂടി അനുവദനീയമായ FAR - | 4 | |
| കെട്ടിടത്തിന്റെ അധിക തറ വിസ്തീർണ്ണം- | 7725.07-<br>7529.85<br>195.22<br>======= | |
| ഒരു ചതു.മീറ്ററിന് 5000/- എന്ന തോതിൽ അടവാക്കിയ തുക | 195.22X5000=9,76,100<br>[ Transfer Credited Through RTGS To PNB A/c No. 16696<br>Dated: 20.07.2019 ] | |

മേൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റീ-ക്രിയേഷനുള്ള ഏരിയ ഒഴിവാക്കി FAR നിർണ്ണയിച്ചു: നഗരസഭ ഫണ്ടിന് നഷ്ടം.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ- 1999ലെ ചട്ടം 8 (IV) പ്രകാരം ഭൂനിരപ്പ് നിലകളിലെയും, പോർച്ചുകളിലെയും തുറന്ന പ്ലാറ്റ്ഫോമുകളും ടെറസും പോർച്ചുകളും തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് വ്യക്തമാക്കുന്നു. എന്നാൽ ആയത് ബാധകമാവാത്ത ചുവടെ ചേർത്ത ചില കെട്ടിടഭാഗങ്ങൾ മേൽ കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നില | കെട്ടിടഭാഗം | കെട്ടിടഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | റീ-ക്രിയേഷൻ ഏരിയ [Assembling Point] | $97m^2$ |
| ഒന്നാംനില | സ്വിമ്മിംഗ് പൂൾ | $97.37m^2$ |
| രണ്ടാംനില | റീ-ക്രിയേഷൻ ഏരിയ [ Including Swimming Pool] | $212.4m^2$+ $97.37m^2$ |
| ആകെ | | $504.14m^2$ ============== |
| ഒരു ചതു.മീറ്ററിന് 5000/- രൂപ നിരക്കിൽ അടവാക്കേണ്ട FAR ഇനത്തിലെ തുക | | 504.14X5000=25,20,700 |

മേൽ കെട്ടിടങ്ങൾ ഒഴിവാക്കി FAR ഇനത്തിലെ തുക കണക്കാക്കിയത് മൂലം 25,20,700 രൂപ നഗരസഭാ ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്.

2. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയപ്പോൾ വികസന പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 ലെ റൂൾ (5) പ്രകാരം ഭൂമി പ്ലോട്ടുകളായി വിഭജിച്ച് വികസിപ്പിക്കുന്നതിനും 1.5 മീറ്റർ ആഴത്തിൽ ഖനനം നടത്തുന്നതിനും സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് ആവശ്യമാണ്. എന്നാൽ മേൽ കെട്ടിട നിർമ്മാണത്തിന് നഗരസഭ വികസന പെർമിറ്റ് അനുവദിക്കുകയോ ചുവടെ ചേർത്ത പ്രകാരം ഫീസ് ഈടാക്കുകയോ ചെയ്തു കാണുന്നില്ല.

| | |
|---|---|
| ഈടാക്കേണ്ട വികസന പെർമിറ്റ് ഫീസ് | 25.10X750 |
| [ഒരു ആർ സ്ഥലത്തിന് 750 രൂപ നിരക്കിൽ] | =18,825 രൂപ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 07.02.22 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 18/20-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടത്തിൽ റീക്രിയേഷൻ ഏരിയ ഒഴിവാക്കി FAR കണക്കാക്കിയത് മൂലമുണ്ടായ 25,20,700 രൂപയുടെ നഷ്ടവും ഭൂവികസന പെർമിറ്റ് ഫീ ഇനത്തിലെ 18,825 രൂപയുടെ നഷ്ടവും ഒക്കുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. സൈറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിശദമായ അന്വേഷണം ആവശ്യമാണ്.

1-30 തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതിയില്ലാതെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതും മറ്റ് അപാകതകളും

| | | |
|---|---|---|
| കെട്ടിട നിർമ്മാണാനുമതി നമ്പർ | : | ഇ3/B.A/54/20-21 തീയതി : 19.11.2020 |
| കെട്ടിടത്തിന്റെ ഗണം | : | വാസഗൃഹം |
| കെട്ടിടത്തിന്റെ ആകെ നിർമ്മിത വിസ്തൃതി | : | 3411.62m$^2$ (B+G+3F) |
| പ്ലോട്ട് വിസ്തീർണ്ണം | : | 52.94 ആർസ് |
| കെട്ടിടത്തിന്റെ ഉയരം | : | 15.3 M |

നഗരസഭയിലെ വാർഡ് നം.49-ൽ റീസർവ്വെ നം. 211, 212-ൽ ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിനായുള്ള ശ്രീ.എറാഞ്ചേരി ഹാരിസ്, അൽ-വാസൽ, ചേറ്റംകുന്ന്, തലശ്ശേരി എന്നിവരുടെ 04.10.2018 ലെ അപേക്ഷ പരിഗണിച്ച് 2091.56 M$^2$ നിർമ്മാണ വിസ്തൃതിയുള്ള വാസഗൃഹത്തിന് 15.11.2018-തീയ്യതി E3/BA/264558/2018 (BA.343/2018-19) നമ്പർ ആയി നഗരസഭ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. 29.06.2020 ന് കെട്ടിടത്തിന്റെ പെർമിറ്റ് റിവൈസ് ചെയ്യുന്നതിന് വേണ്ടി കെട്ടിട ഉടമ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 19.11.2020 ന് E3/BA/54/20-21 നമ്പർ ആയി 3411.62 M$^2$ നിർമ്മാണ വിസ്തൃതിയുള്ള കെട്ടിടത്തിന് നഗരസഭ റിവൈസ്ഡ് പെർമിറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) <u>സ്ഥലപരിശോധന നടത്തിയ ഉദ്യോഗസ്ഥൻ CRZ അനുമതിയില്ലാതെ പെർമിറ്റ് അനുവദിച്ചു.</u>

19.11.2020 ന് E3/BA/54/20-21 നമ്പർ ആയി നഗരസഭ നൽകിയ കെട്ടിട നിർമ്മാണത്തിനായുള്ള അനുമതി പ്രകാരമുള്ള കെട്ടിടത്തിന്റെ ആകെ ബിൽഡപ് ഏരിയ 3411.62 M$^2$ ആണ്. പെർമിറ്റ് പ്രകാരം ' New Construction' ന് വേണ്ടിയാണ് അനുമതി നൽകിയിരിക്കുന്നത്. 24.08.2020 ലെ F.G.O യുടെ റിപ്പോർട്ടിൽ 3411.62 M$^2$ നിർമ്മാണ വിസ്തൃതിയുള്ള വാസഗൃഹത്തിന്റെ സൈറ്റ് പരിശോധന സംബന്ധിച്ച യാതൊരു വിവരങ്ങളും റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. മേൽ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലം Residential Zone I ൽ ഉൾപ്പെട്ടതാണെന്ന് 26.08.2020 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും കടലിൽ നിന്നും 310 M ദൂരത്തിൽ കിടക്കുന്ന സ്ഥലത്തിന്റെ CRZ എൻ.ഒ.സി സംബന്ധിച്ച യാതൊരുവിധ പരിശോധനയും നഗരസഭയിലെ ഉദ്യോഗസ്ഥർ നടത്തിയതായി കാണുന്നില്ല. നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൈറ്റ് പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ ഇപ്രകാരം പരിശോധനകൾ നടത്താതെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് പെർമിറ്റ് നൽകുന്നതായി കാണുന്നു.

(2) <u>കെട്ടിട നിർമ്മാണാനുമതി നൽകിയപ്പോൾ വികസന പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.</u>

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 ചട്ടം(5) പ്രകാരം ഭൂമി 1.5 M ആഴത്തിൽ ഖനനം നടത്തുന്നതിന് സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ അംഗീകരിച്ച് ഭൂവികസനത്തിനായി വികസന പെർമിറ്റ് നഗരസഭ അനുവദിക്കേണ്ടതാണ്. കെ.എം.ബി.ആർ 2019 ലെ ഷെഡ്യൂൾ II പ്രകാരം ഒരു ആർ സ്ഥലത്തിന് 750/- രൂപ നിരക്കിൽ ഭൂവികസന ഫീസ് ഈടാക്കേണ്ടതാണ്. ആയത് പ്രകാരം ഈടാക്കേണ്ട ഫീസ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫീസ്- ആകെ സ്ഥലവിസ്തീർണ്ണംx750

= 52.94 Ares X 750

= 39,705 രൂപ

ടി ഇനത്തിലുള്ള ഫീസ് നഗരസഭ ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ല. ഇതിന് കാരണമുണ്ടെങ്കിൽ വ്യക്തമാക്കുകയും ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുകയും വേണം.

(3) <u>CRZ അനുമതിയില്ലാതെ പെർമിറ്റ് നൽകിയിട്ടും പെർമിറ്റ് റദ്ദാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിലും കാലതാമസം നേരിട്ടു.</u>

19.11.20 തീയ്യതി E3/BA/54/20-21 നമ്പർ ആയി പെർമിറ്റ് അനുമതി നൽകിയ ശേഷം 15.07.21 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നോട്ട് ഫയൽ കുറിപ്പ് പ്രകാരം പ്രസ്തുത നിർമ്മാണം CRZ മേഖലയിൽ ഉൾപ്പെട്ടതാണോ എന്ന് സംശയം ഉന്നയിക്കുകയും ആയത് പരിശോധിക്കുന്നതിന് വേണ്ടി F.G.O യ്ക്ക് റിപ്പോർട്ട് ചെയ്യുകയും 16.07.21 ന് CRZ പരിധിയിൽ വരുന്ന കെട്ടിടമാണെന്ന് F.G.O റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള നോട്ട് ഫയൽ കുറിപ്പ് പ്രകാരം നഗരസഭയെ തെറ്റിദ്ധരിപ്പിച്ച നഗരസഭയിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാതെ പ്ലാൻ വരച്ച എൽ.ബി.എസ്- ന് നോട്ടീസ് നൽകിയതായി കാണുന്നു. 11.08.21 ന് നേരിട്ട് ഹാജരായി കെട്ടിട ഉടമ മൊഴി നൽകിയിട്ടുണ്ട്. തുടർന്ന് 02.12.21ന് കെട്ടിടം പൂർത്തീകരിച്ചതിന്റെ കംപ്ലീഷൻ റിപ്പോർട്ട് നഗരസഭയ്ക്ക് കെട്ടിടഉടമ സമർപ്പിച്ചതായി കാണുന്നു. 26.07.21 ന് പെർമിറ്റ് റദ്ദാക്കിയിട്ടും 02.12.2021ന് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നു.

കെട്ടിടത്തിന്റെ നിർമ്മാണത്തിനായി അനുമതി നൽകുന്നതിന് മുമ്പ് CRZ, ഭാരതീയ പുരാവസ്തു ഗവേഷണവകുപ്പ് എന്നിവയിൽ നിന്നുള്ള മുൻകൂർ അനുമതികൾ എല്ലാം ലഭ്യമാക്കിയെന്ന് നഗരസഭാധികൃതർ ഉറപ്പാക്കേണ്ടതാണ്. കേരള

മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം5 പ്രകാരം വ്യക്തമാക്കുന്നുണ്ടെങ്കിലും കെട്ടിട നിർമ്മാണ ചട്ടത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കാതെ നഗരസഭയിൽ വ്യാപകമായി കെട്ടിട നിർമ്മാണ അനുമതി നൽകുന്നതായി കാണുന്നു.

മേൽ കാര്യങ്ങൾ സംബന്ധിച്ച് നൽകിയ 30.04.21 ലെ ഓഡിറ്റ് അന്വേഷണ നം. 49/20-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ഭൂവികസനത്തിനായി പെർമിറ്റ് ഇനത്തിലുള്ള ഫീസ് നഗരസഭ ഈടാക്കുകയോ ഭൂവികസനത്തിനായി പെർമിറ്റ് നൽകുകയോ ചെയ്തിട്ടില്ലെന്നതിനാൽ നഗരസഭ ഫണ്ടിന് നഷ്ടമായ 39,705 രൂപ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ കാര്യങ്ങൾ വ്യക്തമായി റിപ്പോർട്ടുചെയ്യാതെയും, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതായി കാണുന്നു. മേൽ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

1-31 അനധികൃത നിർമാണങ്ങൾക്കെതിരെ നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല

തലശ്ശേരി നഗരസഭയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ നഗരസഭ അനധികൃത നിർമ്മാണത്തിനെതിരെ കാര്യമായ നടപടികളൊന്നും തന്നെ സ്വീകരിക്കുന്നില്ല എന്ന് കാണുന്നു. ഉദാഹരണത്തിന് തലശ്ശേരി നഗരസഭയിൽ ജില്ലാ കോടതിക്കും ശ്രീറോഷ് ബിൽഡിംഗ് അപ്പാർട്ട്മെന്റിനും ഇടയിൽ ദേശീയപാതയ്ക്കരികിലായി പുരോഗമിക്കുന്ന ബഹുനില വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നഗരസഭ നൽകിയ അനുമതി സംബന്ധിച്ച രേഖകളും ടി കെട്ടിട നിർമ്മാണത്തിന് ഡവലപ്പ്മെന്റ് പെർമിറ്റ് നൽകിയതിന്റെ രേഖകളും കോസ്റ്റൽ സോൺ റഗുലേറ്ററി അതോറിറ്റിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകളും ഹാജരാക്കാനും ടി കെട്ടിട നിർമ്മാണം അനധികൃതമായി നടക്കുന്നതാണെങ്കിൽ ആയതിന്മേൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കുന്നതിനും നഗരസഭാ സെക്രട്ടറിയോട് 30.04.22 ന് ഓഡിറ്റ് അന്വേഷണം നം. 50/20-21 പ്രകാരം രേഖാമൂലം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റ് അവസാനിക്കുന്ന തീയ്യതി വരെ നഗരസഭ രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല.

1-32 ശമ്പളക്കുടിശ്ശിക അനുവദിച്ചത്- കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ പാലിച്ചില്ല.

തലശ്ശേരി നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.കെ.കെ.പ്രകാശന് 08.09.2008 മുതൽ 31.07.2011 വരെയുള്ള കാലയളവിലെ സമയബന്ധിത ഹയർഗ്രേഡ് പ്രകാരമുള്ള ശമ്പളക്കുടിശ്ശിക തുകയായ ₹65,056/- വൗച്ചർ നം. 22000489 തീയതി 07.09.2020 പ്രകാരം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെകൊടുക്കുന്നു.

1) ചീഫ് എഞ്ചിനീയറുടെ 19.09.2014 തീയതിയിലെ നം.ഇ3-13106/2013/സി.ഇ/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ്, കണ്ണൂർ നഗരസഭാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 29.10.2014 ലെ ജി1-1299/02(ii) നമ്പർ ഉത്തരവ് എന്നിവ പ്രകാരമാണ് ശ്രീ.കെ.കെ.പ്രകാശന് 23 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ചിട്ടുള്ളത്. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുഛേദം 56 (ബി) (1) പ്രകാരം ടിയാന്റെ ഗ്രേഡ് പ്രൊമോഷനുമായി ബന്ധപ്പെട്ട ശമ്പളക്കുടിശ്ശികയുടെ ക്ലെയിം 29.10.2019 ന് കാലഹരണപ്പെട്ടിരുന്നു. കാലഹരണപ്പെട്ട ക്ലെയിം അനുവദിക്കുമ്പോൾ സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ് എന്ന് അനുഛേദം 56(എ) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാറിന്റെ പ്രത്യേക അനുമതി വാങ്ങാതെയാണ് ടിയാന് ശമ്പളക്കുടിശ്ശിക അനുവദിച്ചിട്ടുള്ളത്.

2) കുടിശ്ശിക അനുവദിക്കുന്ന അധികാരികൾ കുടിശ്ശിക തുക അനുവദിക്കുമ്പോൾ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ് എന്ന് അനുഛേദം 56(എ) (1) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശ്രീ.കെ.കെ.പ്രകാശന്റെ സേവനവുമായി ബന്ധപ്പെട്ട സർവ്വീസ് പുസ്തകവും പഴയകാല രേഖകളും സെക്ഷനിൽ ലഭ്യമല്ല എന്നും (ഫയൽ പേജ് നം. 4) 10/08, 01/09, 04/09, 05/09, 06/09, 09/09, 04/10, 02/11 എന്നീ മാസങ്ങളിലെ വൗച്ചറുകൾ (അതായത് 8 മാസത്തെ) മാത്രമാണ് ലഭിച്ചിട്ടുള്ളത് എന്നും (ഫയൽ പേജ് നം. 5), സർവ്വീസ് ബുക്ക് ലഭ്യമല്ലാത്തതിനാൽ ലഭ്യമായ രേഖകൾ പ്രകാരം ₹ 65,056/- യുടെ കുടിശ്ശിക അനുവദിക്കാവുന്നതാണ് എന്നും (ഫയൽ പേജ് നം. 6, 7) ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും രേഖകൾ പലതും തന്നെ പരിശോധിക്കാതെ ശ്രീ.കെ.കെ.പ്രകാശന് വേണ്ടി അഡ്വക്കേറ്റ് എൻ.വിജയകുമാർ നൽകിയ വക്കീൽ നോട്ടീസിനോടൊപ്പം സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് കുടിശ്ശിക തുക അനുവദിച്ചത് എന്ന് വ്യക്തമാകുന്നു.

3) കുടിശ്ശിക അനുവദിച്ചത് ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. (അനുഛേദം 56(എ) (5)).

4) അനുഛേദം 56(എ) (4) പ്രകാരമുള്ള സാക്ഷ്യപത്രം ഇല്ല.

5) കുടിശ്ശിക തുക അനുവദിച്ച് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുഛേദം 56 ലെ വ്യവസ്ഥകൾ പാലിക്കാതെ ശ്രീ.കെ.കെ.പ്രകാശന് ശമ്പളക്കുടിശ്ശിക അനുവദിച്ചത് സംബന്ധിച്ച് 22.12.21 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4) 05.02.2022 ന് സമർപ്പിച്ച മറുപടിയിൽ ടിയാന് അർഹതയുള്ള കുടിശ്ശിക തുക സർവ്വീസ് ബുക്ക് ലഭ്യമല്ലെന്ന കാരണത്താൽ അനുവദിക്കാതിരിക്കുന്നത് തീർത്തും ശരിയല്ലാത്തത് കൊണ്ടും ആണ് സർവ്വീസ് ബുക്ക് ലഭ്യമല്ലാതിരുന്നിട്ടും കുടിശ്ശിക തുക അനുവദിച്ചിട്ടുള്ളത് എന്നും സാക്ഷ്യപത്രത്തിന്റെ കോപ്പി ഇതോടൊപ്പം സമർപ്പിക്കുന്നു എന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അനുഛേദം 56(എ) (4) പ്രകാരമുള്ള സാക്ഷ്യപത്രം മറുപടിയുടെ കൂടെ ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുഛേദം 56 ലെ വ്യവസ്ഥകൾ പാലിക്കാതെ അനുവദിച്ച ശമ്പളക്കുടിശ്ശിക തുകയായ ₹65,056/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വ്യവസ്ഥകൾ പാലിക്കാതെ തുക അനുവദിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-33 ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല.

തലശ്ശേരി നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് 01.01.2010 മുതലും കണ്ടിജന്റ് ജീവനക്കാർക്ക് 01.07.2007 മുതലുമുള്ള ക്ഷാമബത്ത കുടിശ്ശിക നാളിതുവരെ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടില്ല എന്ന് കാണുന്നു. സ.ഉ (അച്ചടി)നം.12/2021/ധന. തീയതി 22.01.2021 പ്രകാരം 01.01.2005 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള സമയപരിധി 30.06.2021 വരെ ദീർഘിപ്പിച്ചിരുന്നു. സ.ഉ(അച്ചടി)നം.22/2021/ധന. തീയതി 23.02.2022 പ്രകാരം 01.10.2010 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള സമയപരിധി മാത്രമാണ് 31.07.2022 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്. നിയമനാധികാരി/നിയന്ത്രണാധികാരി തന്റെ കീഴിലുള്ള ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും ഈ വിഷയത്തിൽ വീഴ്ച വരുത്തുന്നതിന് നിയമനാധികാരി/നിയന്ത്രണാധികാരിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കണ്ട് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 01.01.2005 മുതൽ 31.12.2009 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള സമയപരിധി സർക്കാർ ദീർഘിപ്പിച്ച് നൽകാത്ത സാഹചര്യത്തിൽ തലശ്ശേരി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 01.01.2007 മുതൽ 31.12.2009 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക നഷ്ടപ്പെട്ടിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.80) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 31.07.2022നു മുമ്പായി തലശ്ശേരി നഗരസഭയിലെ മുഴുവൻ ജീവനക്കാരുടെയും 01.01.2010 മുതലുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കണ്ടിജന്റ് ജീവനക്കാരുടെ 01.01.2007 മുതൽ 31.12.2009 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കാൻ സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭ്യമാക്കേണ്ടതുമാണ്.

1-34 ക്ഷാമബത്ത കുടിശ്ശിക പണമായി നൽകിയത്

സ.ഉ.(അച്ചടി) 25/2020/ധന. തീയ്യതി 10.03.2020, സ.ഉ.(അച്ചടി) 12/2021/ധന. തീയ്യതി 22.01.2021, എന്നിവ പ്രകാരം 01.01.2005 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 30.06.2021 വരെ സമയപരിധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവായിരുന്നു. (സ.ഉ.(അച്ചടി) 22/2022/ധന. തീയ്യതി 23.02.2022 പ്രകാരം 01.01.2010 മുതൽ 01.01.2017 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് 31.07.2022 വരെ സമയപരിധി ദീർഘിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്.)

2020-21 കാലയളവിലെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ തലശ്ശേരി നഗരസഭ താഴെ വിശദീകരിച്ചതു പ്രകാരം ₹2,98,440 സർവ്വീസിലുള്ള ജീവനക്കാർക്കും ₹2,63,896 വിരമിച്ച ജീവനക്കാർക്കും ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ (ആകെ ₹5,62,336) പണമായി അനുവദിച്ചതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുഛേദം 56 (ബി) (1) പ്രകാരം 2015 നവംബർ വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ക്ലെയിം 01.12.2020 ന് കാലഹരണപ്പെട്ടിരുന്നു. കാലഹരണപ്പെട്ട ക്ലെയിം അനുവദിക്കുമ്പോൾ സർക്കാറിന്റെ പ്രത്യേക അനുമതി ആവശ്യമാണ് എന്ന് അനുഛേദം 56(എ) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാറിന്റെ പ്രത്യേക അനുമതി വാങ്ങാതെയാണ് ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക പണമായി അനുവദിച്ചിട്ടുള്ളത്.

| സർവ്വീസിലുള്ള ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് സംബന്ധിച്ച പത്രിക | | | | | |
|---|---|---|---|---|---|
| ക്രമ നം. | വൗച്ചർ നം | തീയതി | ക്ഷാമബത്ത കുടിശ്ശികയുടെ കാലയളവ് | തുക ലഭിച്ച വ്യക്തിയുടെ പേര് | തുക |
| 1 | 22000868 | 21.12.2020 | 07/2011 മുതൽ | ഉസ്മാൻ ചാലിയാടൻ | 23769 |

| | | | | | |
|---|---|---|---|---|---|
| | | | 01/2013 വരെ | | |
| 2 | 22000871 | 21.12.2020 | 01/2010 മുതൽ 01/2015 വരെ | ശ്രീമതി.അനിത.ഒ | 109263 |
| 3 | 22000872 | 21.12.2020 | 01/2010 മുതൽ 01/2017 വരെ | ജനാർദ്ദനൻ | 102374 |
| 4 | 22000873 | 21.12.2020 | 01/2010 മുതൽ 01/2011 വരെയും 01/2015 മുതൽ 01/2017 വരെയും | ഗീത.പി.എം | 48834 |
| 5 | 22000972 | 21.12.2020 | 07/2011 മുതൽ 01/2013 വരെ | സുധീഷ് കുമാർ.ഇ.കെ | 14200 |
| ആകെ | | | | | 298440 |

| വിരമിച്ച ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചത് സംബന്ധിച്ച പത്രിക | | | | | |
|---|---|---|---|---|---|
| ക്രമ നം. | വൗച്ചർ നം | തീയതി | ക്ഷാമബത്ത കുടിശ്ശികയുടെ കാലയളവ് | തുക ലഭിച്ച വ്യക്തിയുടെ പേര് | തുക |
| 1 | 22000866 | 21.12.2020 | 01/2010 മുതൽ 01/2011 വരെ | സജീവൻ പൊടിക്കളത്തിൽ | 15073 |
| 2 | 22000867 | 21.12.2020 | 01/2010 മുതൽ 07/2016 വരെ | ഗണേഷ് ബാബു | 62733 |
| 3 | 22000869 | 21.12.2020 | 01/2010 മുതൽ 01/2017 വരെ | സജിത കുമാരിഎം | 79441 |
| 4 | 22000870 | 21.12.2020 | 01/2010 മുതൽ 01/2017 വരെ | രമേശൻ.ആർ.പി | 87135 |
| 5 | 22000891 | 21.12.2020 | 01/2013 മുതൽ 07/2013 വരെ | അഹമ്മദ് ബഷീർ | 19514 |
| ആകെ | | | | | 263896 |

ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.53) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സർവ്വീസിലുള്ള ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ പണമായി അനുവദിച്ച ₹5,62,336 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-35 സാനിറ്റേഷൻ വർക്കർമാർ- പെൻഷൻ/ കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം.

തലശ്ശേരി നഗരസഭ ഓഡിറ്റിന് സമർപ്പിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ വിശദീകരിച്ചത് പ്രകാരം

22 വ്യക്തികൾക്കായി 2,17,15,074/- രൂപ പെൻഷൻ ആനുകൂല്യമായി വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു എന്ന് കാണുന്നുണ്ട്. 02/2020 ൽ വിരമിച്ച സാനിറ്റേഷൻ വർക്കർമാർക്ക് പോലും 30.04.2022 വരെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.67) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പേര് | പെൻഷൻ ഇനം | വിരമിച്ച തീയതി | ഡി.സി.ആർ.ജി | കമ്മ്യൂട്ടേഷൻ | പെൻഷൻ കുടിശ്ശിക | ആകെ |
|---|---|---|---|---|---|---|---|
| 1 | നിർമ്മല ഫെർണ്ണാണ്ടസ് | സർവ്വീസ് പെൻഷൻ | 29.02.20 | 691014 | 986494 | | 1677508 |
| 2 | എൻ.പി.സലീം | സർവ്വീസ് പെൻഷൻ | 31.03.19 | 270300 | 400248 | | 670548 |
| 3 | പി.മോഹനൻ | സർവ്വീസ് പെൻഷൻ | 31.03.21 | 450160 | 510670 | | 960830 |
| 4 | ഫിലോമിന ഫെർണ്ണാണ്ടസ് | സർവ്വീസ് പെൻഷൻ | 30.04.21 | 733040 | 839344 | | 1572384 |
| 5 | ടി.കെ.പ്രഭാകരൻ | സർവ്വീസ് പെൻഷൻ | 31.05.21 | 375768 | 433680 | | 809448 |
| 6 | ഹരിദാസൻ | സർവ്വീസ് പെൻഷൻ | 31.05.21 | 450160 | 510669 | | 960829 |
| 7 | രതി.പി | സർവ്വീസ് പെൻഷൻ | 31.10.21 | 204209 | 400248 | | 604457 |
| 8 | പി.കെ.ഗോപിനാഥൻ | സർവ്വീസ് പെൻഷൻ | 31.01.22 | 898319 | 1317758 | | 2216077 |
| 9 | ഇ.ശശീന്ദ്രൻ | ഇൻവാലിഡ് പെൻഷൻ | 02.08.21 | 543132 | 0 | | 543132 |
| 10 | സുരേഷ് ബാബു | സർവ്വീസ് പെൻഷൻ | 28.02.22 | 1071659 | 1412640 | | 2484299 |
| 11 | സുരേഷ് ബാബു | സർവ്വീസ് പെൻഷൻ | 31.03.22 | 1071659 | 1422528 | | 2494187 |
| 12 | അശോകൻ | സർവ്വീസ് പെൻഷൻ | 30.04.22 | 659976 | 961349 | | 1621325 |
| 13 | പ്രേമ, W/o. ചന്ദുട്ടി | കുടുംബ പെൻഷൻ | | 283584 | - | 74908 | 358492 |
| 14 | നിഷ, W/o.ക്ലീറ്റസ് ദിനേശൻ | കുടുംബ പെൻഷൻ | | 500688 | - | 0 | 500688 |
| 15 | സുശീല.പി, W/o.എൻ.കോമൻ | കുടുംബ പെൻഷൻ | | 488376 | - | 272697 | 761073 |
| 16 | സിനി.സി.എം | കുടുംബ പെൻഷൻ | | 339480 | - | 134802 | 474282 |
| 17 | എ.കമല, W/o.വത്സൻ | കുടുംബ പെൻഷൻ | | 430560 | - | 0 | 430560 |
| 18 | പുഷ്പ.പി, W/o.രാധാകൃഷ്ണൻ | കുടുംബ പെൻഷൻ | | 442080 | - | 187200 | 629280 |
| 19 | സി.എൻ.റീന, W/o.സുധാകരൻ | കുടുംബ പെൻഷൻ | | 311760 | | 96871 | 408631 |
| 20 | സി.എൻ.ഷീന, | കുടുംബ | | 380160 | - | 0 | 380160 |

| | | | | | | | |
|---|---|---|---|---|---|---|---|
| | W/o.സുധാകരൻ | പെൻഷൻ | | | | | |
| 21 | മെർലിൻ റോച്ച W/o.വിൻസെന്റ് ഹെന്റി | കുടുംബ പെൻഷൻ | | 599628 | - | | 599628 |
| 22 | ജമുന W/o.ഉദയകുമാർ | കുടുംബ പെൻഷൻ | | 557256 | - | | 557256 |
| | ആകെ | | | 11752968 | 9195628 | 766478 | 21715074 |

മേൽ പ്രകാരമുള്ള തുക ആനുകൂല്യമായി വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നു എന്ന് കാണുന്നുണ്ട്. 02/2020 ൽ വിരമിച്ച സാനിറ്റേഷൻ വർക്കർമാർക്ക് പോലും 30.04.2022 വരെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടില്ല എന്ന് കാണുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.67) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-36 മരണപ്പെട്ട സാനിറ്റേഷൻ വർക്കർ ലീലയുടെ ആശ്രിതർക്ക് കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല.

തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ ജോലി ചെയ്യവേ 11.09.2005 ൽ മരണപ്പെട്ട ലീലയുടെ അനന്തരാവകാശികൾക്ക് ഓഡിറ്റ് തീയ്യതി വരെ (17 വർഷത്തിനു ശേഷവും) പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല എന്ന് കാണുന്നു. ബഹു.കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 19.11.2018 ലെ എച്ച്.ആർ എം.പി നമ്പർ 8679/2018 നമ്പർ ഉത്തരവ്, ബഹു.കേരള സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷന്റെ 20.12.2018 ലെ നമ്പർ 6324/B4 /2018/KNR/KSCSC&STനമ്പർ ഉത്തരവ് എന്നിവയിലെ നിർദ്ദേശങ്ങൾ ഉണ്ടായിട്ട് പോലും നാളിതുവരെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല. (ഫയൽ നം.എ4-19615/2020) ശ്രീമതി.ലീലയുടെ 01.04.1984 മുതൽ 01.07.2004 വരെയുള്ള 6 ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കുന്നതിന് നഗരസഭാ സെക്രട്ടറി ടിയാരിയുടെ സേവനപുസ്തകം 16.10.2021ന് ഓഡിറ്റിൽ സമർപ്പിക്കുകയും 20.10.2021 ന് ഈ ഓഫീസിൽ നിന്നും ശമ്പള നിർണ്ണയങ്ങൾ അംഗീകരിച്ച് നൽകിയിട്ടുമുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.66) മറുപടി ലഭ്യമാക്കിയിട്ടില്ല. മരണപ്പെട്ട ശ്രീമതി.ലീലയുടെ ആശ്രിതർക്ക് കുടുംബപെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-37 പങ്കാളിത്ത പെൻഷൻ പദ്ധതി- റഗുലർ ജീവനക്കാരുടെ വിഹിതം ഒടുക്കുന്നതിൽ വീഴ്ച

തലശ്ശേരി നഗരസഭയുടെ ഫയൽ നം.A4/21802/2013 പരിശോധിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട നഗരസഭയിലെ റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതവും നഗരസഭാ വിഹിതവും 2021 ജൂൺ മാസം മുതൽ പ്രാൺ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 2021 ജൂൺ മാസം മുതൽ 2022 ഫിബ്രവരി മാസം വരെ നഗരസഭയിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട റഗുലർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ പെൻഷൻ വിഹിതമായി 7.95 ലക്ഷം രൂപ നഗരസഭ ഈടാക്കിയിട്ടുണ്ട്. നഗരസഭാ വിഹിതം ഉൾപ്പെടെ 15.90 ലക്ഷം രൂപ റഗുലർ ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഇനത്തിൽ പ്രാൺ അക്കൗണ്ടിൽ ഒടുക്കേണ്ടതായിരുന്നു. ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും ജീവനക്കാരുടെ വിഹിതം നഗരസഭ കൃത്യമായി കുറവ് ചെയ്തു വരുന്നുമുണ്ട്. ഈ വിഷയം സംബന്ധിച്ച് 25.03.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.39) മറുപടി ലഭ്യമാക്കിയിട്ടില്ല. സമയബന്ധിതമായി എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നത് മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദികളായിരിക്കുന്നതാണ് എന്ന് 03.03.2022 ലെ 15/2022/ധന. നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ സമയബന്ധിതമായി എൻ.പി.എസ് വിഹിതം പ്രാൺ അക്കൗണ്ടിൽ ഒടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 പങ്കാളിത്ത പെൻഷൻ പദ്ധതി- കണ്ടിജന്റ് ജീവനക്കാരുടെ വിഹിതം ഒടുക്കുന്നതിൽ വീഴ്ച

തലശ്ശേരി നഗരസഭയുടെ ഫയൽ നം.A4/17971/2019 പരിശോധിച്ചപ്പോൾ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ എൻ.പി.എസ് വിഹിതവും നഗരസഭാ വിഹിതവും 2018 ജൂലായ് മാസം മുതൽ പ്രാൺ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ജീവനക്കാരുടെ ശമ്പളബില്ലിൽ നിന്നും ജീവനക്കാരുടെ വിഹിതം നഗരസഭ കൃത്യമായി കുറവ് ചെയ്തു വരുന്നുമുണ്ട്. 2018 ജൂലായ് മാസം മുതൽ 2022 ഫിബ്രവരി മാസം വരെ നഗരസഭയിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ പെൻഷൻ വിഹിതമായി 37.90 ലക്ഷം രൂപ നഗരസഭ ഈടാക്കിയിട്ടുണ്ട്. നഗരസഭാ വിഹിതം ഉൾപ്പെടെ 75.80 ലക്ഷം രൂപ കണ്ടിജന്റ് ജീവനക്കാരുടെ എൻ.പി.എസ് വിഹിതം ഇനത്തിൽ പ്രാൺ അക്കൗണ്ടിൽ ഒടുക്കേണ്ടതായിരുന്നു. ഈ വിഷയം

സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് 25.03.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.38) മറുപടി ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ എൻ.പി.എസ് വിഹിതം സമയബന്ധിതമായി പ്രാൺ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതിരിക്കുന്നത് മൂലം ഭാവിയിൽ ജീവനക്കാരനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തവാദികളായിരിക്കുന്നതാണ് എന്ന് 03.03.2022 ലെ 15/2022/ധന. നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ എൻ.പി.എസ് വിഹിതം സമയബന്ധിതമായി പ്രാൺ അക്കൗണ്ടിൽ ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8,69,37,667/- രൂപ ലഭിക്കാൻ ബാക്കി.

തലശ്ശേരി നഗരസഭയുടെ ഫയൽ നം.എ4/44544/13 നമ്പർ ഫയൽ പരിശോധിച്ചപ്പോൾ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 31.03.2022 വരെ 8,69,37,667/- രൂപ ലഭിക്കാൻ ബാക്കിയുണ്ട് എന്ന് കാണുന്നു. (നഗരകാര്യ ഡയറക്ടറുടെ 23.02.2022 ലെ നമ്പർ പി7/13301/21(3) നമ്പർ കത്ത്, നഗരസഭയുടെ ക്യാഷ് ബുക്ക് എന്നിവ പ്രകാരം). ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.65) മറുപടി ലഭ്യമാക്കിയിട്ടില്ല. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 ഓണം അഡ്വാൻസ്-തിരികെ ഈടാക്കാതെ ബാക്കി.

സ.ഉ.(അച്ചടി) 108/2020/ധന. തീയ്യതി 15.08.2020 പ്രകാരം തലശ്ശേരി നഗരസഭ 2020-21 കാലയളവിൽ റഗുലർ/കണ്ടിജന്റ് ജീവനക്കാർക്ക് താഴെ പറഞ്ഞ പ്രകാരം ഓണം അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം/തീയ്യതി | തുക | കുറിപ്പ് |
|---|---|---|---|
| 1 | 22000427/20.08.2020 | 5,25,000 | റഗുലർ ജീവനക്കാർക്ക് അനുവദിച്ച ഓണം അഡ്വാൻസ് |
| 2 | 22000428/20.08.2020 | 10,50,000 | കണ്ടിജന്റ് ജീവനക്കാർക്ക് അനുവദിച്ച ഓണം അഡ്വാൻസ് |

നഗരസഭ സൂക്ഷിച്ച അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ജീവനക്കാർക്ക് അനുവദിച്ച ഓണം അഡ്വാൻസ് പൂർണ്ണമായും തിരിച്ചു പിടിച്ചിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | അനുവദിച്ച ഓണം അഡ്വാൻസ് | തിരികെ ഈടാക്കിയ തുക | ഈടാക്കാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 1 | കെ.പ്രദീപ്, സൂപ്രണ്ട് | 15,000 | 12,000 | 3,000 |
| 2 | രഞ്ജൻ വയലമ്പ്രോൺ, റവന്യൂ ഇൻസ്പെക്ടർ | 15,000 | 12,000 | 3,000 |
| 3 | ടി.പുരുഷോത്തമൻ, സാനിറ്റേഷൻ വർക്കർ | 5,000 | 3,000 | 2,000 |
| ആകെ | | | | 8000 |

മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ്, കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 അനുഛേദം 250(3) എന്നിവ പ്രകാരം ജീവനക്കാർക്ക് അനുവദിക്കപ്പെട്ട ഓണം അഡ്വാൻസ് 5 തുല്യ ഗഡുക്കളായി 2020 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.54) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ ബാക്കി നിൽക്കുന്ന ഓണം അഡ്വാൻസ് ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-41 മുൻകൂറുകൾ ക്രമീകരിക്കാൻ ബാക്കി

ഓഡിറ്റിന് ഹാജരാക്കിയ മുൻകൂർ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ വിശദീകരിച്ചത് പ്രകാരം 1969-70 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ വിവിധ ആവശ്യങ്ങൾക്ക് അനുവദിച്ച 43,28,010.57 രൂപയുടെ മുൻകൂറുകൾ 31.03.2022 വരെ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.68) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | വർഷം | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|---|
| 1 | 1969-70 | 14159.67 |
| 2 | 1970-71 | 1043.17 |
| 3 | 1971-72 | 17452.92 |
| 4 | 1972-73 | 15719.29 |
| 5 | 1973-74 | 31289.50 |
| 6 | 1974-75 | 3724.00 |
| 7 | 1975-76 | 19857.83 |
| 8 | 1976-77 | 43967.77 |
| 9 | 1977-78 | 49886.73 |
| 10 | 1978-79 | 70672.95 |
| 11 | 1979-80 | 32771.32 |
| 12 | 1980-81 | 166920.88 |
| 13 | 1981-82 | 33448.64 |
| 14 | 1982-83 | 2201.76 |
| 15 | 1983-84 | 24578.75 |
| 16 | 1984-85 | 75429.15 |
| 17 | 1985-86 | 28171.46 |
| 18 | 1986-87 | 44952 |
| 19 | 1987-88 | 19535.80 |
| 20 | 1988-89 | 14870 |
| 21 | 1989-90 | 62965 |
| 22 | 1990-91 | 70075.68 |
| 23 | 1991-92 | 28109.30 |
| 24 | 1992-93 | 4068 |
| 25 | 1993-94 | 80720 |
| 26 | 1994-95 | 170645 |
| 27 | 1995-96 | 700560 |
| 28 | 1996-97 | 0 |
| 29 | 1997-98 | 22826 |
| 30 | 1998-99 | 21250 |
| 31 | 1999-2000 | 138532 |
| 32 | 2000-2001 | 34458 |
| 33 | 2001-2002 | 158581 |
| 34 | 2002-03 | 3640 |
| 35 | 2003-04 | 13250 |
| 36 | 2004-05 | 0 |
| 37 | 2005-06 | 177000 |

| | | |
|---|---|---|
| 38 | 2006-07 | 0 |
| 39 | 2007-08 | 494500 |
| 40 | 2008-09 | 236115 |
| 41 | 2009-10 | 1000 |
| 42 | 2010-11 | 0 |
| 43 | 2011-12 | 951178 |
| 44 | 2012-13 | 568960 |
| 45 | 2013-14 | 242647 |
| 46 | 2014-15 | 4000 |
| 47 | 2015-16 | 68000 |
| 48 | 2016-17 | 116712 |
| 49 | 2017-18 | 91726 |
| 50 | 2018-19 | 4000 |
| 51 | 2019-20 | 0 |
| 52 | 2020-21 | 0 |
| ആകെ | | 51,76,171.57 |

1-42 കൊളശ്ശേരി നഗര ആരോഗ്യകേന്ദ്രത്തിന്റെ വൈദ്യുതി ചാർജ്ജ് തനത് ഫണ്ടിൽ നിന്നും അനുവദിച്ചത്

തലശ്ശേരി നഗരസഭയിൽ നിന്നും 2020-21 കാലയളവിൽ കൊളശ്ശേരി നഗര ആരോഗ്യകേന്ദ്രത്തിലെ എച്ച്.എം.സി ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച ₹66,120/- തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22000306/07-2020 തീയതി:27.07.2020 പ്രകാരം പ്രതിപൂരണം ചെയ്ത് നൽകിയിട്ടുണ്ട്. (11/2019, 12/2019, 01/2020, 02/2020, 03/2020, 04/2020, 05/2020 മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് – നഗരസഭാ കൗൺസിലിന്റെ 23.06.2020 ലെ 21-ാം നമ്പർ തീരുമാനം).

നഗരസഭ ഹാജരാക്കിയ ഫയൽ E7-679/19 പരിശോധിച്ചപ്പോൾ " കൊളശ്ശേരി നഗര പ്രാഥമികാരോഗ്യ കേന്ദ്രം NHM-ന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. നഗരസഭ പ്രസ്തുത സ്ഥാപനത്തിനുള്ള കെട്ടിടം നിർമ്മിച്ചു നൽകുകയാണ് ചെയ്തത്. വകുപ്പ് തലത്തിൽ സ്ഥാപനം കൈമാറിയിട്ടില്ല. നിലവിൽ ഈ സ്ഥാപനത്തിനുള്ള മരുന്ന് NHM മുഖാന്തിരമാണ് ലഭ്യമാക്കുന്നത്. സ്ഥാപനത്തിൽ ചുമതലയുള്ള മെഡിക്കൽ ഓഫീസർ താല്ക്കാലിക നിയമനം ലഭിച്ച വ്യക്തിയായതിനാലും നിർവ്വഹണ ചുമതല നൽകാൻ സാധിക്കില്ല എന്നുള്ളതും റിപ്പോർട്ട് ചെയ്യുന്നു" എന്ന് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. (ഫയൽ നം. പേജ് 16-കുറിപ്പ് തീയതി: 05.08.2021).

ഈ വിഷയവുമായി ബന്ധപ്പെട്ട് 22.12.2021 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.6) 01.02.2022 ന് സമർപ്പിച്ച മറുപടിയിൽ ഈ ആരോഗ്യകേന്ദ്രം National Health Mission MOHUA യ്ക്ക് കീഴിൽ വരുന്നതും ആയതിന്റെ ഫണ്ടിംഗ് 90 ശതമാനം കേന്ദ്രവും, 10% സംസ്ഥാന സർക്കാർ വഹിക്കുന്നതുമാണ് എന്നും ആയതിന്റെ ജില്ലാതല ഉദ്യോഗസ്ഥൻ ബഹു. ജില്ലാ കലക്ടറാണ് എന്നും പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കീഴിൽ വരുന്ന പദ്ധതിയാണ് NHM(URBAN) എന്നും വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ടിംഗിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെടാത്തതുമായ സ്ഥാപനത്തിന്റെ വൈദ്യുതി ചാർജ്ജ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് ഒടുക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയതിനാൽ വൈദ്യുതി ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്ന് ചെലവായ ₹66,120/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-43 ലൈബ്രറി സെസ്സ് ഒടുക്കുന്നതിൽ വീഴ്ച -ഭീമമായ തുക കുടിശ്ശിക

കേരള പബ്ലിക്ക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1), തദ്ദേശ ഭരണ വകുപ്പിന്റെ 20.05.1995 തീയതിയിലെ 15477/സി.3/95/ത.ഭ.വ നമ്പർ സർക്കുലർ പ്രകാരം കെട്ടിടനികുതിയുടെ 5% തുക ലൈബ്രറി സെസ്സായി ഈടാക്കി ഓരോ അർദ്ധവർഷവും അവസാനിച്ച് 30 ദിവസത്തിനകം ആ അർദ്ധവർഷത്തിൽ പിരിച്ചെടുത്ത സെസ്സ് തുക വിശദമായ കണക്കുകൾ സഹിതം സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തലശ്ശേരി നഗരസഭയുടെ ഫയൽ നം.R1/10049/95 പരിശോധിച്ചപ്പോൾ 01.04.2011 മുതൽ 31.03.2021 വരെ വസ്തു നികുതിയോടൊപ്പം പിരിച്ച 5% ലൈബ്രറി സെസ്സിൽ ഓഡിറ്റ് തീയ്യതി വരെ ₹1,36,57,492 ലൈബ്രറി കൗൺസിലിൽ ഒടുക്കാൻ ബാക്കി നിൽക്കുന്നു എന്ന് കാണുന്നു. ലൈബ്രറി സെസ്സ് ലൈബ്രറി കൗൺസിലിൽ ഒടുക്കാൻ അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്. ഈ വിഷയത്തിൽ 14.03.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.32) ഇതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-44 അഭയ നികേതൻ സെസ്സ് ഒടുക്കുന്നതിൽ വീഴ്ച -ഭീമമായ തുക കുടിശ്ശിക

തലശ്ശേരി നഗരസഭയുടെ ഫയൽ നം.R1/3272/81 പരിശോധിച്ചപ്പോൾ 01.04.2012 മുതൽ 31.03.2021 വരെ 2% അഭയനികേതൻ സെസ്സിനത്തിൽ വസ്തു നികുതിയോടൊപ്പം പിരിച്ച ₹56,95,895 ഓഡിറ്റ് തീയ്യതി വരെ കണ്ണൂർ ജില്ലാ അഭയനികേതനിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് 14.03.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.33) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒടുക്കാൻ ബാക്കിയുള്ള അഭയനികേതൻ സെസ്സ് ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-45 സാമൂഹ്യ സുരക്ഷാ മിഷന് തലശ്ശേരി നഗരസഭാ വിഹിതം - രേഖകൾ ലഭ്യമാക്കിയില്ല - 10,00,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഫയൽ നം. | ഇ7-8895/12 |
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം | സാമൂഹ്യ സുരക്ഷാ മിഷൻ തലശ്ശേരി നഗരസഭാ വിഹിതം (S0223/21) |
| അടങ്കൽ തുക | 10,00,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 10,00,000 (ബിൽ നം.14/2020-21 തീയ്യതി 08.06.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, തലശ്ശേരി നഗരസഭ |

അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളായ ആശ്വാസ കിരണം, ക്യാൻസർ സുരക്ഷ, താലോലം തുടങ്ങിയ പദ്ധതികളുടെ പ്രയോജനം അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ഫണ്ട് സ്വരൂപിച്ച് വരുന്നുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.07.2019 ലെ എ3/3285/ കെ.എസ് എസ്.എം നമ്പർ കത്തിലൂടെ ജീവ കാരുണ്യ പ്രവർത്തനങ്ങൾക്ക് 2019-20 വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും 10,00,000 രൂപ അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. തലശ്ശേരി നഗരസഭയുടെ വിഹിതമായ 10 ലക്ഷം രൂപ 14/2020-21 നമ്പർ ബിൽ പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 70101140000134 എന്ന അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ തുക കൈപ്പറ്റിയതിന്റെ രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിന് 02.12.2021 തീയ്യതിയിൽ 2/2020-21 നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടിയും രേഖകളും ഹാജരാക്കിയില്ല. ആയതിനാൽ 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-46 ഐ.കെ.എം ന് നഗരസഭാ വിഹിതം ഒടുക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 5,44,383/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| ഫയൽ നം. | പി1-14915/16 |
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം | ഐ.കെ.എം ന് നഗരസഭാ വിഹിതം ഒടുക്കൽ (2/2021) |
| അടങ്കൽ തുക | 5,44,383 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 5,44,383 (ബിൽ നം.13/2020-21 തീയ്യതി 26.05.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയുടെ 2020-21 വാർഷിക പദ്ധതിയിലുൾപ്പെട്ട ഐ.കെ.എം ന് നഗരസഭാ വിഹിതം ഒടുക്കൽ എന്ന പ്രോജക്ടിൽ നഗരസഭാ വിഹിതമായി 5,44,383/- രൂപ വകയിരുത്തിയിട്ടുണ്ട്. നഗരസഭയുടെ വിഹിതമായി 5,44,383/- രൂപ 13/2020-21 നമ്പർ ബിൽ പ്രകാരം ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 57047023512 എന്ന അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തതായി കാണുന്നില്ല. മുൻ വർഷങ്ങളിലെതുൾപ്പെടെയുള്ളതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-47 തെരുവ് വിളക്ക് എ.എം.സി 2020-21- കരാറിലേർപ്പെടുന്നതിന് മുൻപുള്ള മാസത്തേക്ക് കൂടി തുക അനുവദിച്ചു - 2,58,750 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഫയൽ നം. | ഇ6-5928/20 |
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം | തെരുവ് വിളക്ക് എ.എം.സി 2020-21 (329/21) |
| അടങ്കൽ തുക | 29,52,000 (മെയിന്റനൻസ് നോൺ റോഡ്) |
| പദ്ധതി ചെലവ് | 25,87,500<br>1)5,17,500/-ബിൽ നം.31/2020-21 തീയ്യതി 26.08.2020<br>2)5,17,500/-ബിൽ നം.42/2020-21 തീയ്യതി 28.10.2020<br>3)2,58,750/-ബിൽ നം.49/2020-21 തീയ്യതി 30.11.2020<br>4)2,58,750/-ബിൽ നം.66/2020-21 തീയ്യതി 31.12.2020<br>5)5,17,500/-ബിൽ നം.77/2020-21 തീയ്യതി 10.02.2021<br>6)2,58,750/-ബിൽ നം.87/2020-21 തീയ്യതി 18.03.2021<br>7)2,58,750/-ബിൽ നം.103/2020-21 തീയ്യതി 30.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് വിളക്ക് എ.എം.സി 2020-21 എന്ന പ്രോജക്ട് (പ്രോജക്ട് നം(329/21)) ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കിലുള്ള അജേഷ്. കെ. വി, എസ്. ജെ. ഇലക്ട്രോണിക്സ് & സർവ്വീസസ് എന്നവരുടെ 32,00,000 രൂപയുടെ ടെണ്ടർ 23.06.2020 തീയ്യതിയിലെ 10-ാം നമ്പർ കൗൺസിൽ തീരുമാനമായി അംഗീകരിച്ചിട്ടുണ്ട്. മേൽ കരാറുകാരനും തലശ്ശേരി നഗരസഭാ ചെയർമാനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 31,05,000/ രൂപയ്ക്ക് പ്രസ്തുത കരാർ നിർവ്വഹിക്കാമെന്ന് കരാറുകാരൻ സമ്മതിക്കുകയും തെരുവ് വിളക്ക് എ.എം.സിക്ക് നഗരസഭയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാന്വൽ (സ.ഉ. (ആർ.ടി) 2487/2016/ത.സ്വ.ഭ.വ തീയ്യതി 20.08.2016) അദ്ധ്യായം 4(ഇ) പ്രകാരം ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചതിനു ശേഷം കരാറുകാരന് 15 ദിവസത്തിനകം സ്പീഡ് പോസ്റ്റ് / രജിസ്റ്റേർഡ് തപാൽ മുഖേന അറിയിപ്പ് നല്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരന് ഇത് സംബന്ധിച്ച് അറിയിപ്പ് നല്കിയതായ രേഖകൾ ഫയലിൽ ലഭ്യമല്ല.

2) കരാർ ഏറ്റെടുക്കുന്നതിന് മുന്നോടിയായി സെക്രട്ടറിയും കരാറുകാരനുമായുള്ള എഗ്രിമെന്റ് ഒപ്പു വച്ചത് 2020 ജൂലൈ 2 നാണ്. 26.08.2020 തീയ്യതിയിലെ 31/2020-21 എന്ന ബില്ലിൽ ജൂൺ, ജൂലായ് മാസങ്ങളിലെ തെരുവ് വിളക്ക് എ.എം.സി തുകയായ 5,17,500 രൂപ (2,58,750x2) രൂപ മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ജൂലൈ മാസത്തിൽ കരാറിലേർപ്പെട്ട് ജൂൺ മാസത്തെ തുക അനുവദിച്ചത് ഓഡിറ്റിന് അംഗീകരിക്കാവുന്നതല്ല.

3) സെക്രട്ടറിയും കരാറുകാരനും തമ്മിലുള്ള എഗ്രിമെന്റ് പ്രകാരം റിപ്പയർ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് റസീറ്റിനൊപ്പം

കരാറുകാരൻ ഹാജരാക്കേണ്ടതും ഓരോ മാസവും പൂർത്തിയായി 7-ാം തീയ്യതിക്കുള്ളിൽ മോണിറ്ററിംഗ് റിപ്പോർട്ട് സെക്രട്ടറി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ മാസവും തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന സാക്ഷ്യ പത്രത്തിൽ എല്ലാ വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

4) പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരം എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കുന്ന നിലാവ് പദ്ധതിക്കു വേണ്ടി സർവ്വേ പൂർത്തിയാക്കിയതിലെ തെരുവ് വിളക്കുകളുടെ എണ്ണവും തെരുവ് വിളക്കുകളുടെ AMC പ്രോജക്ടിനു വേണ്ടി തയ്യാറാക്കിയ തെരുവ് വിളക്കുകളുടെ എണ്ണവും തമ്മിൽ വ്യത്യാസം കാണുന്നു.

| തെരുവ് വിളക്കുകളുടെ വിവരം | നിലാവ് പദ്ധതിക്കു വേണ്ടി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ട് പ്രകാരം തെരുവ് വിളക്കുകളുടെ എണ്ണം | തെരുവ് വിളക്കുകളുടെ AMC പ്രോജക്ടിനു വേണ്ടി തയ്യാറാക്കിയ തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|---|
| Single Tube Light | 4362 | 4805 |
| Double Tube Light | 26 | 108 |
| CFL | 554 | 810 |

രണ്ട് പദ്ധതികൾക്കു വേണ്ടി തെരുവുവിളക്കുകളിലെ എണ്ണത്തിലുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. 15.01.2022 തീയ്യതിയിൽ മേൽ അപാകതകൾ സൂചിപ്പിച്ച് നല്കിയ 13/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ആയതിനാൽ ജൂൺ മാസത്തിലെ തെരുവ് വിളക്ക് എ.എം.സി തുകയായ 2,58,750രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-48 ഗവ.എൽ.പി, യു.പി സ്കൂളുകൾക്ക് അലമാര വിതരണം -89900 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | S0019/21 |
| അടങ്കൽ | 99000 (വികസനഫണ്ട് ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ, ഗോപാലപേട്ട |
| ചെലവ് | 89900 (30.01.2021) |
| ബിൽ തീയതി | 16.01.2021 |
| വൗച്ചർ നമ്പർ | SA1/2020-21-43,400, SA2/2020-21-43,400, SA3/2020-21-1,600, SA4/2020-21-1,500 |

നഗരസഭയിലുള്ള 7 ഗവൺമെന്റ് എൽ.പി/യു.പി വിദ്യാലയങ്ങൾക്ക് 2 വീതം അലമാരകൾ വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

അലമാരകൾ വാങ്ങുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ ക്വട്ടേഷൻ പരസ്യം ഫയലിൽ ലഭ്യമല്ല. പ്രൊജക്ട് രൂപീകരണ ഫോറം പ്രകാരം അലമാരയുടെ സ്പെസിഫിക്കേഷൻ 5X3.5X1.5 Feet 20 Gauge ആണ്. 5 സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും, ഓരോന്നിലും രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ വ്യത്യസ്തമാണ്. ക്വട്ടേഷൻ പരസ്യം ലഭ്യമാവാത്തതിനാൽ ഏതു സ്പെസിഫിക്കേഷനിലുള്ള അലമാര വാങ്ങുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമല്ല.

വ്യത്യസ്ത സ്പെസിഫിക്കേഷനുകളിൽ സമർപ്പിച്ച ക്വട്ടേഷനുകൾ താരതമ്യം ചെയ്തതെങ്ങനെയെന്നും വ്യക്തമല്ല. ക്വട്ടേഷനുകളുടെ വിവരം ചുവടെ പറയുന്നു.

| ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| റോയൽ ഏജൻസീസ് | 5 1/2 X3 1/2X1 1/2 (20 G) | 7130 |
| കാഡ്കോ | 5 1/2 X3 X 1 1/4 (20 G) | 6800 |
| ഫിഡ്കോ അസോസിയേറ്റ്സ് | 5 1/2 X3 1/2X1 1/2 (20 G) | 6980 |
| ഫിഡ്കോ എന്റർപ്രൈസസ് | 5 1/2 X3 1/2X1 1/4 (20 G) | 6500 |
| സഫാരി സ്റ്റീൽസ് | 5 1/2 X3 1/2X1 1/4 (20 G) | 7168 |

ഫിഡ്കോ എന്റർപ്രൈസസ് സമർപ്പിച്ച ക്വട്ടേഷൻ 19.10.2020 തീയ്യതിയിൽ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയും 27.10.2020 ൽ മുനിസിപ്പൽ കൗൺസിലും (31ാം തീരുമാനം) അംഗീകരിച്ചിട്ടുണ്ട്. ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുമ്പ് തന്നെ നെഗോസ്യേഷൻ നടത്തുകയും 18.09.2020 ൽ ഫിഡ്കോ എന്റർപ്രൈസസ് നെഗോഷ്യേറ്റഡ് നിരക്ക് അറിയിച്ചിട്ടുണ്ട്. നെഗോഷ്യേറ്റഡ് നിരക്ക് അറിയിച്ച് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ 5 1/2 X 33 X 16 എന്നാണ്. ഇത് Feet ൽ രേഖപ്പെടുത്തുമ്പോൾ (5 1/2 X2 3/4X1 1/3) ആണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ സ്പെസിഫിക്കേഷനാണ് നെഗോസ്യേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. സ്ഥാപനത്തിന്റെ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ 5 1/2 X3 1/2X1 1/2 എന്നാണ്. അലമാരകൾ സ്കൂളുകൾ കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതികളിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ 66 X 33 X 17 എന്നാണ്. ആയത് Feet ൽ രേഖപ്പെടുത്തുമ്പോൾ 5 1/2 X2 3/4X1 2/5 ആണ്. ക്വട്ടേഷനിൽ അംഗീകരിച്ചതിനേക്കാൾ കുറഞ്ഞ സ്പെസിഫിക്കേഷനിലുള്ള അലമാരകളാണ് വിതരണം ചെയ്തത് എന്നാണ് മേൽ വിവരിച്ചതിൽ നിന്നും വ്യക്തമാവുന്നത്.

അലമാരകൾ വിതരണം ചെയ്ത ഫിഡ്കോ എന്റർപ്രൈസസ് 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ സമർപ്പിച്ചിട്ടുണ്ടെങ്കിലും കരാറിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാലും അധികൃതർ ഒപ്പുവെക്കാത്തതിനാലും ആയതിന് സാധുതയില്ല.

അലമാരകളുടെ കയറ്റിറക്ക് കൂലി, വണ്ടിവാടക ഇനത്തിൽ 3,100 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റോ, രശീതോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 28.02.2022 തീയതിയിൽ 24/2020-21 നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി അറിയിച്ചിട്ടില്ല. 89,900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-49 ഗവ.എൽ.പി., യു.പി വിദ്യാലയങ്ങൾക്ക് ഫർണ്ണിച്ചർ വിതരണം-12000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | ഗവ.എൽ.പി., യു.പി വിദ്യാലയങ്ങൾക്ക് ഫർണ്ണിച്ചർ വിതരണം |
| പദ്ധതിയുടെ നമ്പർ | : | S0025/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ, ഗോപാലപേട്ട |
| പദ്ധതി അടങ്കൽ | : | 6,65,000 (വികസന ഫണ്ട് പൊതുവിഭാഗം ) |

നഗരസഭയിലെ 7 ഗവൺമെന്റ് എൽ.പി, യു.പി വിദ്യാലയങ്ങൾക്ക് മേശ, കസേര, ബെഞ്ച്, ഡെസ്ക്ക് തുടങ്ങിയ ഫർണ്ണിച്ചറുകൾ വിതരണം ചെയ്യുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്. ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് വിവിധ സ്ഥാപനങ്ങളിൽ നിന്നും ടെണ്ടറുകൾ സ്വീകരിക്കുകയും അവയിൽ നിന്നും ഫിഡ്കോ എൻറർപ്രൈസസ്, ഒളവണ്ണ കോഴിക്കോട് എന്ന സ്ഥാപനത്തെ ഫർണ്ണിച്ചർ വിതരണത്തിനായി തെരെഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

പദ്ധതി പ്രകാരം മേശ-7, റിവോൾവിംഗ് ചെയർ-7, കുഷ്യൻ ചെയർ-42, ഡെസ്ക്ക്-48, ബെഞ്ച്-48 എന്നിവ വാങ്ങുന്നതിനാണ് തീരുമാനിച്ചത്. എന്നാൽ കുഷ്യൻ ചെയറുകൾ 42 നു പകരം 121 എണ്ണമാണ് വാങ്ങിയിട്ടുള്ളത്. പ്രൊജക്ടിൽ തീരുമാനിച്ചതിനേക്കാൾ കൂടുതൽ സാധനങ്ങൾ ആവശ്യമുള്ളതായി സ്കൂളുകൾ അറിയിച്ചതായി കാണുന്നില്ല. പ്രൊക്യുയർമെന്റ് കമ്മിറ്റി തീരുമാനവും ലഭ്യമല്ല. ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് മുമ്പ് പ്രൊക്യുയർമെന്റ് കമ്മിറ്റി അവയുടെ ഗുണനിലവാരം പരിശോധിച്ചതായി കാണുന്നില്ല. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ ലഭ്യമല്ല.

പ്രൊജക്ട് രൂപീകരണഫോറം പ്രകാരം നിർവ്വഹണ ചാർജ്ജായി 12,000 രൂപ വകയിരുത്തിയിട്ടുണ്ട്. 03.02.21 ലെ ബിൽ പ്രകാരം ടി തുക ഹെഡ്മാസ്റ്റർ, ഗവ.എൽ.പി സ്കൂൾ ഗോപാലപേട്ടയുടെ ടി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഫർണ്ണിച്ചറുകൾ സ്കൂളുകളിൽ വിതരണം ചെയ്തതിന്റെ വണ്ടിവാടകയും കയറ്റിറക്കു കൂലിയും ചേർന്നുള്ള തുകയാണ് മേൽതുക എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഫിഡ്കോ എന്റർപ്രൈസസ് നൽകിയ ബില്ലുകളിലെ Terms Of Delivery എന്ന കോളത്തിൽ Delivery At The Various Schools Under In Thalassery Municipality എന്നെഴുതിയതിൽ നിന്നും മേൽ ചെലവ് സ്ഥാപനത്തിന്റെ തന്നെ ബാധ്യതയാണ് എന്ന് വ്യക്തമാവുന്നു. 4,000/- രൂപ വീതമുള്ള വൗച്ചർ നം. F4/2020-21, വൗച്ചർ നം. F5/2020-21, വൗച്ചർ നം. F6/2020-21 എന്നീ വൗച്ചറുകളിലാണ് 12,000 രൂപയുടെ ചെലവ് കാണിച്ചിരിക്കുന്നത്. ടി വൗച്ചറുകളിൽ വണ്ടി വാടകയും കയറ്റിറക്കു കൂലിയുമുൾപ്പെടെ 4,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും കിട്ടി ബോധിച്ചു എന്നെഴുതിച്ചേർത്തിട്ടുണ്ടെങ്കിലും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റോ കയറ്റിറക്കു കൂലിയുടെ ബില്ലോ ഫയലിൽ ലഭ്യമല്ല.

തദ്ദേശഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ഇതേ പേരിൽ ഒരു പ്രൊജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നും ഇതിനു പുറമേ പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ഓരോ പ്രോജക്ടിലും തുക വകയിരുത്താനോ ചെലവഴിക്കാനോ

പാടില്ലെന്നും സ.ഉ(കൈ)നം.17/2018/ത.സ്വ.ഭ.വ, തീയതി:02.02.2018 പ്രകാരമുള്ള മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് നമ്പർ 60/2020-21 തീയതി: 09.05.2022ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചിട്ടില്ല. നിർവ്വഹണ ചാർജ്ജായ 12,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-50 ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | : ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ. |
| പദ്ധതിയുടെ നമ്പർ | : S0022/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്‌മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ, ഗോപാലപേട്ട |
| പദ്ധതി അടങ്കൽ | : 1,71,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | : 1,11,052 |

നഗരസഭാ പരിധിയിലുള്ള ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് എന്നിവ ഒടുക്കുന്നതിനാണ് മേൽ പ്രൊജക്റ്റ് നടപ്പിലാക്കിയത്. പ്രൊജക്റ്റുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ബിൽ നം.9/2020-21, പ്രകാരം 15.03.2021 തീയതിയിൽ 33,487/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ സ്കൂളുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും റിപ്പയറിംഗുമായി ബന്ധപ്പെട്ടാണ് മേൽ തുക അനുവദിച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസ(ഡി) വകുപ്പിന്റെ 27.09.19 തീയതിയിലെ സ.ഉ(സാധാ) നം.3847/2019/പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ മുഴുവൻ ഐ.സി.ടി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിനും വിന്യസിക്കുന്നതിനും കാലാകാലങ്ങളിലായി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കിയിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത ഐ.ടി പ്രപ്പോസലുകൾ സ്കൂളുകളിൽ നടപ്പിലാക്കാനായി സർക്കാർ ഫണ്ട് പ്രയോജനപ്പെടുത്തുന്ന പദ്ധതികൾക്കായി പരിഗണിക്കുവാൻ പാടുള്ളതല്ലെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ബില്ലിന് അനുബന്ധമായി വെച്ചിട്ടുള്ള വൗച്ചറുകളോടൊപ്പം റിപ്പയർ ചെയ്ത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരമോ വില്പനാനന്തര സേവന വ്യവസ്ഥകളോ ലഭ്യമല്ല. ഉപകരണങ്ങളുടെ കേടുപാടുകൾ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതായും കാണുന്നില്ല. ' Service Charge' എന്നു മാത്രം രേഖപ്പെടുത്തിയ ബില്ലുകളാണ് ചില സ്കൂളുകൾ സമർപ്പിച്ചിട്ടുള്ളത്.

2. ബിൽ നം. 12/2020-21/25.032021 പ്രകാരം 19,100 രൂപ 3 സ്കൂളുകളുടെ കമ്പ്യൂട്ടർ റിപ്പയറിംഗിനായി ഉപയോഗിച്ചിട്ടുണ്ട്. സ്കൂളുകൾ സമർപ്പിച്ച ബില്ലുകളോടൊപ്പം മേൽ ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. ബിൽ തുകകൾ സ്കൂളുകളുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതിനു പകരം ഹെഡ്മാസ്റ്റർമാരുടെ വ്യക്തിപരമായ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് അനുവദിച്ചിട്ടുള്ളത്. 9,000/- രൂപ വീതം അനിൽ കുമാർ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കും സജീവൻ.എം എന്നവരുടെ ബാങ്ക് അക്കൗണ്ടിലേക്കും അനുവദിച്ചതായി കാണുന്നു.

3. ബിൽ നം.13/2020-21/25.03.21 അനുസരിച്ച് 3,434/- രൂപ അനിൽ കുമാർ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ബില്ലിന് അനുബന്ധമായി സമർപ്പിച്ച വൗച്ചറുകളുടെ വിവരം ചുവടെ പറയുന്നു.

വൗച്ചർ നം. W1/2020-21 (ബിൽ തീയതി: 07.12.20)-1949.

വൗച്ചർ നം. W2/2020-21 (ബിൽ തീയതി: 02.10.20)-1485

02.10.2020 ലെ ബിൽ അടക്കാതെ കുടിശ്ശികയായതിന്റെ വിവരം വൗച്ചർ നം. W1 പ്രകാരമുള്ള 07.12.2020 ലെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വൗച്ചർ നം. W2/2020-21 ഉൾപ്പെടുന്ന തുകയാണ് W1/2020-21 ൽ രേഖപ്പെടുത്തിയ 1,949/- രൂപ ആയതിനാൽ രണ്ടു വൗച്ചറുകൾക്കും കൂടി ആകെ 3434 രൂപ അനുവദിച്ചതു വഴി 1,485 രൂപയുടെ ഇരട്ടച്ചെലവുണ്ടായിട്ടുണ്ട്. അധികം അനുവദിച്ച 1,485 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

4. ബിൽ നം.14/2020-21/25.03.21 പ്രകാരം വൈദ്യുതി ചാർജ്ജിനത്തിൽ 11,418 രൂപ അനുവദിച്ചിട്ടുള്ളത് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ വ്യക്തിപരമായ ബാങ്ക് അക്കൗണ്ടുകളിലാണ്. ടി ബില്ലിനോടൊപ്പം വെച്ചിട്ടുള്ള E21/2020-21 പ്രകാരമുള്ള വൗച്ചറിൽ ജി.യു.പി.എസ്, പുന്നോൽ സ്കൂളിലെ 46 മാസത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി അനുവദിച്ചതായി കാണുന്നു. 12.04.2006 തീയതിയിലെ ജി.ഒ.(പി)നം.177/2006/ധന. പ്രകാരം ഭാവിയിൽ ചെലവ്

വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല.

അപാകതകൾ ചൂണ്ടിക്കാട്ടി 59/2020-21 തീയതി:09.05.2022 ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽക്കാര്യത്തിൽ നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-51 പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.സ്കൂൾ അയ്യലത്ത്

| | | |
|---|---|---|
| 1 | പ്രോജക്ട് നം | S0030/21 |
| | പ്രൊജക്ടിന്റെ പേര് | ഗവ.പ്രൈമറി ഗവ.എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് ശുചിത്വകിറ്റ് വിതരണം. |
| | അടങ്കൽ | 99600 (വികസനഫണ്ട് പൊതുവിഭാഗം) |
| | ബിൽ നം & തീയതി | 1/12.03.21 |
| | ബിൽ തുക | 95264 (ചെലവ്) |
| 2 | പ്രോജക്ട് നം | S0031/21 |
| | പ്രൊജക്ടിന്റെ പേര് | ഗവ.പ്രൈമറി സ്കൂളുകൾക്ക് പ്രഥമ ശുശ്രൂഷാ കിറ്റ് വിതരണം. |
| | അടങ്കൽ | 25000 (വികസനഫണ്ട് പൊതുവിഭാഗം) |
| | ബിൽ നം & തീയതി | 2/12.03.21 |
| | ബിൽ തുക | 23500 (ചെലവ്) |
| 3 | പ്രോജക്ട് നം | S0032/21 |
| | പ്രൊജക്ടിന്റെ പേര് | ഗവ. സ്കൂൾ അനുബന്ധ പ്രീ-പ്രൈമറികൾക്ക് തീമാറ്റിക് ബോർഡ് വിതരണം. |
| | അടങ്കൽ | 98200 |
| | ബിൽ നം & തീയതി | 3/23.03.21 |
| | ബിൽ തുക | 89082 |

മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട സാധനങ്ങൾ വാങ്ങുന്നതിന് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത തിരുവങ്ങാട് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഫയലുകൾ പ്രകാരം 12.03.2021, 23.03.2021 തീയ്യതികളിലായാണ് സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുള്ളത്. സ്ഥാപനം സാധനങ്ങൾ വിതരണം ചെയ്തതിന്റെ ബില്ലുകൾ സമർപ്പിച്ചിരിക്കുന്നത് 04.03.2021, 18.03.2021തീയതികളിലുമാണ്. എന്നാൽ നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചപ്പോൾ 24/03/2021 തീയ്യതിയിൽ ചേർന്ന യോഗത്തിൽ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചതായും തിരുവങ്ങാട് അസോസിയേറ്റ്സിൽ നിന്നും വാങ്ങാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിക്കാണുന്നു. പ്രസ്തുത യോഗത്തിൽ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പങ്കെടുത്തിട്ടില്ല. സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുക്കുന്നതിനു മുമ്പേ സാധനങ്ങൾ വാങ്ങുകയും സ്ഥാപനത്തിന് തുക അനുവദിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. സാമ്പത്തിക വർഷാവസാനമായതിനാൽ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കേണ്ടി വന്നതിനാലാണ് നടപടിക്രമം പാലിക്കാൻ വിട്ടുപോയത് എന്നാണ് ഇതു സംബന്ധിച്ച് 06.01.2022 തീയതിയിൽ 10/2020-21 നമ്പർ ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 11.01.2022 ൽ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടി. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

സ.ഉ(അച്ചടി)നം259/2010/ത.സ്വ.ഭ.വ പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിന് ചെലവായ 2,07,846/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-52 എസ്.എസ്.എ പദ്ധതിക്ക് തലശ്ശേരി നഗരസഭാ വിഹിതം-30,40,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | S0013/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടുവള്ളി |
| അടങ്കൽ | 30,40,000 (വികസനഫണ്ട്, പൊതുവിഭാഗം) |
| ചെലവ് | 30,40,000 |
| ബിൽ നം./തീയതി | 248/17.09.2020 |

നഗരസഭയിൽ 2020-21 വർഷം നിർവ്വഹണം നടത്തിയ എസ്.എസ്.എ പദ്ധതിക്ക് തലശ്ശേരി നഗരസഭാ വിഹിതം എന്ന പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

പദ്ധതിക്കായി 2020-21 വർഷം 30,40,000 രൂപ നഗരസഭ ചെലവഴിച്ചിട്ടുണ്ട്. 17.09.2020 തീയ്യതിയിലുള്ള ബിൽ പ്രകാരം ടി തുക എസ്.എസ്.എ കണ്ണൂർ ജില്ലാ പ്രൊജക്ട് കോ-ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ബിൽ പണമാക്കിയതിന്റെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

സമഗ്ര ശിക്ഷ കേരള ജില്ലാ പ്രൊജക്ട് കോർഡിനേറ്റർ അയച്ചു കൊടുത്തിട്ടുള്ള Annual Work Plan & Budget 2020-21 പ്രകാരം കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ പുസ്തകങ്ങളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും (ശൗചാലയങ്ങൾ നിർമ്മിക്കുക, മഴവെള്ള സംഭരണം, സോളാർ പാനൽ സ്ഥാപിക്കുക) എന്നിവയാണ് നടപ്പു വർഷത്തിൽ ലക്ഷ്യം വെച്ചത്. ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് 64,000 രൂപയും മഴവെള്ള സംഭരണത്തിന് 1,50,000 രൂപയും സോളാർ പാനൽ നിർമ്മിക്കുന്നതിന് 2,00,000 രൂപയുമാണ് പ്രസ്തുത ബജറ്റ് പ്രകാരമുള്ള 2020-21 വർഷത്തെ നഗരസഭാ വിഹിതം. സോളാർ പാനലുകൾ സ്ഥാപിക്കൽ, മഴവെള്ള സംഭരണി നിർമ്മാണം, ശൗചാലയ നിർമ്മാണം തുടങ്ങിയവ ഏതൊക്കെ സ്കൂളുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്/ സ്ഥാപിക്കാൻ ഉദ്ദേശിച്ചത് എന്നതിന്റെ വിവരം ലഭ്യമല്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും അറിയിച്ചുകൊണ്ട് 28.02.2022 തീയതിയിൽ നൽകിയ നം. 23/2020-21 ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചിട്ടില്ല. 30,40,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-53 എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേശ-കസേര വിതരണം-നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പദ്ധതിയുടെ പേര് | എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേശ-കസേര വിതരണം |
| പ്രോജക്ട് നം | S0016/21 |
| അടങ്കൽ | 152000 (വികസന ഫണ്ട് എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.ഹയർസെക്കണ്ടറി സ്കൂൾ, കൊട്ടുവള്ളി |
| ചെലവ് | 86,400/- |
| ബിൽ നം./ തീയതി | 452/19.02.2021 |

നഗരസഭപരിധിയിലുള്ള സ്കൂളുകളിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം ചെയ്യുന്നതിനാണ് മേൽ പ്രൊജക്ടിൽ ലക്ഷ്യം വെച്ചത്. ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ 3 ക്വട്ടേഷനുകളിൽ നിന്നും ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോട്ടിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 4,800 രൂപ വിലയുള്ള ഫർണ്ണിച്ചറുകളാണ് ഓരോ കുട്ടിക്കും വിതരണം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

(1) വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങൾ പൂർണ്ണമല്ല. അപേക്ഷകൾ വാർഡ്സഭ/നഗരസഭാ കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

(2) സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ, തീയതി: 14.02.2018 മാർഗ്ഗരേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. എന്നാൽ, കുട്ടികൾ മറ്റു വകുപ്പുകളിൽ നിന്നോ മുൻവർഷങ്ങളിലോ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നതു സംബന്ധിച്ച സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കുട്ടികൾ നേരിട്ടു കൈപ്പറ്റിയതായാണ് പരിശോധനയിൽ വ്യക്തമായത്.

(3) നഗരസഭ അംഗീകരിച്ച 2020-21 വർഷത്തെ അന്തിമഗുണഭോക്തൃപ്പട്ടിക പ്രകാരം ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനു 17 വിദ്യാർത്ഥികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള കൈപ്പറ്റിൽ ഗുണഭോക്തൃപ്പട്ടികയിലുൾപ്പെടാത്ത കുട്ടിക്കും ഫർണ്ണിച്ചർ അനുവദിച്ചതായി കാണുന്നു. അഭിജിത്ത് ചന്ദ്രൻ.കെ.ടി എന്ന വിദ്യാർത്ഥി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ നമ്പർ 31/2020-21 തീയ്യതി: 10.03.2022 ഓഡിറ്റ് അന്വേഷണത്തിന് നമ്പർ 52/121/2022 ആയി 03.06.2022 തീയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ നഗരസഭ പരിധിയിൽ താമസിക്കുന്ന കുട്ടികൾ വിവിധ സ്ഥലങ്ങളിലെ സ്കൂളുകളിൽ പഠിക്കുന്നതാകയാൽ പ്രായോഗിക ബുദ്ധിമുട്ട് കാരണമാണ് നേരിട്ട് ആനുകൂല്യ വിതരണം നടത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. നഗരസഭ അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത കുട്ടിക്കും ഫർണിച്ചർ അനുവദിച്ചതുമായി ബന്ധപ്പെട്ട പരാമർശത്തിന് നൽകിയ മറുപടി അംഗീകരിക്കാനാവുന്നതല്ല. മേൽ പരാമർശിച്ച അപാകതകൾ കാരണം 86,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-54 കറവപ്പശു വളർത്തൽ പദ്ധതി-അപാകതകൾ

| | | |
|---|---|---|
| പദ്ധതിയുടെ നമ്പർ/പേര് | : | S0194/21, കറവപ്പശു വളർത്തൽ പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ |
| പദ്ധതി അടങ്കൽ | : | 9,00,000 [4,50,000 (വികസന ഫണ്ട്)+ 4,50,000 ഗുണഭോക്തൃ വിഹിതം) ] |
| ബിൽ നം./തീയതി/തുക | : | P-9/2020-21/തീയതി: 09.11.2020 : 2,10,000/-<br>P-16/2020-21/തീയതി: 25.01.2021 : 1,50,000/-<br>P-22/2020-21/തീയതി: 18.02.2021 : 90,000/- |

നഗരസഭയിലെ 15 ഗുണഭോക്താക്കൾക്ക് 60,000 രൂപ വീതം വില വരുന്ന പശുക്കളെ വാങ്ങുന്നതിലേക്കായി 30,000/- രൂപ സബ്സിഡി തുക അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട് നടപ്പിലാക്കിയത്. പശുക്കളെ വാങ്ങുന്നതിനുള്ള വിലയായ 60,000/- രൂപ ഗുണഭോക്താക്കൾ ബാങ്കുകളിൽ നിന്നും ലോണെടുക്കുകയും ബാങ്ക് മാനേജരുടെ/സെക്രട്ടറിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക ബാങ്കിനു കൈമാറുകയുമാണ് ചെയ്യുന്നത്.

പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ പറയുന്നു.

1. അപേക്ഷകളിലെ വിവരങ്ങൾ പൂർണ്ണമല്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച എല്ലാ അപേക്ഷകളിലും അപേക്ഷകരുടെ വരുമാനം രേഖപ്പെടുത്തുന്നില്ല. അപേക്ഷകരുടെ യോഗ്യത സംബന്ധിച്ച വാർഡ് സഭാ തീരുമാനവും നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകൾ പരിശോധിച്ചതു സംബന്ധിച്ചും രേഖപ്പെടുത്തുന്നില്ല.

2. വായ്പാ വിവരങ്ങൾ ലഭ്യമല്ല.

അപേക്ഷകർ വായ്പയെടുത്ത ബാങ്കിന്റെ സെക്രട്ടറി/മാനേജർ നൽകുന്ന ലോൺ അംഗീകരിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി തുക ബാങ്കുകൾക്കു കൈമാറിയിട്ടുണ്ടെങ്കിലും തലശ്ശേരി ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പയെടുത്ത അപേക്ഷകരുടെ വായ്പാവിവരങ്ങൾ ലഭ്യമല്ല. അപേക്ഷകരുടെ വിവരങ്ങൾ ചുവടെ പറയുന്നു.

| അപേക്ഷകന്റെ പേര് | വാർഡ് നമ്പർ |
|---|---|
| ബാബു പറമ്പത്ത് | 19/343 |
| ദിൽന.ആർ | 34/505 |
| ഷീജ.പി.വി | 6/472 |
| ലതിക രാജീവ് | 42/343 |
| പ്രസന്ന പ്രകാശ് | 23/535 |
| ഉഷാലത.എം.കെ | 9/41 |

| | |
|---|---|
| മഹേഷ്.എം.പി | 16/124 A |

3. 'വില്പന പത്രത്തിൽ, തുക ബാങ്ക് വഴി നൽകാമെന്നുള്ള ഉറപ്പിന്മേൽ വില്പന നടത്തിയിട്ടുള്ളതായി സമ്മതിച്ചിരിക്കുന്നു' എന്ന രേഖപ്പെടുത്തിയാണ് പശുവിന്റെ ഉടമസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പശുവിനെ വിറ്റയാൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് സീനിയർ വെറ്ററിനറി സർജന് നൽകിയ നമ്പർ 52/2020-21, തീയതി 04.05.22 ഓഡിറ്റ് അന്വേഷണത്തിന് സമർപ്പിച്ച മറുപടിയിൽ 'അപേക്ഷകളിൽ വരുമാന വിവരവും നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ചതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകളും ഇപ്പോൾ വരുത്തിയിട്ടുണ്ട്' എന്നാണ് അറിയിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിലെ പരാമർശങ്ങൾക്ക് തൃപ്തികരമായ മറുപടിയോ ബന്ധപ്പെട്ട രേഖകളോ ലഭ്യമാക്കാത്തതിനാൽ ചെലവുതുകയായ 4,50,000 രൂപ തടസ്സപ്പെടുത്തുന്നു.

1-55 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - 1,74,274 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പദ്ധതിയുടെ നമ്പർ/പേര് | : | S0192/21, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സീനിയർ വെറ്ററിനറി സർജൻ |
| പദ്ധതി അടങ്കൽ | : | 10,00,000 (5,00,000 വികസന ഫണ്ട് സാധാരണ വിഹിതം + 5,00,000 ഗുണഭോക്തൃ വിഹിതം) |
| ബിൽ നം./തീയതി | : | P-23/2020-21, തീയതി: 18.02.21 |
| ബിൽ തുക | : | 5,00,000 |

2020-21 വർഷം സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

23.02.21 തീയതിയിൽ ബിൽ നം. P-23 (2020-21 തീയതി : 18.02.21 പ്രകാരം 5,00,000 രൂപ എസ്.എൽ.ബി.പി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട സ.ഉ.(കൈ).11//2001/AD, തീയതി: 20.01.2001 മാർഗ്ഗരേഖയിൽ സബ്സിഡി തുകയുടെ വിനിയോഗം സംബന്ധിച്ച് വിവരങ്ങൾ ജില്ലാ കോ-ഓർഡിനേറ്റർ കൃത്യമായ ഇടവേളകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു അയച്ചുകൊടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. മേൽ പറഞ്ഞിട്ടുള്ള മാർഗ്ഗരേഖയിൽ കന്നുകുട്ടികളെ വരിചേർക്കുന്നതിനുള്ള നിബന്ധനകളും അപേക്ഷകൻ സമർപ്പിക്കേണ്ട കരാറിന്റെ മാതൃകയും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷകർ ആരും കരാർ സമർപ്പിച്ചിട്ടില്ല.

3. അപേക്ഷകളിലെ വിവരങ്ങൾ പൂർണ്ണമല്ല.

40 കന്നുകുട്ടികളുടെ പരിപാലനത്തിനായാണ് പദ്ധതി നടപ്പിലാക്കിയത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള അപേക്ഷകളിലെ വിവരങ്ങൾ അപൂർണ്ണമാണ്. വാർഡ്സഭാ തീരുമാനവും നഗരസഭാ തീരുമാനവും അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകരുടെ യോഗ്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകളൊന്നും സമർപ്പിക്കാത്ത അപേക്ഷകളുമുണ്ട്.

അപേക്ഷകരുടെ വിവരങ്ങൾ ചുവടെ പറയുന്നു.

| ക്രമനം. | വാർഡ് നം. | പേര് |
|---|---|---|
| 1 | 6 | രവീന്ദ്രൻ, കൊളശ്ശേരി,നമ്പേരി താഴെ കുനിയിൽ |
| 2 | 16 | ശ്രീധരൻ നായർ, അടമാരി ഹൗസ്, സൗപർണ്ണിക |
| 3 | 22 | ശാരദ കഴുങ്ങാറോഡിയിൽ, മൂഴിക്കര |
| 4 | 32 | ടി.പി ഗംഗാധരൻ, മാനസി മാടപ്പീടിക |
| 5 | 17 | സുനിത കെ.കെ, കീരാൽ കളത്തിൽ, മഞ്ഞോടി |

മേൽ അപാകതകൾ സംബന്ധിച്ച് 26.04.2022തീയതിയിൽ നൽകിയ 47/ 2020-21 ഓഡിറ്റ് അന്വേഷണത്തിന് No.DAHO/KNR/VPC/TLY/115/2022-A, തീയതി 26.04.2022 ആയി സീനിയർ വെറ്ററിനറി സർജൻ സമർപ്പിച്ച മറുപടിയോടൊപ്പം 3,25,726 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 1,74,274 രൂപയുടെ

ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

അപേക്ഷയോടൊപ്പം അനുബന്ധരേഖകളും കരാറും സമർപ്പിക്കാത്തത് സംബന്ധിച്ചും അപേക്ഷകളിൽ നിർവ്വഹണ ഉദ്യോഗസ്ഥനോ വാർഡ് സഭയോ പരിശോധിച്ച് തീരുമാനം എടുത്ത വിവരങ്ങൾ ലഭ്യമല്ലാത്തത് സംബന്ധിച്ചും ഉള്ള പരാമർശത്തിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള അപേക്ഷ ക്ഷണിക്കുകയും ആയത് നഗരസഭ അംഗീകരിക്കുകയും ചെയ്തിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും കരാറുകൾ എസ്.എൽ.ബി.പി കണ്ണൂരിന് സമർപ്പിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിട്ടുള്ളത്.

1-56 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

മരാമത്ത് ഫയലുകൾ പരിശോധിച്ചതിൽ നിന്നും നഗരസഭയിൽ നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ പൊതു അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2012 ലെ കേരളാ PWD മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ടും തയ്യാറാക്കേണ്ടതാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിനോടൊപ്പം ലൊക്കേഷൻ, പ്രവൃത്തിയുടെ സവിശേഷതകൾ, സൈറ്റ് പ്ലാൻ മുതലായവ ഉണ്ടായിരിക്കണം. എല്ലാ പ്രധാനപ്പെട്ട ഐറ്റങ്ങൾക്കും ഡിസൈൻ ഡ്രോയിംഗും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ പല മരാമത്ത് ജോലികളിലും ഇത്തരത്തിൽ ഒരു എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ |
|---|---|---|---|
| 1 | 167/21 | കല്ലായി തെരു ടെലി ഹോസ്പിറ്റൽ ദിനേശ് ഭവൻ റോഡ് പുനരുദ്ധാരണം | E1/12387/20 |
| 2 | 660/21 | കല്ലിൽ താഴെ - പാറാൽ എൻ.എച്ച്. ബൈപാസ് റോഡ് വരെ ഡ്രെയിനേജ് നിർമ്മാണം | E1/2352/2020 |
| 3 | 608/21 | പള്ളിവേട്ട റോഡ് ടാറിംഗ് കെ.ജി. ഫ്ലോർ മിൽ, അപ്പുവൈദ്യർ വീട് വരെയും ഫുട്പാത്ത് കോൺക്രീറ്റിംഗ് വാർഡ് 36 | E1/18102/2019 |
| 4 | 133/21 | കക്കാട് പറമ്പ് റോഡ് റീടീറിംഗ് വാർഡ് 28 | E1/15369/20 |
| 5 | 167/21 | കല്ലായി തെരു ടെലി ഹോസ്പിറ്റൽ ദിനേശ് ഭവൻ റോഡ് പുനരുദ്ധാരണം | E1/12387/20 |
| 6 | 657/21 | ചാലിൽ ഗോപാൽപേട്ട റോഡ് ടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം, ഗോപാൽപേട്ട കൊക്കപ്പുറം റോഡ് കോൺക്രീറ്റിംഗ് | E1/26983/19 |

എസ്റ്റിമേറ്റ് പ്രൈസിൽ തയ്യാറാക്കുന്നതുകൊണ്ട് അതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രൈസിൽത്തന്നെ ടൈപ്പ് ചെയ്ത് അപ്‌ലോഡ് ചെയ്യുന്നതുകൊണ്ട് കോപ്പി എടുത്തുവയ്ക്കാൻ സാധിക്കുന്നില്ലെന്നും പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡ്രോയിംഗുകൾ, സൈറ്റ് പ്ലാൻ എന്നിവ പ്രൈസിൽ അപ്‌ലോഡ് ചെയ്യാറുണ്ടെന്നും കോപ്പി എടുത്തു വെക്കുവാൻ വിട്ടുപോയതാണെന്നും ആയത് ഇനിമുതൽ പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നമ്പർ:46/2021; തീയ്യതി: 20.04.2021) വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമായ രേഖകൾ സഹിതമുള്ള ഫയൽ സൂക്ഷിക്കാൻ നിഷ്കർഷ പുലർത്തേണ്ടതാണ്.

2. പ്രവൃത്തി ഏറ്റെടുത്ത രേഖകൾക്ക് നിയമപരമായി സാധുതയില്ല.

കരാർ ചമച്ച് പത്ത് ദിവസത്തിനകം കരാറുകാരനോ അയാളുടെ അംഗീകൃത പ്രതിനിധിയോ പ്രവൃത്തി സ്ഥലം അസിസ്റ്റന്റ്

എഞ്ചിനീയറിൽനിന്നും ഏറ്റെടുക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള കൈപ്പറ്റ് രശീത് ഒപ്പുവച്ച് നൽകേണ്ടതുമാണ് (പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2102.1). എന്നാൽ സൈറ്റ് ഏറ്റെടുത്തത് സംബന്ധിച്ച അപ്പന്റിക്സ് VI (A) മാതൃകയിലുള്ള കത്തിൽ സൈറ്റ് ഏറ്റെടുത്ത തീയ്യതി, കോൺട്രാക്ടറുടെ തീയ്യതി സഹിതമുള്ള ഒപ്പ് എന്നിവ ചേർക്കുന്നതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | കുറിപ്പ് |
|---|---|---|---|---|
| 1 | 167/21 | കല്ലായി തെരുടെലി ഹോസ്പിറ്റൽ ദിനേശ് ഭവൻ റോഡ് പുനരുദ്ധാരണം | E1/12387/20 | കോൺട്രാക്ടർ തീയ്യതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 660/21 | കല്ലിൽ താഴെ - പാറാൽ എൻ.എച്ച്. ബൈപാസ് റോഡ് വരെ ഡ്രെയിനേജ് നിർമ്മാണം | E1/2352/2020 | കോൺട്രാക്ടർ തീയ്യതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 3 | 608/21 | പള്ളിവേട്ട റോഡ് ടാറിംഗ് കെ.ജി. ഫ്ലോർ മിൽ, അപ്പുവൈദ്യർ വീട് വരെയും ഫുട്പാത്ത് കോൺക്രീറ്റിംഗ് വാർഡ് 36 | E1/18102/2019 | കോൺട്രാക്ടർ തീയ്യതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 167/21 | കല്ലായി തെരുടെലി ഹോസ്പിറ്റൽ ദിനേശ് ഭവൻ റോഡ് പുനരുദ്ധാരണം | E1/12387/20 | കോൺട്രാക്ടർ തീയ്യതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 657/21 | ചാലിൽ ഗോപാൽപേട്ട റോഡ് ടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം, ഗോപാൽപേട്ട കൊക്കപ്പുറം റോഡ് കോൺക്രീറ്റിംഗ് | E1/26983/19 | കോൺട്രാക്ടർ തീയ്യതിയോടുകൂടിയ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. |

അപാകതകൾ പരിഹരിക്കുന്നതാണെന്ന് മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

3. മരാമത്ത് പ്രവൃത്തികൾ റിവൈസ് ചെയ്തത് നടപടിക്രമങ്ങൾ പാലിക്കാതെ

ചില മരാമത്ത് ജോലികളുടെ ഫയൽ പരിശോധിച്ചതിൽനിന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്യപ്പോൾ താഴെ

കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. (പൊതുമരാമത്ത് മാന്വൽ 2012- 1601.1.6)

1. പ്രവൃത്തിയുടെ പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ പ്രകൃതവും കാരണവും സാമ്പത്തിക ആഘാതവും എന്തൊക്കെയാണെന്ന് വിലയിരുത്തിക്കൊണ്ടുള്ള അപ്പന്റിക്സ് 1600 E മാതൃകയിലുള്ള വ്യതിയാന പത്രിക (Variation Statement) തയ്യാറാക്കിയിട്ടില്ല.
2. അളവുകൾ, നിരക്കുകൾ, ഓരോ ഇനത്തിന്റെയും വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവുമുള്ള തുകകൾ എന്നിവ ഉൾപ്പെടുന്ന ഒരു താരതമ്യ പത്രിക (Comparative Statement) അപ്പന്റിക്സ് 1600 F മാതൃകയിൽ തയ്യാർ ചെയ്തിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | കുറിപ്പ് |
|---|---|---|---|---|
| 1 | 657/21 | ചാലിൽ ഗോപാൽപേട്ട റോഡ് ടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം, ഗോപാൽപേട്ട കൊക്കപ്പുറം റോഡ് കോൺക്രീറ്റിംഗ് | E1/26983/19 | |
| 2 | 608/21 | പള്ളിവേട്ട റോഡ് ടാറിംഗ്, കെ.ജി.ഫ്ലവർമിൽ മുതൽ അപ്പവൈദ്യർ വീട് വരെ നടപ്പാത നിർമ്മാണം- വാർഡ് 36 | E1/18102/19 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൊതുമരാമത്ത് മാന്വൽ 2012 സെക്ഷൻ 1601.1.6-ൽ നിർദ്ദേശിച്ച മാതൃകയിലല്ല തയ്യാറാക്കിയിരിക്കുന്നത്. |

മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിലവിൽ റിവൈസ്ഡ് എസ്റ്റിമേറ്റുകളുടെ കൂടെ 1600E, 1600F മാതൃകകളിലുള്ള ഫോറങ്ങൾ തയ്യാർ ചെയ്ത് വയ്ക്കാറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

4. ഫൈനൽ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം

കേരളാ പൊതുമരാമത്ത് ചട്ടങ്ങളിലെ ചട്ടം 15 (7) പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ഒരാഴ്ചക്കകം അളവെടുത്ത് രണ്ടാഴ്ചക്കകം ഫൈനൽ ബിൽ സമർപ്പിക്കണം. ഫൈനൽ ബിൽ സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടാത്ത മരാമത്ത് പണികൾക്ക് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പദ്ധതിയുടെ പേര് | ഫയൽ നമ്പർ | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | ഫൈനൽ ബിൽ തീയ്യതി |
|---|---|---|---|---|---|
| 1 | 515/21 | കൊടുവള്ളി സ്കൂൾ കെട്ടിടം അറ്റകുറ്റപ്പണിയും ചുറ്റമതിൽ നിർമ്മാണവും | E1/27036/19 | 27.01.2020 (എം.ബുക്ക് പേജ് നം.16) | 25.05.2020 |
| 2 | 557/21 | ശ്രീരാമസ്വാമി ക്ഷേത്രത്തിന് മുന്നിലുള്ള ചെട്ടിയാർ കോളനി- | E1/39651/17 | 16.05.2019 (എം.ബുക്ക് പേജ് നം..37) | 17.08.2020 |

| | | | | | |
|---|---|---|---|---|---|
| | | കാരയിൽ ഭഗവതി ക്ഷേത്രം റോഡ് റീ ടാറിംഗും ഡ്രെയിനും നിർമ്മാണം വാർഡ് 39 | | | |
| 3 | 288/22 | ഡ്രെയിനേജ് പുനരുദ്ധാരണം ഫുട്പാത്ത് കോൺക്രീറ്റ് കാരയിൽ ഭഗവതി ടെമ്പിൾ വാർഡ് 39 | E1/15338/20 | 11.05.2021 (എം.ബുക്ക് പേജ് നം.14) | 29.10.2021 |
| 4 | 608/21 | പള്ളിവേട്ട റോഡ് ടാറിംഗ്, കെ.ജി.ഫ്ലോർ മിൽ, അപ്പ വൈദ്യർ വീട് വരെയും ഫുട്പാത്ത് കോൺക്രീറ്റിംഗ്, വാർഡ് 36 | E1/18102/19 | 22.02.2020 (എം.ബുക്ക് പേജ് നം.28) | 27.03.2021 |
| 5 | 657/21 | ചാലിൽ ഗോപാൽപേട്ട റോഡ് ടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം, ഗോപാൽപേട്ട കൊക്കപ്പുറം റോഡ് കോൺക്രീറ്റിംഗ് | E1/26983/19 | 18.06.2020 (എം.ബുക്ക് പേജ് നം.38) | 21.11.2020 |
| 6 | 660/21 | കല്ലിൽ താഴെ - പാറാൽ എൻ.എച്ച്. ബൈപാസ് റോഡ് വരെ ഡ്രെയിനേജ് നിർമ്മാണം | E1/2352/2020 | 29.12.2020 (എം.ബുക്ക് പേജ് നം.28) | 14.03.2021 |

മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പദ്ധതി പ്രവർത്തനം നടക്കുമ്പോൾ ഒരു വർഷത്തേക്ക് ഒരുപാട് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്നും ഒരുപാട് പദ്ധതികൾ ഒരേ സമയത്ത് പൂർത്തീകരിക്കപ്പെടുമ്പോൾ ബിൽ തയ്യാറാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ടെന്നും ഇനി മുതൽ ആയത് പരിഹരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മേൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

5. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റില്ലാതെ കരാറുകാരന് ഫൈനൽ ബിൽ തുക അനുവദിച്ചു നൽകി

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2113 പ്രകാരം മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചാൽ പ്രവൃത്തിയുടെ ഡ്രോയിംഗ് സഹിതവും മേലുദ്യോഗസ്ഥർക്കുള്ള പകർപ്പുകൾ സഹിതവും സാങ്കേതികാനുമതി നൽകിയ അധികാര സ്ഥാനത്തിന് ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് അപ്പന്റിക്സ് 2100 G മാതൃകയിൽ സമർപ്പിക്കേണ്ടതാണ്. പൂർത്തീകരണ സർട്ടിഫിക്കറ്റ് അധികാര സ്ഥാനങ്ങൾ സാക്ഷ്യപ്പെടുത്താതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ച

നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരം പൂർത്തീകരണ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ലാത്തതും ഫൈനൽ ബിൽ നൽകിയതുമായ ചില പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ഫയൽ നം. | ബിൽ നം. (ACR പ്രകാരം) | തുക |
|---|---|---|---|---|---|
| 1 | 515/21 | കൊട്ടുവള്ളി സ്കൂൾ കെട്ടിടം അറ്റകുറ്റപ്പണിയും ചുറ്റുമതിൽ നിർമ്മാണവും | E1/27036/19 | | 5,42,188 |
| 2 | 557/21 | ശ്രീരാമസ്വാമി ക്ഷേത്രത്തിന് മുന്നിലുള്ള ചെട്ടിയാർ കോളനി-കാരയിൽ ഭഗവതി ക്ഷേത്രം റോഡ് റീ ടാറിംഗും ഡ്രെയിനും നിർമ്മാണം വാർഡ് 39 | E1/39651/17 | 175/25.05.2020 | 1143517 |
| 4 | 608/21 | പള്ളിവേട്ട റോഡ് ടാറിംഗ്, കെ.ജി.ഫ്ലോർ മിൽ, അപ്പ വൈദ്യർ വീട് വരെയും ഫുട്പാത്ത് കോൺക്രീറ്റിംഗ്, വാർഡ് 36 | E1/18102/19 | 415/27.01.2021 | 631369 |
| 5 | 657/21 | ചാലിൽ ഗോപാൽപേട്ട റോഡ് ടാറിംഗ്, ഡ്രെയിനേജ് നിർമ്മാണം, ഗോപാൽപേട്ട കൊക്കപ്പുറം റോഡ് കോൺക്രീറ്റിംഗ് | E1/26983/19 | 310/21.11.2020 | 1891338 |
| 6 | 660/21 | കല്ലിൽ താഴെ - പാറാൽ എൻ.എച്ച്. ബൈപാസ് റോഡ് വരെ ഡ്രെയിനേജ് നിർമ്മാണം | E1/2352/2020 | 541/14.03.2021 | 1626437 |

സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ റിപ്പോർട്ട് നിലവിൽ തയ്യാറാക്കി വയ്ക്കുന്നുണ്ടെന്ന് മേൽ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

1-57 നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി റിവൈസ് ചെയ്തതും വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിക്കാനാവാത്തതും

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (സൗത്ത്) |
| പ്രൊജക്റ്റിന്റെ പേര് | : | പള്ളിവേട്ട റോഡ് റീടാറിംഗ്, കെ.ജി.ഫ്ലോർ മിൽ അപ്പുവൈദ്യർ വീട് വരെ ഫുട്പാത്ത് കോൺക്രീറ്റിംഗ്- അപാകതകൾ |
| പ്രോജക്റ്റ് നമ്പർ | : | S0 608/21 |
| അടങ്കൽ | : | 11,00,000 (ധനകാര്യ കമ്മീഷൻ അവാർഡ് അടിസ്ഥാന വിഹിതം) |
| ചെലവ് | : | 10,04,548/- |
| ബിൽ നം./തീയ്യതി | : | 415/27.01.2021- 6,31,369<br>676/27.03.2021- 3,73,179 |
| ഫയൽ നം. | : | E1-18102/19 |
| അളവ് പുസ്തകം നം | | 145/19 |
| കരാറുകാരൻ | : | ശ്രീ. പി. ജിജീഷ് എം., മഠത്തിൽ ഹൗസ്, പാറാൽ |

2019-20 വാർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച പദ്ധതിയാണിത്. ഈ പ്രവൃത്തിയിൽ പള്ളിവേട്ട റോഡ് ടാറിംഗും കെ.ജി ഫ്ലോർമിൽ മുതൽ അപ്പുവൈദ്യർ വീട് വരെ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. 20.09.2019 ന് ആരംഭിച്ച് 20.02.2020 ന് ഭാഗികമായി പൂർത്തീകരിച്ച പദ്ധതിയാണിത്. ഈ പ്രവൃത്തി റിവൈസ് ചെയ്തതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭരണാനുമതി ലഭിച്ചതിന്റെ രേഖയില്ല.

2012 ലെ കേരളാ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.6 പ്രകാരം അംഗീകാരം നേടിയ പ്രൊജക്റ്റിൽ എന്തെങ്കിലും ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ, വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും അനുമതി വാങ്ങണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചതിന്റെ രേഖ ഫയലിൽ ലഭ്യമല്ല.

2. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2111 പ്രകാരം സാങ്കേതിക അനുമതി നൽകുന്ന അധികാര സ്ഥാനത്തിന്റെ അനുമതിയില്ലാതെ പ്രവൃത്തിയുടെ രൂപരേഖയിൽ മാറ്റം വരുത്തുവാൻ പാടില്ല. പ്രവൃത്തിയിൽ ഉൾപ്പെട്ട എല്ലാ വ്യതിയാനങ്ങളും പ്രവൃത്തി അംഗീകരിക്കുന്ന അധികാര സ്ഥാനത്തെ യഥാസമയം അറിയിക്കേണ്ടതാണെന്നും പ്രവൃത്തിയിൽ മാറ്റം വരുത്തുന്നതിന് മുൻപായി അധിക ചെലവ് ഉൾപ്പെട്ടതോ അല്ലാത്തതോ ആയ ഘടനാപരമായ എല്ലാ പ്രധാന വ്യതിയാനങ്ങളും സാങ്കേതിക അനുമതി നൽകുന്ന അധികാര സ്ഥാനത്തിന് റിപ്പോർട്ട് ചെയ്യുകയും അംഗീകാരം വാങ്ങുകയും ചെയ്തിരിക്കണമെന്നും മേൽ സെക്ഷനിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ അംഗീകാരം ലഭ്യമായതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

3. പദ്ധതി സൂക്ഷ്മപരിശോധനയ്ക്കും വിശകലനത്തിനും വിധേയമാക്കിയിട്ടില്ല-വിഭാവനം ചെയ്ത പദ്ധതി പൂർത്തീകരിച്ചില്ല.

2012 ലെ കേരളാ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1402 പ്രകാരം ഡിസൈനും എസ്റ്റിമേറ്റും അന്തിമമാക്കുന്നതിന് മുൻപ് പ്രവൃത്തി ഉചിതമായ വിധത്തിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും പ്രസക്തമായ വിവരശേഖരണങ്ങൾ നടത്തുകയും വിവരങ്ങൾ പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്യുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ആസൂത്രണം ചെയ്ത ഘട്ടത്തിൽത്തന്നെ പദ്ധതി സൂക്ഷ്മപരിശോധന നടത്തിയതിന്റെയോ പ്രസക്തമായ വിവരശേഖരണങ്ങൾ നടത്തി പ്രവൃത്തി വിശകലനം ചെയ്തതിന്റെയോ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി നടന്നുകൊണ്ടിരിക്കെ വാർഡ് കൗൺസിലർ ശ്രദ്ധയിൽപ്പെടുത്തിയതിനുസരിച്ചും പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയതിൽനിന്നും വർഷകാലത്ത് റോഡിൽ രൂക്ഷമായ വെള്ളക്കെട്ട് അനുഭവപ്പെടുന്നതായി അറിയാൻ കഴിഞ്ഞെന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വാർഡ് കൗൺസിലറുടെ കത്തോ സ്ഥലപരിശോധന നടത്തിയതിന്റെ രേഖയോ ഫയലിൽ ലഭ്യമല്ല. ഫുട്പാത്ത് നിർമ്മാണത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷമാണ് വെള്ളക്കെട്ട് കണ്ടെത്തുന്നതും പ്രവൃത്തി റിവൈസ് ചെയ്യുന്നതും. പ്രവൃത്തിക്കിടയിൽ ഉണ്ടായ ഈ വ്യതിയാനം കാരണം പദ്ധതിയിൽ വിഭാവനം ചെയ്തിരുന്ന റോഡ് നിർമ്മാണത്തിൽ ഉൾപ്പെട്ട ഗ്രാനുലാർ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം, പ്രൈം കോട്ട്, ടാക്ക് കോട്ട്, ചിപ്പിംഗ് കാർപ്പെറ്റ്, സീൽ കോട്ട് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതെ റോഡ് പ്രവൃത്തി പാതിവഴിയിലായ അവസ്ഥയിലാണുള്ളത്. റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ

എന്നത് സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.

4.പത്രികകൾ തയ്യാറാക്കിയിട്ടില്ല.

റിവൈസ്ഡ് എസ്റ്റിമേറ്റിൽ 2012 ലെ കേരളാ പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 1601.1.6 പ്രകാരമുള്ള താഴെ പറയുന്ന പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

A. പ്രധാനപ്പെട്ട വ്യതിയാനങ്ങളുടെ പ്രകൃതവും കാരണവും സംബന്ധിച്ചും അതിന്റെ സാമ്പത്തിക പ്രതിഫലനവും സൂചിപ്പിച്ചുകൊണ്ട് അപ്പന്റിക്സ് 1600 E മാതൃകയിലുള്ള വ്യതിയാന പത്രിക.

B. അളവുകൾ, നിരക്കുകൾ, ഓരോ ഇനത്തിന്റെയും വ്യതിയാനത്തിന്റെ കാരണം വ്യക്തമാക്കിക്കൊണ്ടുള്ള ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരവും റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരവുമുള്ള തുകകൾ എന്നിവ ഉൾപ്പെടുന്ന ഒരു താരതമ്യ പത്രിക അപ്പന്റിക്സ് 1600 F മാതൃകയിലുള്ള പത്രിക.

മേൽക്കാര്യങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ: 64/2020-21; തീയ്യതി:11.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ഭാഗികമായി നിർവ്വഹണം നടത്തിയ നിലയിൽ അവശേഷിക്കുന്നതിനാൽ ആകെ ചെലവ് തുകയായ 10,04,548/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-58 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിന് അനുബന്ധമായി പുതിയ ഷെഡ് നിർമ്മാണം- ഒന്നാംഘട്ടം- സ്ട്രക്ചറൽ വർക്ക്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, നോർത്ത് |
| പ്രോജക്ട് നം | S 0647/19 [ SO 0578/21] |
| ബിൽ നം & തീയതി | 326/28.11.2020 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം) |
| തുക | 97,89,281 |
| ഫയൽ നം. | ഇ2/20437/18 |

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ കെട്ടിടത്തോട് അനുബന്ധിച്ച് ഷെഡ് നിർമ്മിക്കുന്നതിന് മേൽ പ്രൊജക്ട് പ്രകാരം ഒരു കോടി രൂപ വകയിരുത്തി. മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകരിച്ച പദ്ധതിയിൽ നിന്നും വിഭിന്നമായി പദ്ധതി നിർവ്വഹണം നടത്തി – വകയിരുത്തിയ തുക തന്നെ ചെലവഴിച്ചു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാളിന് അനുബന്ധമായി പുതിയ ഷെഡ് നിർമ്മിക്കുന്നതിന് മേൽ പദ്ധതി പ്രകാരം ഒരു കോടി രൂപ വകയിരുത്തി. പ്രസ്തുത പദ്ധതി പ്രകാരം 3948.47 $M^2$ തറവിസ്തീർണ്ണമുള്ളതും രണ്ട് നിലകളോട് കൂടിയ കോൺക്രീറ്റ് കെട്ടിടം നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. കൗൺസിൽ അംഗീകാരം പ്രതീക്ഷിച്ച് മേൽ പദ്ധതിയുടെ നിർവ്വഹണം അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 22/09/18 ന് വർക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി നിർവ്വഹണം നടത്തിയപ്പോൾ 97,89,281/- രൂപ ചെലവഴിച്ച് നഗരസഭ നിർമ്മിച്ചിരിക്കുന്നത് അംഗീകരിച്ച പ്രൊജക്ടിൽ നിന്നും വിഭിന്നമായി 500$m^2$ താഴെ തറവിസ്തീർണ്ണമുള്ള ഒറ്റനില കോൺക്രീറ്റ് കെട്ടിടമാണ്. ഹാജരാക്കിയ ഫയലിൽ കെട്ടിടത്തിന്റെ പ്ലാനോ എലിവേഷനോ കംപ്ലീഷൻ റിപ്പോർട്ടോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

2) ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മു മ്പ് സൈറ്റ് പരിശോധന നടത്തിയില്ല.

പി.ഡബ്ല്യു.ഡി മാന്വലിലെ സെക്ഷൻ 1501.1 പ്രകാരം ഡീറ്റയിൽഡ് എസ്റ്റിമേറ്റിന് മുമ്പ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സ്ട്രക്ചർ ഡിസൈനിംഗിന് അംഗീകാരം നൽകേണ്ടതും പ്രൊപ്പോസ്ഡ് ഡിസൈൻ പ്രസ്തുത സൈറ്റിൽ നടപ്പിലാക്കാൻ സാധിക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രസ്തുത മാന്വലിലെ സെക്ഷൻ 1601.1 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സൈറ്റ് പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റും ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതി നിർവ്വഹണത്തിൽ പ്രവൃത്തി ആരംഭിച്ചതിന് ശേഷമാണ് സൈറ്റ് പരിശോധന നടത്തിയിരിക്കുന്നത്. 07.12.2018 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാന്റെ കത്തിൽ ‘ പ്രവൃത്തി ആരംഭിച്ചപ്പോൾ നിലവിലെ ഗ്രൗണ്ട് സോയിൽ കണ്ടീഷൻ വളരെ മോശമായതിനാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള ബിൽഡിംഗ് ഫൗണ്ടേഷൻ സൈറ്റിൽ അപര്യാപ്തമായതിനാൽ ’ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ കാലാവധി 28.09.2018 മുതൽ 27.03.2019 വരെയായിരുന്നു. ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സൈറ്റ് പരിശോധന നടത്തിയിട്ടില്ലെന്ന് ഇതിനാൽ വ്യക്തമാവുന്നു.

3) കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല :-

പൊതുമരാമത്ത് മാന്വൽ-2012 [ജി.ഒ.(പി) നം. 13/2012/PWD/Dt: 01.02.2012] ലെ ഖണ്ഡിക 2112 പ്രകാരം

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പ്രവൃത്തി ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പ് നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡായി അനുവദിക്കാവുന്നതാണ്.

പ്രസ്തുത മാന്വലിലെ സെക്ഷൻ 2112.1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥർ മുഖേന അപേക്ഷ നൽകേണ്ടതും ഭരണസമിതിയുടെ അംഗീകാരം വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കികൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല. ഈ കാലാവധിക്ക് ശേഷം പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല.

| | | |
|---|---|---|
| കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത തീയ്യതി | - | 28.9.2018 |
| പൂർത്തീകരണ കാലാവധി | - | 6 മാസം [ 28.09.2018 മുതൽ 27.03.2019 വരെ] |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | - | 04.08.2020 |
| PAC തുക | - | 93,00,497 |

[കാലാവധി ദീർഘിപ്പിക്കുന്നതിന് വേണ്ടി 25.03.2019 ൽ കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് പൂർത്തീകരണ കാലാവധിയുടെ 25% ഗ്രേസ് പിരീയഡായി അനുവദിക്കാവുന്നതാണ്.]

28.03.2019 മുതൽ 12.05.2019 വരെ ഗ്രേസ് പിരീയഡ്

13.05.2019 മുതൽ 27.06.2019 വരെ - PAC യുടെ 1%

=9300497X1/100= 93004.97

Limited To 50,000

28.06.2019 മുതൽ 11.08.2019 വരെ - PAC യുടെ 2%

= 9300497X2/100= 186009.94

Limited To 1,00,000

12.08.2019 മുതൽ 04.08.2020 വരെയുള്ള പ്രവൃത്തി ആധികാരകമല്ല.

കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ആകെ പിഴ- 1,50,000

കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിന് കാലാവധിക്കകം അപേക്ഷിച്ചിട്ടുണ്ടെങ്കിലും നോട്ട് ഫയലിലെ കുറിപ്പിൽ കരാറുകാരന്റെ അപേക്ഷ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരന്റെ അപേക്ഷ പരിശോധിച്ച ശേഷം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശ (അപ്പൻഡിക്സ് 2100I) ഫയലിൽ ലഭ്യമല്ല. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചിരിക്കുന്നത് പദ്ധതി പൂർത്തീകരിച്ച തീയ്യതിക്ക് ശേഷമാണ്.

4) ചെക്ക് മെഷർമെന്റ് - അളവുകൾ വ്യത്യാസം :-

മെഷർമെന്റ് ബുക്ക് നം. 50/19 ലെ ഐറ്റം നം. 5.22.6 പ്രകാരമുള്ള [പേജ് നം. 13 മുതൽ 16 വരെ] അളവുകൾ ചുവടെ ചേർത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

മെഷർമെന്റ് ബുക്ക് പ്രകാരം അനുവദിച്ച തുക

Steel Reinforcement For R.C.C Work For 39051.34 Kg

@ 73.14 പ്രകാരം അനുവദിച്ച തുക- 28,56,215 രൂപ

മെഷർമെന്റ് ബുക്ക് പ്രകാരമുള്ള ആകെ അളവുകൾ പ്രകാരം

അനുവദിക്കാവുന്ന തുക: -38991.337kg @ 73.14 – 2851826

കരാറുകാരന് അധികം അനുവദിച്ച തുക – 2856215-2851826 =4,389 രൂപ

5) സ്ട്രക്ചറൽ ഡിസൈനിംഗ് അംഗീകാര ം ലഭിക്കുന്നതിന് മുമ്പെ പദ്ധതി നിർവ്വഹണം നടത്തി .

03.11.2020 തീയ്യതിയിലെ നോട്ടുഫയൽ കുറിപ്പ് പ്രകാരം പുതുക്കിയ സ്ട്രക്ചറൽ ഡിസൈനിംഗ് അംഗീകാരത്തിനായി പ്രിൻസിപ്പൽ, ഗവ.എഞ്ചിനീയറിങ്ങ് കോളേജ്, കണ്ണൂരിന് 10.01.2019 ന് അയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. പുതുക്കിയ സ്ട്രക്ചറൽ ഡിസൈനിംഗ് അംഗീകാരം ലഭിക്കുന്നതിന് മുമ്പെ 05.03.2019 ന്

ചെക്ക് മെഷർമെന്റ് ബുക്ക് നം. 908/16 പ്രകാരം പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ, എലിവേഷൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളും ഫയലിൽ ലഭ്യമല്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ 30.12.21 ലെ 09/20-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയായ 1,50,000രൂപയും കരാറുകാരന് അധികം നൽകിയ തുകയായ 4,389 രൂപയും ഈടാക്കി നഗരസഭ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ചെലവ് തുകയായ 97,89,281/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-59 കണ്ടിക്കൽ ഗ്യാസ് ശ്മശാനം നിർമ്മാണം-മരാമത്ത് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസിസ്റ്റന്റ് എഞ്ചിനീയർ (നോർത്ത് സെക്ഷൻ) |
| പ്രൊജക്റ്റ് നം | : | SO 0490/21 |
| ബിൽ നം. & തീയതി/തുക | : | 146/20.05.20 (₹17,83,005) |
| | : | 147/20.05.20 (₹40,44,496) |
| ഫയൽ നം | : | ഇ2/15037/12 |

നഗരസഭയിലെ തിരുവങ്ങാട് വില്ലേജിൽ വയലളം ദേശത്ത് റീസർവ്വെ നം. 7/3, 7/4-ൽ ഉൾപ്പെട്ട 'കണ്ടിക്കൽ' എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള ശ്മശാനം നിർമ്മിക്കുന്നതിന് വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ൽ നിന്നും 1,28,00,000/- രൂപ വകയിരുത്തുകയും 22.09.2018 ലെ 90/AE(N)/LSGD/TMC/2017-18 തീയ്യതിയിലെ കരാർ പ്രകാരം 138.53 ച.മീ.വിസ്തീർണ്ണമുള്ള പുതിയ കെട്ടിട നിർമ്മാണം, ലാൻഡ്സ്കേപ്പിംഗ്, കോമ്പൗണ്ട് വാൾ നിർമ്മാണം, സ്റ്റെപ്പ്, കിണർ, പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് എന്നീ (L.S For Electrical Work, Gas Crematorium Furnace ഒഴിച്ച്) മരാമത്ത് പ്രവൃത്തികളുടെ നിർമ്മാണം അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ നിർവ്വഹണം നടത്തുന്നതിന് വേണ്ടി നഗരസഭ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. 'കണ്ടിക്കൽ ഗ്യാസ് ശ്മശാനം ' എന്ന പദ്ധതിക്ക് വേണ്ടി നഗരസഭ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്താണ്.

നഗരസഭ ഗ്യാസ് ശ്മശാനം നിർമ്മിക്കുന്ന സ്ഥലം തിരുവങ്ങാട് വില്ലേജിൽ ഉൾപ്പെട്ട റീ-സർവ്വെ നം. 7/3, 7/4-ൽ ഉൾപ്പെട്ട സ്ഥലത്താണ്. 21.08.2017 ലെ നോട്ട് ഫയൽ കുറിപ്പ് (പേജ് നം.9) പ്രകാരം പ്രസ്തുത സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡാറ്റാ ബാങ്കിൽ നിന്നും പ്രസ്തുത സ്ഥലം ഒഴിവാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിലെ 4-ാംവകുപ്പ് പ്രകാരം പരിവർത്തനപ്പെടുത്തിയ നെൽവയലിലോ, തണ്ണീർത്തടത്തിലോ ഏതെങ്കിലും പ്രവൃത്തിയോ നിർമ്മാണമോ നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനം അനുമതി നൽകുവാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായല്ല നഗരസഭ കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്. സ്ഥലത്തിന്റെ ആധാരം, കൈവശാവകാശ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. അക്രഡിറ്റഡ് ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ' PRICE' സോഫ്റ്റ്‌വെയർ ഉപയോഗിച്ചല്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി പുറപ്പെടുവിച്ചിട്ടുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയായിരിക്കണം പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളാണ് (PWD നിരക്കുകൾ) എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അവലംബിക്കേണ്ടതാണെന്നും 18.05.2007 ലെ സ.ഉ.(എം.എസ്) 133/07 ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ' PRICE' സോഫ്റ്റ്‌വെയർ ഉപയോഗിച്ചല്ല. കെട്ടിടത്തിന്റെ പ്ലാൻ, എലിവേഷൻ, കംപ്ലീഷൻ റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഫയലിൽ ലഭ്യമല്ല.

3. സർക്കാർ അനുമതിയില്ലാതെ അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ചു.

ജി.ഒ.(പി) നം. 311/14/ഫിൻ തീയ്യതി:30.07.2014 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത സർക്കാർ വകുപ്പുകൾക്ക്/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രവൃത്തികൾ അടങ്കൽ തുകയുടെ അധികാര പരിധിക്കുള്ളിൽ നിന്നു കൊണ്ട് നിർവ്വഹിക്കുവാൻ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്.

സ്വന്തമായി എഞ്ചിനീയറിംഗ് സംവിധാനമുള്ള വകുപ്പുകൾക്കും/സ്ഥാപനങ്ങൾക്കും സ്വന്തമായല്ലാതെ പ്രത്യേക സാങ്കേതിക ആവശ്യങ്ങൾക്കായി സർക്കാരിന്റെ അംഗീകാരത്തോടെ അക്രഡിറ്റഡ് ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്ന് വ്യക്തമാക്കുന്നു.

എന്നാൽ നഗരസഭ നടപ്പിലാക്കിയ ടി പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നതിന് നഗരസഭയ്ക്ക് സർക്കാരിൽ നിന്നും അനുവാദം ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.

4. എസ്റ്റിമേറ്റും സാങ്കേതികാനുമതിയും നിരവധി തവണ പുതുക്കി.

അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പദ്ധതി നിർവ്വഹണ സമയത്ത് നാല് തവണ റിവൈസ് ചെയ്തതായി കാണുന്നു. കാര്യക്ഷമമായ സ്ഥലപരിശോധന നടത്താതെയും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 1601.1.1 പ്രകാരമുള്ള പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ച തീയ്യതി | പുതുക്കിയ തീയ്യതി | അടങ്കൽ തുക | റിവൈസ് ചെയ്യുവാനുണ്ടായ കാരണങ്ങൾ |
|---|---|---|---|
| 02.08.2018 | - | 1,28,00,000 | ഒറിജിനൽ എസ്റ്റിമേറ്റ് |
| 02.08.2018 | 31.08.2018 | 1,25,00,000 | കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കി |
| 31.08.2018 | 15.10.2019 | 1,25,00,000 | സൈറ്റ് കണ്ടീഷൻ പ്രകാരം പൈലിംഗ് ഫൗണ്ടേഷൻ ആവശ്യമായി വന്നു. |
| 15.10.2019 | 16.03.2020 | 1,26,05,044 | കോമ്പൗണ്ട് വാളിന് Dry Rubble Masonry Readymade Septic Tank, Interlocking അളവ് കൂടി, കരിങ്കല്ല് കൊണ്ട് ഓപ്പൺ സ്റ്റേജ് എന്നിവ ഉൾപ്പെടുത്തി. |
| 16.03.2020 | 30.03.2022 | 1,26,40,100 | Resting Area യിൽ Sheet, Tile Roofing, Fire Tank നിർമ്മാണം എന്നിവ ഉൾപ്പെടുത്തി. |

അക്രഡിറ്റഡ് ഏജൻസി തയ്യാറാക്കി നൽകിയതും നഗരസഭ അംഗീകരിച്ചതുമായ എസ്റ്റിമേറ്റ് ഇപ്രകാരം ഒന്നിലധികം തവണ പുതുക്കി നൽകുന്നത് ശരിയായ നടപടിയല്ല. ഒന്നിലധികം തവണ സാങ്കേതിക അനുമതി ലഭിച്ചതും പ്രവൃത്തി പൂർത്തീകരിച്ചതുമായ മരാമത്ത് പ്രവൃത്തികൾക്കായി ഇത്തരത്തിൽ വീണ്ടും സാങ്കേതിക അനുമതി പുതുക്കി നൽകാൻ ആവശ്യപ്പെടുന്നത് ക്രമപ്രകാരമല്ലെന്ന് 10.11.21 ലെ ശുചിത്വ മിഷൻ ഡയറക്ടറുടെ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. വിശദമായി Site Inspection നടത്താതെയും Site Condition പഠിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണുന്നു.

5. എസ്റ്റിമേറ്റിൽ Appendix-D ആയി ഉൾപ്പെടുത്തിയിട്ടുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് പി.ഡബ്ല്യു.ഡി(ഇലക്ട്രിക്കൽ) വകുപ്പിൽ നിന്നും സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല.

എസ്റ്റിമേറ്റിൽ Appendix-D Electrical Works എന്ന ഇനത്തിൽ ഉൾപ്പെടുത്തിയ 14,23,000 രൂപയുടെ Electrification പ്രവൃത്തികൾക്ക് കേരള പി.ഡബ്ല്യു.ഡി (ഇലക്ട്രിക്കൽ) വിഭാഗത്തിൽ നിന്നുള്ള സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല.

6. പ്രവൃത്തി പൂർത്തീകരിക്കുവാൻ കാലതാമസം വരുത്തിയത് ഫണ്ടിന് നഷ്ടം ഉണ്ടാക്കി.

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രൊജക്ടിന് Cost Index [Kannur] 38.24% എന്ന നിരക്കിലാണ് അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തി നടപ്പിലാക്കി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടത് നഗരസഭ ചമച്ച

കരാർ പ്രകാരം 21.03.2019 നാണ്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിട്ടത് മൂലം പദ്ധതി പൂർത്തീകരിച്ചത് 24.03.2020 നാണ്. (നോട്ട് ഫയൽ പ്രകാരം) ചെക്ക് മെഷർമെന്റ് രേഖപ്പെടുത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല. 26.03.2019 മുതൽ Cost Index [Kannur] 132.04 എന്ന നിരക്കിലേക്ക് മാറിയിട്ടുണ്ട്. ആതായത് പ്രവൃത്തി നിർവ്വഹണം നടത്തുന്ന സമയത്തെ Cost Index പ്രകാരമാണ് 2019-20 വർഷത്തിൽ ഉൾപ്പെടുത്തി പ്രൊജക്ട് നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ നിലവിലുള്ള എസ്റ്റിമേറ്റിൽ നിന്നും കുറഞ്ഞ തുകയ്ക്ക് പദ്ധതി നടപ്പിലാക്കാൻ സാധിക്കുമായിരുന്നു. പദ്ധതികളുടെ നിർവ്വഹണത്തിൽ യഥാകാലത്തെ നിരക്കുകൾ അവലംബിക്കാത്തതിനാൽ സർക്കാരിന് നഷ്ടം ഉണ്ടാകുന്നു.

7. ചെക്ക് മെഷർമെന്റ് ബുക്കുകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മേൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനിടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അളവുകൾ ചെക്ക് മെഷർമെന്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

8. കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

നഗരസഭ ചമച്ച 22.09.2018 തീയ്യതിയിലെ എഗ്രിമെന്റ് നമ്പർ 90/AE(N) LSGD/TMC/2017-18 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 21.03.2019-ന് ആണ്. പ്രവൃത്തിയുടെ ആരംഭഘട്ടത്തിൽ ഫൗണ്ടേഷൻ റിവൈസ് ചെയ്ത് ഡ്രോയിംഗ് ലഭിക്കാൻ കാലതാമസമെടുക്കുന്നത് മൂലം പ്രവൃത്തിയുടെ പൂർത്തീകരണ സമയം ദീർഘിപ്പിക്കുന്നതിന് വേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ചെയർമാൻ നൽകിയ 15.03.2019 ലെ കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരണ സമയം 31.12.2019 വരെ അസിസ്റ്റന്റ് എഞ്ചിനീയർ നീട്ടി നൽകിയിട്ടുണ്ട്. തുടർന്ന് 20.12.2019 ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ പ്രവൃത്തി പൂർത്തീകരണ സമയം 31.03.2020 വരെ ദീർഘിപ്പിച്ച് നൽകാൻ അപേക്ഷിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിന് കേരള പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2112-1 പ്രകാരം ചുമത്തേണ്ട പിഴ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പദ്ധതി പൂർത്തീകരിക്കേണ്ട കാലാവധി | : | 22.09.2018 മുതൽ 21.03.2019 വരെ (6മാസം) |
| പദ്ധതി പൂർത്തീകരിച്ച തീയ്യതി | : | 24.03.2020 (മെഷർമെന്റ് ബുക്ക് ഹാജരാക്കിയിട്ടില്ല-നോട്ട് ഫയൽ പ്രകാരം) |
| PAC | : | 76,39,570 |
| 22.03.2019 മുതൽ 05.05.2019 വരെയുള്ള കാലയളവിലെ പിഴ | | PAC യുടെ 1% 76,39,570x1/100= 50,000 (പരമാവധി പരിമിതപ്പെടുത്തിയ തുക ) |
| 05.05.19 മുതൽ 21.06.2019 വരെയുള്ള കാലയളവിലെ പിഴ | | PAC യുടെ 2% 76,39,570x2/100=1,00,000 (പരമാവധി പരിമിതപ്പെടുത്തിയ തുക) |
| കരാറുകാരനിൽ നിന്നും ഈടാക്കേണ്ട ആകെ പിഴ | | 1,50,000 രൂപ |

പ്രസ്തുത കെട്ടിടത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് അക്രഡിറ്റഡ് ഏജൻസിയാണ് എന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് ഇടയാക്കിയ മേൽ കാരണങ്ങൾ അംഗീകരിക്കാവുന്നതല്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിലേക്ക് വരവ് വെയ്ക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 16.05.22 ലെ 70/20-21 നം ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴയായ 1,50,000/-രൂപ ഈടാക്കി നഗരസഭ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ചെലവ് തുകയായ 58,27,501/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-60 കണ്ടിക്കൽ ഗ്യാസ് ശ്മശാനം -ഫർണസ് സ്ഥാപിച്ചതിലെ പോരായ്മകൾ

| | | |
|---|---|---|
| പ്രൊജക്ട് നം | : | SO 0490/21 |
| ബിൽ നം.& തീയതി/തുക | : | 537/13.03.2021/ 18,90,000 രൂപ |
| നിർവ്വഹണ | : | അസിസ്റ്റന്റ് എഞ്ചിനീയർ (നോർത്ത് |

| | | |
|---|---|---|
| ഉദ്യോഗസ്ഥൻ | | സെക്ഷൻ) |
| ഫയൽ നം | : | ഇ2/15037/12A |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ ' Purchase & Installation Of Machine & Fire Installation For Gas Crematorium At Kandikkal' ന് വേണ്ടി വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)- ൽ നിന്നും 1,28,00,000/- രൂപ വകയിരുത്തിയതിൽ മേൽ ബിൽ നം. പ്രകാരം 18,90,000/- രൂപ ഫർണസ് സ്ഥാപിക്കുന്നതിന് ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഏറ്റവും താഴ്ന്ന നിരക്കിൽ ടെണ്ടർ സമർപ്പിച്ച കമ്പനിയെ ഒഴിവാക്കി

ഏറ്റവും താഴ്ന്ന നിരക്കിൽ ടെണ്ടർ സമർപ്പിച്ചത് കേരള സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, കൊച്ചി എന്ന സ്ഥാപനമാണെങ്കിലും കൂടുതൽ നിരക്ക് ക്വോട്ട് ചെയ്ത ' ഹൈ-ടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് ', ആലുവ എന്ന സ്ഥാപനത്തിനെയാണ് നഗരസഭ തെരെഞ്ഞെടുത്തിരിക്കുന്നത്. ടി സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത തുക സംബന്ധിച്ച വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടെണ്ടർ സമർപ്പിച്ച സ്ഥാപനങ്ങൾ | സ്പെസിഫിക്കേഷൻ | തുക | ആകെ തുക |
|---|---|---|---|---|
| 1 | കെ.എസ്.ഐ.ഇ | Gas Furnace With Chimney | 14,72,033.89 | 15,99,152.53 |
| | | Fire & Safety Requirements | 1,27,118.64 | |
| 2 | ഹൈടെക്ക് ക്രിമിറ്റോറിയം | Gas Furnace With Chimney | 19,90,000 | 23,95,000 |
| | | Fire & Safety Requirements | 4,05,000 | |

22.11.2019 തീയതിയിലെ 23-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ കെ.എസ്.ഐ.ഇ ലിമിറ്റഡ് എന്ന സ്ഥാപനം മട്ടന്നൂർ, പൊന്നാനി നഗരസഭകളിൽ സ്ഥാപിച്ച ഫർണസുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന ബന്ധപ്പെട്ട നഗരസഭകളിൽ നിന്നുള്ള രേഖാമൂലമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സമീപ ഗ്രാമപഞ്ചായത്തുകളായ പിണറായി, കതിരൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ച ഫർണസിന്റെ പ്രവർത്തനം തൃപ്തികരമാണെന്നുള്ള ഗ്യാസ് ശ്മശാനം കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തതെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത രേഖകൾ ഫയലിൽ ലഭ്യമല്ല. ഫയലിലുള്ള മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ കത്ത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല.

2. ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപിച്ച ഫർണസിന്റെ ഫയർ & സേഫ്റ്റി സംവിധാനം പ്രവർത്തന ക്ഷമമല്ല.

17.09.2019 ലെ E2/15037/12-A ടെണ്ടർ നോട്ടീസ് പ്രകാരം ഫയർ ഫൈറ്റിംഗ് സംവിധാനം ഉൾപ്പെടെയുള്ള ഫർണസ് സ്ഥാപിക്കുന്നതിന് വേണ്ടിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ടെണ്ടർ സമർപ്പിച്ച എല്ലാ കമ്പനികളും ഫയർ ഫൈറ്റിംഗ് സംവിധാനം ഉൾപ്പെടെയുള്ള സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നഗരസഭ തെരെഞ്ഞെടുത്ത ഹൈടെക്ക് ക്രിമിറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സ്ഥാപിച്ച ' Fire & Safety Requirement' ആധുനിക ഫർണസിൽ പ്രവർത്തനക്ഷമമല്ലെന്നതിനാൽ പ്രസ്തുത ഏജൻസിയുടെ സേവനം തൃപ്തികരമല്ലെന്ന് വ്യക്തമാകുന്നു. നഗരസഭ കാര്യക്ഷമമായല്ല മേൽ പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്.

3. നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകൽ എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ടതിനാൽ കരാർ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

22.01.2020 ലെ 111/AE(N)/LSGD/TMC/2019-20 കരാറിലെ ക്രമ നം.4 പ്രകാരം പ്രസ്തുത ഫർണസിന് തകരാറുകൾ സംഭവിക്കുമ്പോൾ കരാറുകാരൻ തന്റെ പൂർണ്ണ ഉത്തരവാദിത്വത്തോടെ തകരാറുകൾ പരിഹരിക്കാത്ത പക്ഷം മറ്റൊരു ഏജൻസിയെകൊണ്ട് പരിഹരിക്കുന്നതിനും അതിന് വേണ്ടി വരുന്ന ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും വസൂലാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും MSME രജിസ്ട്രേഷൻ ഉള്ളതിനാൽ നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകൽ എന്നിവയിൽ നിന്നും കരാറുകാരൻ ഒഴിവാക്കപ്പെട്ടതിനാൽ പ്രസ്തുത കരാർ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ഈ തകരാറുകൾ നഗരസഭ നേരിട്ട് പരിഹരിച്ച് നഗരസഭയ്ക്കുണ്ടായ ബാധ്യതകൾ

കരാറുകാരനിൽ നിന്നും ഈടാക്കാനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുമില്ല.

4. വാറണ്ടി കാലയളവ് 2 വർഷമായി പരിമിതപ്പെടുത്തി.

ശുചിത്വ മിഷൻ ഡയറക്ടറുടെ 25.01.2020 തീയതിയിലെ ഡി.ബി5/7507/11/സി.ഇ/എൽ.എസ്.ജി.ഡി സർക്കുലർ പ്രകാരം എൽ.പി.ജി ഇന്ധനം ഉപയോഗിക്കുന്ന ആധുനിക വാതക ശ്മശാന സേവനദാതാക്കളുടെ വാറണ്ടി കാലയളവ് കുറഞ്ഞത് 5 വർഷം ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ 14.01.2021 ലെ HTCPL/20-21/411 നമ്പർ വാറണ്ടി സർട്ടിഫിക്കറ്റ് പ്രകാരം നഗരസഭ സ്ഥാപിച്ച വാതകശ്മശാനത്തിന് 2 വർഷത്തെ വാറണ്ടി കാലയളവാണ് കമ്പനി നൽകിയിട്ടുള്ളത്.

5. ശുചിത്വ മിഷന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ ശുചിത്വമിഷൻ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

മേൽ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ സംബന്ധിച്ച നൽകിയ 16.05.21 ലെ 71/20-21 നം ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

1-61 കണ്ടിക്കൽ പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് കെട്ടിട നിർമ്മാണം- പദ്ധതി നിർ വ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസിസ്റ്റന്റ് എഞ്ചിനീയർ, നോർത്ത് |
| പ്രൊജക്ട് നം | : S0297/21 |
| ബിൽ നം & തീയതി | : 680/27.03.2021 |
| ബിൽ തുക | : 821664 |
| ഫണ്ട് | : വികസനഫണ്ട് (CFC Tied Grant) |
| ഫയൽ നം. | : E2.16320/2020 |

' പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് കെട്ടിടനിർമ്മാണം- കണ്ടിക്കൽ ' എന്ന പദ്ധതിക്ക് വേണ്ടി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും [സ്വച്ഛ്ഭാരത് മിഷൻ ] 23,32,000/- രൂപയും വികസന ഫണ്ടിൽ [ധനകാര്യ കമ്മീഷൻ ഗ്രാന്റ് ] നിന്നും 16,68,000/- രൂപയും കൂടി ആകെ 40,00,000/- രൂപ അടങ്കലായി വകയിരുത്തിയ പ്രൊജക്ടിൽ നഗരസഭ 2020-21 വർഷം വികസന ഫണ്ടിൽ നിന്നും മേൽ ബിൽ പ്രകാരം 8,21,664/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി നഗരസഭ നിർമ്മിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ പ്ലാൻ, എലിവേഷൻ, സൈറ്റ് പ്ലാൻ ഉൾപ്പെടെയുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല.

2) കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

3) 10.06.2021 ലെ D.B യുടെ നോട്ട് ഫയലിലെ കുറിപ്പ് പ്രകാരം കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ അടിത്തറയുടെ പണി ആരംഭിച്ച വേളയിൽ മണ്ണ് നീക്കിയപ്പോൾ സ്ഥലം വെള്ളക്കെട്ടുള്ള ചതുപ്പ് നിലമാണെന്നും ആയതിനാൽ എസ്റ്റിമേറ്റിലുള്ളതിനേക്കാൾ ആഴത്തിൽ ഫൗണ്ടേഷൻ ആവശ്യമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം തീരദേശ മേഖലയിലോ, തണ്ണീർത്തട മേഖലയിലോ ഉൾപ്പെട്ട പ്രദേശമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ആയതിന് ഉപോൽബലമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

4) പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റിനായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മിതി വിസ്തൃതി എത്രയെന്നും പ്ലാന്റിന്റെ പ്രതിദിന സംസ്കരണ ശേഷി എത്രയെന്നും ഫയലിൽ നിന്നും വ്യക്തമല്ല. അതായത് യാതൊരുവിധ തയ്യാറെടുപ്പും കൂടാതെയാണ് നഗരസഭ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

5) എസ്റ്റിമേറ്റ് പ്രകാരം 40,00,000/- രൂപ വകയിരുത്തിയ മേൽ പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത (Item Rate) സതീഷ് ദാസ്.കെ എന്ന കരാറുകാരന് 2938645.23 തുകയ്ക്ക് ടെണ്ടർ ഉറപ്പിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് 8,21,664/- രൂപയുടെ Ist Part Bill 27.03.2021 ന് അംഗീകരിച്ച് നൽകിയിട്ടുണ്ട്. തുടർന്ന് 10.06.2021 നാണ് (നോട്ട് ഫയൽ കുറിപ്പ് പ്രകാരം) എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക നം. 1601.1.6 പ്രകാരം അംഗീകരിക്കപ്പെട്ട ഡിസൈനിൽ നിന്ന് പ്രധാനപ്പെട്ട സ്ട്രക്ച്ചറൽ മാറ്റങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഡീറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സമയത്ത് അസിസ്റ്റന്റ് എഞ്ചിനീയറും, ഓവർസിയറും ഫലപ്രദമായ സ്ഥലപരിശോധന നടത്താതെ പദ്ധതികൾ തയ്യാറാക്കുകയും പിന്നീട് റിവൈസ് ചെയ്യുന്ന ഇനങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങുന്നതായും കാണുന്നു.

വിസിബിൾ അല്ലാത്ത ഇനങ്ങൾക്ക് ഇപ്രകാരം പ്രവൃത്തി ചെയ്തശേഷം അനുമതി വാങ്ങുന്നത് ശരിയായ നടപടിയല്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.03.2021 ലെ ഡി.ബി1/10690/2020/സി.ഇ/എൽ.ഐ.ഡി &ഇ.ഡബ്ല്യു. നമ്പർ സർക്കുലർ പ്രകാരമുള്ള എസ്റ്റിമേറ്റ് റിവൈസ് ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കേണ്ടതാണ്. നഗരസഭ നടപ്പിലാക്കുന്ന പല പദ്ധതികളും ഇത്തരത്തിൽ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് നൽകിയതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതായി കാണുന്നു.

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ 22.02.22 ലെ ഓഡിറ്റ് അന്വേഷണ നം. 22/20-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

1-62 സുഭിക്ഷ കേരളം- തരിശു ഭൂമിയിൽ പച്ചക്കറികൃഷി - പ്രോജക്ടിനാസ്പദമായ മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല. - 1,50,668/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം | സുഭിക്ഷ കേരളം- തരിശു ഭൂമിയിൽ പച്ചക്കറികൃഷി<br>562/20 |
| അടങ്കൽ തുക | 4,00,000<br>വികസന ഫണ്ട് - 2 ലക്ഷം<br>ഗുണഭോക്തൃ വിഹിതം- 2 ലക്ഷം |
| ചെലവ് | 1,50,668/- |
| ബിൽ നം./തീയതി | 25/20-21/29.03.21 ബിൽ തുക 90728 |

ഗുണഭോക്താക്കളെ വാർഡ് സഭകളിൽ നിന്നും തെരെഞ്ഞെടുക്കുകയും, അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക് തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് പരമാവധി 37,000/- രൂപയും, സ്ഥലം പാട്ടത്തിന് നൽകുന്ന ഉടമയ്ക്ക് 3000/-രൂപയും സബ്സിഡി തുക അനുവദിച്ചു നൽകുന്ന പ്രോജക്ടാണിത്. ഒരു ഹെക്ടറിന് 1,000 രൂപയുടെ വിത്ത് വാങ്ങിയതിന്റെ ബിൽ, 35,000/- രൂപ പണിക്കൂലി നൽകിയതിന്റെ വൗച്ചർ തുടങ്ങിയവ സമർപ്പിക്കുന്ന മുറയ്ക്ക് 50% സബ്സിഡി ആനുകൂല്യം നൽകുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രോജക്ട്.

പ്രോജക്ടുമായി ബന്ധപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അപേക്ഷാ ഫോറം മാത്രം സ്വീകരിച്ച് ആനുകൂല്യം അനുവദിക്കുകയാണുണ്ടായത്. പ്രോജക്ടിലെ രേഖകൾ സമർപ്പിച്ചതിലെ ന്യൂനതകൾ താഴെ കാണിക്കുന്ന പ്രകാരമാണ്. വിശദവിവരം ചുവടെ;

| ക്രമ നം | ആനുകൂല്യം ലഭിച്ച വ്യക്തിയുടെ പേര് | നൽകിയ ആനുകൂല്യം | ഹാജരാക്കിയ രേഖകളിലെ ന്യൂനതകൾ |
|---|---|---|---|
| 1 | പ്രേമൻ | 2960 | അപേക്ഷ മാത്രം |
| 2 | ഭാരതി.പി | 3700 | അപേക്ഷ മാത്രം |
| 3 | എ.ബാലൻ | 1480 | അപേക്ഷ മാത്രം |
| 4 | രാജു.എ | 2368 | അപേക്ഷ മാത്രം |
| 5 | രവി മുല്ലോളി | 2960 | അപേക്ഷ മാത്രം |
| 6 | എ.വിജയൻ | 4400 | അപേക്ഷ മാത്രം |
| 7 | കൃഷ്ണൻ.എ | 2960 | അപേക്ഷ മാത്രം |
| 8 | അനീഷ് കുമാർ കെ.എൻ | 4800 | അപേക്ഷ മാത്രം |
| 9 | രജിത. എം | 1480 | അപേക്ഷ മാത്രം |
| 10 | അനിൽ കുമാർ പി.കെ | 2960 | അപേക്ഷ മാത്രം |
| 11 | പുരുഷോത്തമൻ | 2960 | അപേക്ഷ മാത്രം |
| 12 | കെ.പി.ദാമോദരൻ | 7400 | അപേക്ഷ മാത്രം |

| | | | |
|---|---|---|---|
| 13 | ലീന.കെ | 2960 | അപേക്ഷ മാത്രം |
| 14 | ഹരിദാസ് എ.ടി | 2960 | അപേക്ഷ ഇല്ല |
| 15 | ശിവനാഥ്.കെ | 4440 | അപേക്ഷ മാത്രം |
| 16 | വി.രാജൻ | 3700 | അപേക്ഷ മാത്രം |
| 17 | രമേശൻ.എം.കെ | 1480 | അപേക്ഷ മാത്രം |

18.04.2022 തീയ്യതിയിലെ 42/2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സമർപ്പിച്ച രേഖകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും അഭാവമുള്ള രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് തലശ്ശേരി കൃഷി ഫീൽഡ് ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 1,50,668/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും ഓഡിറ്റിന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-63 പച്ചക്കറികൃഷിക്ക് കൂലിച്ചലവ് സബ്സിഡി - ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചതും മറ്റ് അപാകതകളും 51,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ പ്രോജക്ട് നം | പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡി 432 |
| അടങ്കൽ തുക | 90,000 (വികസന ഫണ്ട് ) |
| ചെലവ് | 51,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി | CB No.5/20-21/ 15.09.20-51,000/- |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ.(കൈ) നം. 22/2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിന് പരമാവധി 17,000/- രൂപ പ്രകാരം നാമമാത്ര ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ ഗ്രൂപ്പുകൾ, പുരുഷ സ്വയം സഹായ സംഘങ്ങൾ, തരിശുഭൂമി കൃഷിക്കാർ എന്നിവർക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകാം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1) മേൽ പ്രൊജക്ട് പ്രകാരം താഴെ പറയുന്ന വ്യക്തികൾക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ,

| ക്രമ നം. | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രാജു. എ | 5,100 |
| 2 | എ.വിജയൻ | 3,400 |
| 3 | ജയരാജ്.കെ.കെ | 6,800 |
| 4 | പി.യു.സുകുമാരൻ | 25,500 |
| 5 | സി.ദാസൻ | 3,400 |
| 6 | ശൈലജ.എം | 6,800 |
| | ആകെ | 51,000 |

എന്നാൽ ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നഗരസഭയുടെ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

A) ജയരാജ്.കെ.കെ

B) പി.യു.സുകുമാരൻ

C) ശൈലജ.എം

2) ആനുകൂല്യം അനുവദിച്ച വ്യക്തികളുടെ അപേക്ഷാ ഫോറമോ എത്ര ഭൂമിയിലാണ് പച്ചക്കറി കൃഷി ചെയ്തത് എന്ന് തെളിയിക്കുന്ന രേഖകളോ ഭൂമിയുടെ കരം അടച്ച രസീതോ ഫയലിനൊപ്പമില്ല.

3) ഹാജരാക്കിയ രേഖകൾ പ്രകാരം സ്ഥലം വൃത്തിയാക്കി നിലം പരുവപ്പെടുത്തുന്നതിന് പണം നൽകിയതിന്റെ വൗച്ചർ കാണുന്നു. നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ അങ്ങനെയുള്ള സാധ്യതകൾ

ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല.

4) പ്രസിദ്ധീകരിച്ച ഗുണഭോക്തൃ പട്ടികയിൽ വ്യക്തികളുടെ പേര് മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. ഗുണഭോക്താക്കളുടെ വാർഡ് നമ്പർ, മേൽവിലാസം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച കൊണ്ട് 06.04.2022 തീയ്യതിയിൽ 41/2020നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുകയായ 51,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-64 നഗരസഭയിലെ താമസക്കാരല്ലാത്തവർക്ക് ആനുകൂല്യം നല്കി - 1,10,400 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | S0564/21 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം-ബയോ ഫ്ലോക്ക് മത്സ്യകൃഷി |
| അടങ്കൽ<br><br><br>ആകെ | 3,68,000 (വികസനഫണ്ട്)<br>8,28,000 (ഗുണഭോക്തൃ വിഹിതം)<br>1,84,000 (ഫിഷറീസ് വകുപ്പ് വിഹിതം)<br>13,80,000/- |
| ചെലവ് | 2,20,800/- ബിൽ നം. 7/20-21തീയ്യതി : 31.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസന പ്രോജക്ടുകളിൽ കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം നടപ്പിലാക്കാവുന്ന പദ്ധതിയുടെ ഭാഗമായി ബയോ ഫ്ലോക്ക് മത്സ്യകൃഷി എന്ന പ്രോജക്ട് നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. 5.0 മീറ്റർ വ്യാസവും 1.2 മീറ്റർ ഉയരവുമുള്ള കൃത്രിമ ടാങ്കിൽ 1250 എണ്ണം നൈൽ തിലാപ്പിയ (ഗിഫ്റ്റ്) ബയോ ഫ്ലോക്ക് രീതിയിൽ കൃഷി ചെയ്യുവാനുള്ള പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 82,800 രൂപ ഗുണഭോക്തൃ വിഹിതവും 18,400 രൂപ ഫിഷറീസ് വകുപ്പ് വിഹിതവും 36,800/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും ഉൾപ്പെടെ 1,38,000/- രൂപ ചെലവ് വരുന്നു. ഗുണഭോക്തൃ പട്ടികയിൽപ്പെട്ട 6 പേർക്ക് ഈ പ്രോജക്ട് വഴി ആനുകൂല്യം നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയവരിൽ 2 അപേക്ഷകർ തലശ്ശേരി നഗരസഭയിൽ താമസക്കാരല്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ,

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, വിലാസം | കൈപ്പറ്റിയ ആനുകൂല്യം | റിമാർക്സ് |
|---|---|---|---|
| 1 | പ്രശോഭ്.ജെ.പി,<br>ശ്രീശൈലം<br>നിട്ടുമ്പ്രം<br>ചൊക്ലി | 36,800 (തദ്ദേശ സ്വയംഭരണ വിഹിതം)<br>18,400 (ഫിഷറീസ് വകുപ്പ് വിഹിതം)<br>55,200<br>======= | കോടിയേരി വില്ലേജിലെ സ്ഥലത്ത് വാടകയ്ക്ക് എടുത്ത സ്ഥലത്ത് മത്സ്യകൃഷി ചെയ്തു. |
| 2 | ജോബിഷ് മാത്യു<br>കൃപാലയം<br>കുണ്ടുചിറ<br>പൊന്ന്യംവെസ്റ്റ്<br>(പി.ഒ) | 36,800 (തദ്ദേശ സ്വയംഭരണ വിഹിതം)<br>18,400 (ഫിഷറീസ് വകുപ്പ് വിഹിതം)<br>55,200 | തിരുവങ്ങാട് വില്ലേജിൽ വാടകയ്ക്ക് എടുത്ത സ്ഥലത്ത് മത്സ്യകൃഷി ചെയ്തു. |

| | | | |
|---|---|---|---|
| | | ======= | |

ുണഭോക്തൃ പട്ടികയിലെ ക്രമനം. 3, 4 എന്നിവരെ ഒഴിവാക്കി മറ്റ് പഞ്ചായത്തുകളിൽപ്പെട്ട ആളുകൾക്ക് ആനുകൂല്യം നൽകിയതിന്റെ വിശദവിവരം ലഭ്യമാക്കുന്നതിന് 07.02.2022 തീയ്യതിയിൽ 17/2020-21 നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,10,400/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-65 കോടിയേരി കൃഷി ഭവനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - മുഴുവൻ രേഖകളും ഹാജരാക്കിയില്ല – 40,000/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/ പ്രോജക്റ്റ് നം | കോടിയേരി കൃഷി ഭവനിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ<br>219/20 |
| അടങ്കൽ തുക | 40,000 (വികസന ഫണ്ട്) |
| ചെലവ് | 40,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നം./തീയതി | 8/20-21 തീയതി: 06.10.2020 |

മേൽ പ്രൊജക്റ്റ് പ്രകാരം കോടിയേരി കൃഷി ഭവനിലേക്ക് മേശയും കസേരയും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 സ്ഥാപനങ്ങളുടെ ക്വട്ടേഷനിൽ നിന്നും 40,000/- രൂപയുടെ കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതായി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 27.07.20 ലെ 2-ാം നമ്പർ തീരുമാനപ്രകാരം ബില്ലിനോടൊപ്പം സമർപ്പിച്ച രേഖകളിൽ കാണുന്നു. എന്നാൽ പ്രോജക്റ്റോ മറ്റു സ്ഥാപനങ്ങളുടെ ക്വട്ടേഷനുകളോ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തെ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതിയുടെ തീരുമാനത്തിന്റെ രേഖകളോ ഫയലിനൊപ്പമില്ല.

പ്രോജക്റ്റ് പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ജി.ഒ(പി) 7/19/SPD തീയ്യതി: 26.04.19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജെം മുഖേനയല്ലാതെ 40,000/- രൂപയുള്ള വാങ്ങലിന് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള 18.04.2022 തീയ്യതിയിലെ 43/2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ രേഖകളും ലഭ്യമാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

1-66 മരുന്നുകൾ ലഭ്യമായില്ല – 2,00,000 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/ പ്രോജക്റ്റ് നം | കോടിയേരി ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ<br>(S0 207/21) |
| അടങ്കൽ തുക | 2,00,000 (വികസന ഫണ്ട്) |
| പദ്ധതി ചെലവ് | 2,00,000{ബിൽ നം.2/2020-21 തീയ്യതി 24.09.2020} |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, തലശ്ശേരി |

കോടിയേരി ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (ഹോംകോ) മാനേജിംഗ് ഡയറക്ടർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ഡിസ്പെൻസറിക്ക് മേൽ പ്രോജക്റ്റ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർക്ക് 08.10.2021 തീയ്യതിയിലെ 1/2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 13.10.2021 ന് 53/2021-22/GHDTനമ്പരായി നല്കിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ 2,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-67 സാന്ത്വന ഗൃഹ പരിചരണം - മരുന്നുകൾ ലഭ്യമായില്ല - 71,723/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 298/2021 |
| പ്രോജക്ടിന്റെ പേര് | സാന്ത്വന ഗൃഹ പരിചരണം |
| അടങ്കൽ തുക | 8,00,000 (വികസന ഫണ്ട്) |
| ചെലവ് | 7,99,268 |
| ബിൽനം./തീയതി | 336/11.12.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കോടിയേരി |

ക്യാൻസർ രോഗികൾ, ഹൃദയ ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലുള്ള കാരണങ്ങളാൽ ശരീരം തളർന്ന് കിടപ്പിലായവർ, ആസ്ത്മ രോഗികൾ, അപസ്മാര രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ, ദീർഘകാല മാനസിക രോഗം ഉള്ളവർ, സാധാരണ ജീവിതം നയിക്കുവാൻ കഴിയാത്ത രീതിയിൽ ബുദ്ധിമാന്ദ്യം ഉള്ളവർ, പ്രായാധിക്യം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർ തുടങ്ങി ദീർഘകാലം ചികിത്സയും പരിചരണവും ദൈനംദിന കാര്യങ്ങളിൽ പരസഹായവും ആവശ്യമുള്ളവർക്ക വേണ്ടി നടപ്പിലാക്കുന്ന പ്രോജക്ടാണ് പാലിയേറ്റീവ് കെയർ പദ്ധതി. മേൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി കോടിയേരി പി.എച്ച്.സിയിലേക്ക് സാന്ത്വന ഗൃഹ പരിചരണം എന്ന പ്രൊജക്ടിനായി 8 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പിഎച്ച്സിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി മേൽ പ്രോജക്ട് പ്രകാരം 1,63,999 രൂപ കാരുണ്യ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 92,276/- രൂപയ്ക്കുള്ള മരുന്നുകൾ ആണ് ഡിസ്പെൻസറിയിൽ ലഭ്യമായതായി കാണുന്നത്. ബാക്കി 71,723/- രൂപയ്ക്കുള്ള മരുന്നുകളുടെ അഭാവം സംബന്ധിച്ച് 24.03.2022 തീയ്യതിയിൽ 37/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് കാരുണ്യ കമ്മ്യൂണിറ്റി മാനേജിംഗ് ഡയറക്ടർക്ക് അറിയിപ്പ് നല്കിയിട്ടുണ്ട് എന്ന് മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതിനാൽ 71,723/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-68 അംഗനവാടികളുടെ പരിപാലനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും 30(1)-ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം മുനിസിപ്പാലിറ്റിയുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള 02.02.2018 ലെ ലെ സ.ഉ.(കൈ) 17/2018/തസ്വഭവ നമ്പർ മാർഗ്ഗരേഖ ഖണ്ഡിക 7.8.2 പ്രകാരവും അങ്കണവാടികളുടെ പരിപാലനം ഉൾപ്പെടുത്തിയിട്ടുണ്ട്. ജനകീയാസൂത്രണ സംവിധാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വരുന്ന ഫണ്ടുകളിൽ നിന്നും അംഗനവാടികളിലെ പശ്ചാത്തല സൗകര്യമുൾപ്പെടെയുള്ള വിവിധ ശിശുക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.

നഗരസഭയിലെ 52 വാർഡുകളിലായി 81 അംഗനവാടികളാണ് ആകെ ഉള്ളത്. ഇതിൽ തന്നെ 28 അംഗനവാടികൾക്കാണ് സ്വന്തം കെട്ടിടം ഉള്ളത്. സ്വന്തമായി കെട്ടിട സൗകര്യം ഉള്ള അംഗനവാടികളിൽ 16 അംഗനവാടികൾക്കാണ് കുടിവെള്ള സൗകര്യം ഉള്ളത്. നഗരസഭയുടെ പദ്ധതിപണം ഈ മേഖലയിൽ വിനിയോഗിക്കാത്തത് നഗരസഭയുടെ ആസൂത്രണ സംവിധാനത്തിൽ സംഭവിച്ച പോരായ്മയായി കണക്കാക്കുന്നു. അംഗനവാടികളുടെ കെട്ടിടസൗകര്യം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും സർക്കാർ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും അംഗനവാടികൾക്ക് ഈ സൗകര്യങ്ങൾ വേണ്ടവിധം ഏർപ്പെടുത്തുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

ആവശ്യമായ സർക്കാർ ധനസഹായം ലഭ്യമായിട്ടും അംഗനവാടികൾക്ക് കെട്ടിടസൗകര്യം ഏർപ്പെടുത്താതെ വാടക കെട്ടിടത്തിൽ പ്രവർത്തനം നടത്തിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നഗരസഭയ്ക്ക് ഇതു വരെയായി സാധിച്ചിട്ടില്ല. നിലവിൽ 26 അംഗനവാടി കെട്ടിടങ്ങളാണ് വാടകയ്ക്ക് പ്രവർത്തിച്ച വരുന്നത്. അംഗനവാടികളുടെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിന് ബന്ധപ്പെട്ട അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

അംഗനവാടികൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങൾക്ക് വസ്തു നികുതി കുടിശ്ശിക

അംഗനവാടികൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളുടെ വിവരം ICDS രേഖകൾ പ്രകാരവും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും തമ്മിൽ വ്യത്യാസം കാണുന്നു. മാത്രമല്ല, അംഗനവാടികൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങൾക്ക് വസ്തു നികുതി കുടിശ്ശിക ഉണ്ടായതായി രേഖകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നു. വിശദ വിവരം ചുവടെ,

| ക്രമ നം | വാർഡ് നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് (ICDSരേഖകൾ പ്രകാരം) | കെട്ടിട ഉടമയുടെ പേര് (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) | വസ്തു നികുതി കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 30 | 143 A | റാഷിദ്. കെ | കല്ലിൽ താഴെ മസ്ജിദ് മദ്രസ്സ കമ്മിറ്റി | 59355 | 2014-15 രണ്ടാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ |
| 2 | 34 | 207 | പ്രവീൺ പി | പുത്തലത്തും കണ്ടി മാധവി | 168 | 2019-20 ഒന്നാം അർദ്ധ വർഷം മുതൽ 2020-21 രണ്ടാം അർദ്ധ വർഷം വരെ |
| 3 | 25 | 163 | രഞ്ജിനി | മൊട്ടൽ മീനാക്ഷി ടീച്ചർ | 130 | 2020-21 |
| 4 | 42 | 104 | സുരേഷ് കുമാർ കെ.കെ. | മടാമിലത്ത് നസീമ, കെ.കെ.മുഹമ്മദ് | 144 | 2020-21 |
| 5 | 7 | 408 | നളിനി | പി. വി ജാനകിയമ്മ | 616 | 2020-21 |
| 6 | 8 | 26 | ബീന. ഇ | കെ. പി. മൈഥിലി | 248 | 2020-21 |
| 7 | 9 | 131B | ഭാസ്കരൻ കെ. എം | ഭാസ്കരൻ കെ. എം | 5684 | 2018-19 മുതൽ 2020-21 വരെ |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗനവാടികളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട അധികൃതർ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-69 വനിതാ സംരംഭകർക്ക് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | S0333/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വനിതാ സംരംഭകർക്ക് തൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി |
| അടങ്കൽ | 40,00,000<br>[15,00,000 (വികസനഫണ്ട്)<br>25,00,000 (സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)] |
| ചെലവ് | 7,35,000 |
| ബിൽനം./തീയതി/തുക | 373/08.01.2021/1,50,000<br>438/06.02.2021/1,50,000<br>466/01.03.2021/45,000<br>611/27.03.2021/3,90,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി |

20 വനിതാ വ്യക്തിഗത സംരംഭകർക്കും 3 വനിതാ ഗ്രൂപ്പ് സംരംഭകർക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി സബ്സിഡി നൽകുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്ട്. വ്യക്തിഗത സംരംഭകർക്ക് പരമാവധി 30,000/- രൂപയും ഗ്രൂപ്പ് സംരംഭകർക്ക് പരമാവധി 3,00,000/- രൂപയും സബ്സിഡി അനുവദിക്കുന്നു.

സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ, ലഭിക്കുന്നവരോ ആയിരിക്കരുതെന്ന് നിഷ്കർഷിക്കുന്നുണ്ട്. 15 വ്യക്തികൾക്കും ഒരു ഗ്രൂപ്പ് സംരംഭത്തിനും മേൽ പ്രോജക്ട് പ്രകാരം സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച വ്യക്തികളുടെ സ്വയം സാക്ഷ്യപ്പെടുത്തലല്ലാതെ ടിയാളുകൾ മുൻ വർഷങ്ങളിൽ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്ന രേഖകളോ രജിസ്റ്ററുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വനിതാ ഘടക പദ്ധതി പ്രകാരമുള്ള മേൽ പ്രോജക്ടിൽ താഴെ സൂചിപ്പിക്കുന്ന വ്യക്തികൾക്ക് 30,000/- രൂപ സബ്സിഡി നൽകിയതായി കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് 2 ലക്ഷം രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. മേൽ സ്ഥാപനം ടിയാളുകളുടെ പേരിൽ വനിതാ ഘടകപദ്ധതിയുടെ ഭാഗമായി ആരംഭിച്ചതാണെന്ന് ഉറപ്പു വരുത്തിയതിന് ആസ്പദമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമ നം. | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര് | തുക | ആരംഭിക്കുന്ന തൊഴിൽ സംരംഭം | വായ്പ അനുവദിച്ച ബാങ്ക് |
|---|---|---|---|---|
| 1 | മിഥ്‌ലജ്.ടി.പി<br>പിലാക്കൂൽ<br>ടെംപിൾ ഗേറ്റ്<br>(പി.ഒ) | 30,000 | റോയൽ വൺ ഫ്ലോർ & പ്ലൈ | ബാങ്ക് ഓഫ് ഇന്ത്യ |
| 2 | ബിന്ദു മാത്യൂ<br>പറമ്പത്ത് ഹൗസ്<br>പാറാൽ<br>(പിഒ) ആച്ചു കുളങ്ങര | 30,000 | സഞ്ജീവനി ഇൻഡസ്ട്രീസ് | കോടിയേരി സർവ്വീസ് കോ-ഓപ് ബേങ്ക് |
| 3 | ഫഹ്സാന.പി<br>നിയർ മിനി<br>സിവിൽ സ്റ്റേഷൻ,<br>പാലിശ്ശേരി | 30,000 | കോസ്റ്റൽ കഫേ | തലശ്ശേരി കോ-ഓപ്പ് റൂറൽ ബേങ്ക് |

30.04.2022 തീയ്യതിയിൽ ഇത സംബന്ധിച്ച് നല്കിയ 48/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് ആനുകൂല്യം കൈപ്പറ്റിയവർക്ക് നിർദ്ദേശം നൽകിയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ട് നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

1-70 വ്യവസായ പാർക്കിന് സ്ഥലം വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം | So 324/20 |
| പ്രോജക്ടിന്റെ പേര്/ | വ്യവസായ പാർക്കിന് സ്ഥലം വാങ്ങൽ |
| ഫയൽ നം. | H4-19658/19 |
| അടങ്കൽ തുക | 19,25,000 (വികസന ഫണ്ട്) |
| ചെലവ് | 19,25,000 |
| ബിൽ തുക | 2,21,000[ബിൽ നം. 514 തീയതി: 10.03.21],<br>17,04,000[ബിൽ നം.558 തീയതി: 17.03.21] |

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് അതിന്റെ അതിർത്തി പ്രദേശത്തിനുള്ളിൽപ്പെട്ടതോ പുറത്തുള്ളതോ ആയ ഏതെങ്കിലും വസ്തുവോ കെട്ടിടമോ വാങ്ങൽ മൂലമോ അല്ലാതെയോ ഏതെങ്കിലും പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനു വേണ്ടിയോ ആർജ്ജിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭ കുടുംബശ്രീ സംരംഭകർക്ക് പ്രയോജനപ്പെടുന്നതിന് വേണ്ടി കുടുംബശ്രീ വ്യവസായ പാർക്കിനാവശ്യമായ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് തലശ്ശേരി താലൂക്ക് കോടിയേരി വില്ലേജിൽ മൂഴിക്കര ദേശത്ത് 35/176, 35/177 എന്നീ സർവ്വേ നമ്പറുകളിലെ ചാത്തമ്പള്ളി യശോദ, ബാലൻ മുതൽ പേർ എന്നിവരുടെ പേരിലുള്ള 17.57 സെന്റ് (00.711 ഹെക്ടർ) സ്ഥലം നെഗോസിയേഷൻ നടത്തി സെന്റിന് 1,20,000 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25(2)(h)(i) പ്രകാരം വ്യാവസായിക ആവശ്യങ്ങൾക്കായുള്ള സ്ഥലം G1, G2 ഗണത്തിലാണ് പെട്ടിട്ടുള്ളത്. പട്ടിക 8A പ്രകാരം 300 ച.മീറ്ററിന് മുകളിൽ 1500 മീറ്റർ വരെ തറവിസ്തീർണ്ണമുള്ള G1-G2 ഗണത്തിൽപ്പെട്ട കെട്ടിടങ്ങളിലേക്കുള്ള പ്രവേശന കവാടത്തിന് കുറഞ്ഞത് 3.6 മീറ്റർ വീതി ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റിന് സമർപ്പിച്ച ഫയലുകളിലും രേഖകളിലും പ്രവേശന കവാടത്തിന്റെ വീതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കുന്നതിന് 07.05.2022 തീയതിയിലെ 56/2020-21 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് 13.06.2022 തീയ്യതിയിൽ മെമ്പർ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ പ്രവേശന കവാടത്തിന്റെ വീതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ തലശ്ശേരി ടൗൺ സർവ്വേയർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രവേശന കവാടത്തിന്റെ വീതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വ്യവസായ പാർക്കിന് സ്ഥലം വാങ്ങാൻ ചെലവഴിച്ച 19,25,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവേശന കവാടത്തിന്റെ സൈറ്റ് സ്കെച്ച് പ്ലാൻ ടൗൺ സർവ്വേയറിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-71 പട്ടികജാതി വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - 2,50,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഫയൽ നം. | എച്ച് 4-26701/2020 |
| പ്രോജക്ടിന്റെ പേര്/<br>പ്രോജക്ട് നം | പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്<br>(S0275/21) |
| അടങ്കൽ തുക | 10,54,000 (10,53,372-വികസന ഫണ്ട് (എസ്.സി.പി)+628 തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 10,40,000 |
| ബിൽനം./തീയതി/തുക | 348/24.12.2020/7,30,000<br>474/01.03.2021/1,80,000<br>705/30.03.2021/1,30,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി |

ഉന്നത പഠനം നടത്തുന്ന (ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ) പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പിലാക്കിയ പ്രോജക്ടാണിത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 തീയ്യതിയിലെ സ.ഉ.(കൈ) നം. 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിന് പുറത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 50,000/- രൂപയും കേരളത്തിനകത്ത് പഠിക്കുന്ന കുട്ടികൾക്ക് മെഡിക്കൽ കോഴ്സിന് 30,000/-, എഞ്ചിനീയറിംഗിന് 25,000/-, ബിരുദത്തിന് 20,000/- ബിരുദാനന്തര ബിരുദത്തിന് 30,000/- ഗവേഷണ വിദ്യാർത്ഥികൾക്ക് 30,000/-പോളിടെക്നിക് കോഴ്സുകൾക്ക് 15,000/- മറ്റു സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15,000/-, പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5,000/- രൂപയും സ്കോളർഷിപ്പ് നൽകുന്നു. മേൽ പ്രോജക്ടിനെ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 20,000/- രൂപയാണ് സ്കോളർഷിപ്പ് തുക നല്കേണ്ടിയിരുന്നത്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് 30,000/- രൂപ സ്കോളർഷിപ്പ് തുക നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ,

| ക്രമ നം | വിദ്യാർത്ഥികളുടെ പേര്/വിലാസം | പഠിക്കുന്ന കോഴ്സ്/ സ്ഥാപനം | നല്കിയ സ്കോളർഷിപ്പ് തുക |
|---|---|---|---|
| 1. | സി.വി. അഭിജിത്ത്, ടെംപിൾഗേറ്റ് | II BA ഇംഗ്ലീഷ്, പിആർ എൻഎസ്എസ് കോളേജ്, മട്ടന്നൂർ | 30,000 |
| 2. | സി.വി. അശ്വിൻ, ടെംപിൾഗേറ്റ് | III Bcom, പിആർ എൻഎസ്എസ് കോളേജ്, മട്ടന്നൂർ | 30,000 |
| 3. | അശ്വന പി ശ്രീജിത്ത്, പുന്നോൽ | BA ഇംഗ്ലീഷ്, ഗവ. കോളേജ്, മടപ്പള്ളി | 30,000 |
| 4. | അർജ്ജുൻ പ്രകാശ്. പി, ടെംപിൾഗേറ്റ് | III BA ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 5. | ഋഷികേശ്. കെ.സി, ചേറ്റംകുന്ന് | III BA ഫിലോസഫി, ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 6. | മയൂരി. കെ, തിരുവങ്ങാട് | BA ഫിലോസഫി, ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 7. | അമിയ. എ, ടെംപിൾഗേറ്റ് | BA ഇംഗ്ലീഷ്, ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 8. | സഹിന സജീവൻ, നിട്ടൂർ | BCA, ഗവ. കോളേജ്, തലശ്ശേരി | 30,000 |
| 9. | സി. അമലേന്ദു,തിരുവങ്ങാട് | BCA, ഗവ. കോളേജ്, തലശ്ശേരി | 30,000 |
| 10. | വിസ്മയ വിനോദ്, വാടിക്കൽ, തലശ്ശേരി | BA പൊളിറ്റിക്കൽ സയൻസ്, ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 11. | ശിവപ്രിയ. പി, ചേറ്റംകുന്ന് | B Com, നിർമ്മലഗിരി കോളേജ് | 30,000 |
| 12. | അക്ഷര. ഇ.കെ, ടെപിൾഗേറ്റ് | B Sc. ഫിസിക്സ്, ഗവ. കോളേജ് മടപ്പള്ളി | 30,000 |
| 13. | ഉമ മഹേശ്വരി. സി.കെ, മൂഴിക്കര | B Com, എൻ എ എം കോളേജ്, കല്ലിക്കണ്ടി | 30,000 |
| 14. | മഞ്ജിമ. കെ, തിരുവങ്ങാട് | BBA, ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |

| | | | |
|---|---|---|---|
| 15. | ഹണിമ. പി, തിരുവങ്ങാട് | BA മാസ് കമ്മ്യൂണിക്കേഷൻ, NMSMകോളേജ്, കൽപറ്റ | 30,000 |
| 16. | രസിക. വി.കെ, തിരുവങ്ങാട് | BA ,ഗവ. ബ്രണ്ണൻ കോളേജ്, ധർമ്മടം | 30,000 |
| 17. | നന്ദന. വി.കെ, ടെപിൾഗേറ്റ് | BA ഇക്കണോമിക്സ്, പിആർ എൻ എസ് എസ് കോളേജ്, മട്ടന്നൂർ | 30,000 |

മേൽ സൂചിപ്പിച്ച മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും അധികം കൈപ്പറ്റിയ തുക തിരിച്ച് പിടിച്ചിട്ടുണ്ടോ എന്നത് സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നല്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥിക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഇല്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നത്.

| വിദ്യാർത്ഥിയുടെ പേര്/ വിലാസം | അനുവദിച്ച തുക |
|---|---|
| സിൻസി സന്തോഷ് കുമാർ<br>ടെംപിൾഗേറ്റ് | 30,000 |

മതിയായ രേഖകളില്ലാതെ സ്കോളർഷിപ്പ് തുക അനുവദിച്ചതിനാൽ 30,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. പ്രോജക്ടിൽ ഉൾപ്പെട്ട വിദ്യാർത്ഥികളായ ശ്രീ.അർജ്ജുൻ രാജേഷ്, കുമാരി ഇന്ദ്രജ.സി.കെ എന്നിവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്നതായി സ്ഥാപന മേധാവികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ നം.സ.ഉ.(കൈ) 22/2018/ ത.സ്വ.ഭ.വ തീയ്യതി: 14/02/18 ലെ ഖണ്ഡിക നമ്പർ 7.2.5, 7.2.6 നോട് അനുബന്ധമായി ചേർത്ത കുറിപ്പ് പ്രകാരം ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ വിദ്യാർത്ഥികൾ നഗരസഭയിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഒരേ സമയം ആനുകൂല്യം കൈപ്പറ്റുന്നുണ്ട് എന്നതിനാൽ മേൽ പ്രൊജക്ട് പ്രകാരം അധികമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കേണ്ടതാണ്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | അനുവദിച്ച തുക |
|---|---|---|---|
| 1 | അർജ്ജുൻ രാജേഷ് | ബി.ഡി.എസ് | 30,000 |
| 2 | ഇന്ദ്രജ.സി.കെ | സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ | 20,000 |
| ആകെ | | | 50,000 |

വിദ്യാഭ്യാസ ആനുകൂല്യത്തിന് രണ്ട് വകുപ്പുകളിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയത് അംഗീകരിക്കാനാവില്ല. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നഗരസഭയിൽയിൽ നിന്നും സ്കോളർഷിപ്പ് അനുവദിക്കുന്നതിന് തടസ്സമില്ല എന്ന് സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

4). <u>പ്രൊജക്ടിൽ ഉൾപ്പെട്ട വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല:-</u>

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.7.2.5 പ്രകാരം വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണങ്ങൾ സൂചിപ്പിച്ച് കൊണ്ട് 22.2.2022 തീയ്യതിയിലെ 20/2020 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 2,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-72 ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഉത്സവബത്ത - അധികം കൈപ്പറ്റിയ 3,100 രൂപ തടസ്സപ്പെടുത്തുന്നു</u>

| പ്രോജക്ടിന്റെ പേര്/ | ബഡ്സ് സ്കൂൾ ജീവനക്കാർക്ക് |
|---|---|

| | |
|---|---|
| പ്രോജക്ട് നം | ഹോണറേറിയം<br>(S0334/21) |
| അടങ്കൽ തുക | 3,84,000 (വികസന ഫണ്ട് (പൊതു വിഭാഗം) |
| പദ്ധതി ചെലവ് | 2,21500 |
| ബിൽ തുക | 5,500 |
| ബിൽ നം./തീയതി | 20220347001100482951, 28.08.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി |

ധനകാര്യ (ലോൺസ്)വകുപ്പിന്റെ 15.08.2020 ലെ സ.ഉ(അച്ചടി)107/2020/ധന നമ്പർ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂൾ അധ്യാപകർ, ജീവനക്കാർ എന്നിവർക്ക് 1,200/- രൂപ നിരക്കിൽ ഉത്സവ ബത്ത അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 28.08.2020 ലെ നം. ബിൽ പ്രകാരം ബഡ്സ് സ്കൂൾ അധ്യാപകർ, ജീവനക്കാർ എന്നിവർക്ക് 2,750/- രൂപ നിരക്കിൽ ഉത്സവ ബത്ത അനുവദിച്ചതായി കാണുന്നു.

ഇത് സംബന്ധിച്ച് 22.02.2022 തീയ്യതിയിലെ 21/2020-21 ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് ലംഘിച്ച് കൊണ്ട് അധികം നൽകിയ 3,100/- രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-73 ചെക്ക് /ഡ്രാഫ്റ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.

നഗരസഭയിലെ ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ചെക്ക്/ഡ്രാഫ്റ്റ് പണമാക്കി മാറ്റിയതിനുശേഷം മുനിസിപ്പൽ ഫണ്ടിലേക്കു വരവു വെച്ചതിന്റെ തീയതി കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല.

2. 2021-22 വർഷത്തെ ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററിൽ പണമാക്കി മാറ്റിയ തീയതി രേഖപ്പെടുത്താത്ത അനേകം ചെക്ക്/ഡ്രാഫ്റ്റുകൾ ഉള്ളതായി കാണുന്നു. പണമാക്കി മാറ്റിയതിന്റെ വിവരം ലഭ്യമല്ലാത്ത ചെക്ക്/ഡ്രാഫ്റ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ചെക്ക് സ്വീകരിച്ച തീയതി | ചെക്ക് നമ്പർ/തീയതി | ചെക്ക് തുക |
|---|---|---|
| 12.04.21 | 225627/31.03.21 | 31628 |
| 16.04.21 | 036053/08.04.21 | 900 |
| 17.04.21 | 151235/രേഖപ്പെടുത്തിയിട്ടില്ല. | 11535 |
| 19.04.21 | 3/19.04.21 | 38295 |
| 28.04.21 | 590633/26.03.21 | 7500 |
| 28.04.21 | 590667/26.03.21 | 1250 |
| 29.04.21 | 100870/28.04.21 | 83658 |
| 04.05.21 | 009231/30.04.21 | 6250 |
| 04.05.21 | 009232/04.03.21 | 1250 |
| 07.05.21 | 969374/03.05.21 | 66764 |
| 12.05.21 | 551673/27.04.21 | 2089 |
| 14.05.21 | 110025/24.03.21 | 12500 |
| 14.05.21 | 110026/24.03.21 | 11250 |
| 20.05.21 | 313956/27.04.21 | 1250 |
| 20.05.21 | 313955/27.04.21 | 6000 |
| 20.05.21 | 417876/27.04.21 | 290 |
| 24.05.21 | 551765/05.05.21 | 2391 |
| 27.05.21 | 6288811/24.05.21 | 5000 |
| 07.06.21 | 551729/04.05.21 | 2089 |
| 10.06.21 | 460/03.06.21 | 20000 |
| 10.06.21 | 171488/06.05.21 | 900 |

| | | |
|---|---|---|
| 11.06.21 | 309126/11.06.21 | 13495 |
| 14.06.21 | 288785/10.06.21 | 17697 |
| 14.06.21 | 000022/10.06.21 | 4181 |
| 17.06.21 | 003920/06.05.21 | 1250 |
| 08.07.21 | 141791/06.07.21 | 500000 |
| 20.07.21 | 186509/20.07.21 | 50000 |
| 05.08.21 | 5448428/03.08.21 | 13750 |
| 12.08.21 | 5873483/11.08.21 | 8750 |
| 13.08.21 | 157704/22.07.21 | 14868 |
| 13.08.21 | 968366/12.07.21 | 37340 |
| 16.08.21 | 560173/10.08.21 | 2089 |
| 16.08.21 | 000275/14.08.21 | 106136 |
| 16.08.21 | 006848/10.08.21 | 1250 |
| 16.08.21 | 006847/10.08.21 | 42600 |
| 16.08.21 | 2241169/13.08.21 | 37500 |
| 17.08.21 | 116616/16.08.21 | 32000 |
| 17.08.21 | 116617/16.08.21 | 1250 |
| 17.08.21 | 026374/29.07.21 | 41000 |
| 17.08.21 | 329337/17.08.21 | 8750 |
| 18.08.21 | 1386710/17.08.21 | 15000 |
| 26.08.21 | 969378/26.08.21 | 25877 |
| 26.08.21 | 969377/26.08.21 | 6750 |
| 26.08.21 | 969376/26.08.21 | 6750 |
| 26.08.21 | 026862/25.08.21 | 100417 |
| 26.08.21 | 003624/24.08.21 | 9400 |
| 26.08.21 | 692802/25.08.21 | 1250 |
| 26.08.21 | 284827/28.07.21 | 7500 |
| 26.08.21 | 246712/25.08.21 | 1250 |
| 26.08.21 | 680013/12.08.21 | 1250 |
| 26.08.21 | 680061/12.08.21 | 3750 |
| 26.08.21 | 022316/09.08.21 | 1250 |
| 26.08.21 | 022337/12.08.21 | 15750 |
| 26.08.21 | 005042/25.08.21 | 6250 |
| 26.08.21 | 282132/10.08.21 | 12500 |
| 26.08.21 | 7014818/26.08.21 | 26550 |
| 26.08.21 | 000024/26.08.21 | 21503 |
| 31.08.21 | 008146/27.08.21 | 43570 |
| 31.08.21 | 1257435/19.08.21 | 6250 |
| 01.09.21 | 157885/24.08.21 | 3708684 |
| 01.09.21 | 4259614/13.08.21 | 1250 |
| 01.09.21 | 4259615/13.08.21 | 1250 |
| 01.09.21 | 4259616/13.08.21 | 15900 |
| 02.09.21 | 062253/27.08.21 | 1250 |
| 02.09.21 | 062252/27.08.21 | 43750 |

| | | |
|---|---|---|
| 02.09.21 | 6274700/01.09.21 | 34500 |
| 02.09.21 | 5575824/02.09.21 | 3750 |
| 03.09.21 | 062659/31.08.21 | 12450 |
| 03.09.21 | 6807013/17.08.21 | 1250 |
| 03.09.21 | 5927290/02.08.21 | 1250 |
| 03.09.21 | 5667809/02.09.21 | 10000 |
| 03.09.21 | 334222/13.08.21 | 25300 |
| 06.09.21 | 3923642/06.09.21 | 15000 |
| 06.09.21 | 983313/02.09.21 | 2500 |
| 06.09.21 | 3026671/03.09.21 | 28500 |
| 06.09.21 | 852124/01.09.21 | 1250 |
| 07.09.21 | 2767334/03.09.21 | 6250 |
| 07.09.21 | 5657985/06.09.21 | 2500 |
| 07.09.21 | 2241226/09.08.21 | 15750 |
| 07.09.21 | 5622445/06.09.21 | 3756 |
| 07.09.21 | 7014819/06.09.21 | 1250 |
| 07.09.21 | 5448544/06.09.21 | 10000 |
| 07.09.21 | 5584548/06.09.21 | 28500 |
| 07.09.21 | 4990450/07.09.21 | 11750 |
| 07.09.21 | 005925/06.09.21 | 4350 |
| 07.09.21 | 130751/30.08.21 | 1250 |
| 07.09.21 | 130750/30.08.21 | 16700 |
| 07.09.21 | 596255/30.08.21 | 46452 |
| 07.09.21 | 596256/30.08.21 | 28804 |
| 07.09.21 | 596257/30.08.21 | 50967 |
| 08.09.21 | 007855/04.09.21 | 112533 |
| 08.09.21 | 9186392/25.08.21 | 5000 |
| 08.09.21 | 1709048/08.09.21 | 38700 |
| 08.09.21 | 4920656/06.09.21 | 6250 |
| 08.09.21 | 5853304/06.09.21 | 1250 |
| 08.09.21 | 5448264/07.09.21 | 12500 |
| 08.09.21 | 5717720/07.09.21 | 8750 |
| 08.09.21 | 9186391/25.08.21 | 2500 |
| 08.09.21 | 518799/19.08.21 | 5500 |
| 08.09.21 | 518861/19.08.21 | 1250 |
| 08.09.21 | 6274700/07.09.21 | 34500 |
| 08.09.21 | 106616/06.09.21 | 98593 |
| 08.09.21 | 241031/08.09.21 | 27564 |
| 08.09.21 | 746065/08.09.21 | 67523 |
| 09.08.21 | 000055/08.09.21 | 4181 |
| 09.08.21 | 004006/08.09.21 | 17697 |
| 09.09.21 | 012852/07.09.21 | 1250 |
| 09.09.21 | 012864/07.09.21 | 2500 |
| 09.09.21 | 3930208/08.09.21 | 1250 |

| | | |
|---|---|---|
| 09.09.21 | 5811812/08.09.21 | 10000 |
| 09.09.21 | 3211572/08.09.21 | 1250 |
| 09.09.21 | 3211571/08.09.21 | 8750 |
| 09.09.21 | 3211592/09.09.21 | 1250 |
| 09.09.21 | 3211591/09.09.21 | 17500 |
| 09.09.21 | 3211573/08.09.21 | 1250 |
| 13.09.21 | 6461487/10.09.21 | 8500 |
| 13.09.21 | 5717984/09.09.21 | 11000 |
| 13.09.21 | 5657204/08.09.21 | 5000 |
| 13.09.21 | 5927901/09.09.21 | 15000 |
| 13.09.21 | 5667745/06.09.21 | 8750 |
| 13.09.21 | 115399/09.09.21 | 1250 |
| 13.09.21 | 6461710/06.09.21 | 4500 |
| 13.09.21 | 972060/10.09.21 | 21550 |
| 13.09.21 | 000291/10.09.21 | 25675 |
| 13.09.21 | 559895/10.09.21 | 2089 |
| 13.09.21 | 421659/06.09.21 | 2371 |
| 13.09.21 | 649689/13.09.21 | 5900 |
| 13.09.21 | 092244/05.09.21 | 18632 |
| 13.09.21 | 0963212/13.09.21 | 7500 |
| 13.09.21 | 3863608/09.09.21 | 478750 |
| 13.09.21 | 2767653/10.09.21 | 10000 |
| 13.09.21 | 5657865/06.09.21 | 8750 |
| 13.09.21 | 076913/13.09.21 | 21650 |
| 14.09.21 | 082679/08.09.21 | 1250 |
| 14.09.21 | 5863620/10.09.21 | 10000 |
| 14.09.21 | 1876304/08.09.21 | 46850 |
| 14.09.21 | 005123/14.09.21 | 3200 |
| 14.09.21 | 9176317/13.09.21 | 17500 |
| 14.09.21 | 362803/29.07.21 | 85000 |
| 14.09.21 | 5667063/12.09.21 | 2500 |
| 14.09.21 | 5667043/07.09.21 | 6250 |
| 14.09.21 | 5667103/11.09.21 | 5000 |
| 14.09.21 | 5836063/12.09.21 | 5000 |
| 14.09.21 | 320480/09.09.21 | 9550 |
| 14.09.21 | 319447/03.09.21 | 1250 |
| 14.09.21 | 319317/01.09.21 | 1250 |
| 14.09.21 | 320519/09.09.21 | 2250 |
| 17.09.21 | 8569970/01.09.21 | 26250 |
| 17.09.21 | 3863870/13.08.21 | 75450 |
| 17.09.21 | 3923442/08.09.21 | 2500 |
| 17.09.21 | 3923464/10.09.21 | 1250 |
| 17.09.21 | 8425317/17.09.21 | 38500 |
| 17.09.21 | 8569971/17.09.21 | 1250 |

| | | |
|---|---|---|
| 18.09.21 | 615196/18.09.21 | 76503 |
| 18.09.21 | 5657249/07.09.21 | 7500 |
| 18.09.21 | 0963652/13.09.21 | 1250 |
| 18.09.21 | 0983302/15.09.21 | 1250 |
| 18.09.21 | 000091/17.09.21 | 11250 |
| 18.09.21 | 5448929/06.09.21 | 18750 |
| 18.09.21 | 318148/20.08.21 | 1250 |
| 18.09.21 | 5657685/14.09.21 | 7500 |
| 18.09.21 | 5448930/06.09.21 | 1000 |
| 20.09.21 | 4154051/17.09.21 | 54950 |
| 20.09.21 | 0963752/13.09.21 | 11250 |
| 20.09.21 | 031785/08.09.21 | 600 |
| 20.09.21 | 9186558/20.09.21 | 18750 |
| 20.09.21 | 681280/07.09.21 | 29850 |
| 20.09.21 | 5657908/17.09.21 | 5000 |
| 20.09.21 | 0963392/14.09.21 | 5000 |
| 22.09.21 | 0983154/18.09.21 | 12500 |
| 22.09.21 | 0963203/21.09.21 | 3750 |
| 22.09.21 | 164158/22.09.21 | 38426 |
| 24.09.21 | 139584/22.09.21 | 42110 |
| 24.09.21 | 1137345/23.09.21 | 8100 |
| 24.09.21 | 6288131/22.09.21 | 6250 |
| 24.09.21 | 5811813/23.09.21 | 1250 |
| 24.09.21 | 5836624/22.09.21 | 2500 |
| 24.09.21 | 082697/22.09.21 | 7000 |
| 24.09.21 | 005701/08.09.21 | 8100 |
| 24.09.21 | 005708/24.09.21 | 1250 |
| 24.09.21 | 009253/17.09.21 | 7560 |
| 24.09.21 | 009256/20.09.21 | 1250 |
| 24.09.21 | 306729/04.09.21 | 1250 |
| 24.09.21 | 000096/09.09.21 | 28250 |
| 24.09.21 | 608480/22.09.21 | 8500 |
| 28.09.21 | 647745/15.09.21 | 11808 |
| 28.09.21 | 990565/20.09.21 | 4450 |
| 28.09.21 | 063045/20.09.21 | 38880 |
| 28.09.21 | 5657227/18.09.21 | 1250 |
| 28.09.21 | 5717770/28.09.21 | 72500 |
| 28.09.21 | 5811062/28.09.21 | 11250 |
| 28.09.21 | 5717951/18.09.21 | 12750 |
| 29.09.21 | 5754868/28.09.21 | 7500 |
| 29.09.21 | 1353871/09.09.21 | 8500 |
| 29.09.21 | 0963512/28.09.21 | 10000 |
| 29.09.21 | 1438275/28.09.21 | 27500 |
| 29.09.21 | 495439/24.08.21 | 1250 |

| | | |
|---|---|---|
| 29.09.21 | 000971/25.09.21 | 45256 |
| 29.09.21 | 000972/25.09.21 | 23050 |
| 29.09.21 | 45044004/17.09.21 | 5000 |
| 29.09.21 | 009120/22.09.21 | 1250 |
| 29.09.21 | 000055/28.09.21 | 1250 |
| 30.09.21 | 686580/16.09.21 | 1250 |
| 30.09.21 | 547733/29.09.21 | 1250 |
| 30.09.21 | 5667143/29.09.21 | 3750 |
| 30.09.21 | 615198/29.09.21 | 38750 |
| 30.09.21 | 987262/24.09.21 | 17000 |
| 30.09.21 | 987193/24.09.21 | 1250 |
| 30.09.21 | 1610533/28.09.21 | 3500 |
| 30.09.21 | 608481/23.09.21 | 1250 |
| 30.09.21 | 608482/30.09.21 | 12500 |
| 30.09.21 | 727538/29.09.21 | 12800 |
| 30.09.21 | 207157/30.09.21 | 44200 |
| 30.09.21 | 686821/16.09.21 | 15610 |
| 04.10.21 | 233349/27.09.21 | 9279 |
| 04.10.21 | 855584/04.10.21 | 53425 |
| 21.10.21 | 5622003/26.09.21 | 1250 |
| 28.10.21 | 144593/28.10.21 | 6772 |
| 28.10.21 | 6288082/15.10.21 | 10000 |
| 29.10.21 | 141792/29.10.21 | 152293 |
| 29.10.21 | 457247/06.10.21 | 3117 |
| 19.11.21 | 000404/15.11.21 | 47261 |
| 20.11.21 | 265550/07.10.21 | 1052 |
| 20.11.21 | 728682/08.11.21 | 900 |
| 20.11.21 | 000524/19.11.21 | 118 |
| 22.11.21 | 0963931/22.11.21 | 2500 |
| 22.11.21 | 142397/22.11.21 | 46387 |
| 23.11.21 | 723882/11.11.21 | 96965 |
| 25.11.21 | 740408/22.11.21 | 1000 |
| 25.11.21 | 740409/22.11.21 | 1500 |
| 30.11.21 | 730033/30.11.21 | 147892 |
| 06.12.21 | 817123/06.12.21 | 1250 |
| 08.12.21 | 019061/07.12.21 | 103468 |

3. ചെക്ക് പണമാക്കിയതിന്റെ വിവരം ലഭ്യമല്ല

നഗരസഭയുടെ 2020-21 വർഷത്തെ ചെക്ക്/ഡി.ഡി കലക്ഷൻ രജിസ്റ്റർ പ്രകാരം നഗരസഭയിലെ പുതിയ ബസ്സ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ GF-5 നമ്പർ മുറിയുടെ വാടക ഒടുക്കുന്നതിനായി 02.07.20 തീയ്യതിയിൽ നഗരസഭയിൽ സമർപ്പിച്ച (നം.603621/01.07.20, തുക 9,76,000) ചെക്ക് പണമാക്കി നഗരസഭാ അക്കൗണ്ടിൽ വരവ് വെച്ചതിന്റെ വിവരം ലഭ്യമല്ല.

ചെക്കുകൾ പണമാക്കിയതിന്റെ വിവരം ലഭ്യമാക്കാനും ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തതു സംബന്ധിച്ച് അഭിപ്രായം അറിയിക്കാനും നമ്പർ 11/2020-21തീയതി:11.01.22, 74/2020-21തീയതി:16.05.2022 ഓഡിറ്റ് അന്വേഷണങ്ങളിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മേൽ

അപാകതകൾ നഗരസഭഫണ്ടിന് വരവുനഷ്ടമുണ്ടാവാനിടയാക്കുമെന്നതിനാൽ ചെക്ക്/ഡ്രാഫ്റ്റ് രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ചെക്കുകൾ പണമാക്കുന്നതിൽ കാലതാമസമുണ്ടാവുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കേണ്ടതുമാണ്.

1-74 കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ 2020-21-സൂക്ഷിപ്പിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും തുടർനടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാക്കുന്നതിനായി കെട്ടിട നിർമ്മാണ അപേക്ഷകളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 2.12.2015ലെ 12900/ആർ.എ1 /2015/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

നഗരസഭ സൂക്ഷിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ മേൽ സർക്കുലറിലെ ചുവടെ ചേർത്ത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കാണുന്നു.

1. 20.06.2007 ലെ 24136/ആർ.എ1/2007/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ അപ്പൻഡിക്സ്- I ൽ നിർദ്ദേശിച്ച പ്രകാരം കെട്ടിടനിർമ്മാണ അപേക്ഷ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല.

2. മേൽ സർക്കുലർ പ്രകാരം രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ കെട്ടിടനിർമ്മാണത്തിനായി അപേക്ഷ ലഭിച്ച തീയ്യതി നിർബന്ധമായും ചേർത്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നഗരസഭ ഹാജരാക്കിയ രജിസ്റ്ററിൽ നഗരസഭയിൽ അപേക്ഷ ലഭിച്ച തീയ്യതി രേഖപ്പെടുത്തുന്നില്ല.

3. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

4. 30.10.2012 ലെ 59177/ആർ.എ1/2013/ത.സ്വ.ഭ.വ, 30.12.2013 ലെ 75419/ആർ.എ1/2013/ത.സ്വ.ഭ.വ, എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്/ സീൽ പതിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

5. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

6. 22.08.2014 ലെ 46871/ആർ.എ1/2014/ത.സ്വ.ഭ.വ സർക്കുലറിൽ അനുശാസിക്കും പ്രകാരം പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മുൻകൂർ അനുമതികൾ എല്ലാം ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നുവെങ്കിലും പ്രസ്തുത സർക്കുലറിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് നഗരസഭ ഉറപ്പാക്കുന്നില്ലെന്ന് കെട്ടിട നിർമ്മാണ അപേക്ഷകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു.

7. 13.02.2012 ലെ 818/ആർ.എ3/2012/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിച്ചുകൊണ്ടു മാത്രമെ നിർമ്മാണാനുമതി നൽകാവൂ എന്ന് അനുശാസിക്കുന്നുവെങ്കിലും ആയത് കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് നഗരസഭ ഉറപ്പു വരുത്തുന്നില്ല.

8. കെട്ടിട നിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ തീരുമാനമെടുത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ സാധിക്കുന്നില്ല.

9. നഗരസഭ അനുവദിച്ച പെർമിറ്റ് ചട്ടപ്രകാരം നീട്ടുന്നതിനോ/ പുതുക്കുന്നതിനോ അപേക്ഷ കാലേകൂട്ടി സമർപ്പിക്കപ്പെടുന്നുവെന്നും സമയപരിധിക്കുള്ളിൽ തന്നെ നീട്ടിയ പുതിയ പെർമിറ്റ് അനുവദിക്കപ്പെടുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണന്ന് നിഷ്കർഷിക്കുന്നുവെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

10. കെട്ടിടത്തിന് പ്രവർത്തന ലൈസൻസ് നൽകുന്ന അവസരത്തിൽ നിർദ്ദിഷ്ട ഉപയോഗം കെട്ടിടത്തിന് അനുമതി നൽകിയ അതേ ഒക്കുപ്പൻസി വിഭാഗത്തിൽത്തന്നെയുള്ളതാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വിനിയോഗമാറ്റമുള്ള പക്ഷം കെട്ടിടം വിനിയോഗമാറ്റത്തിന് ചട്ടപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ മേൽ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

11. 24.07.2010 തീയ്യതിയിലെ 22044/ആർ.എ1/2010/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നൽകിയിരുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നഗരസഭ യഥാസമയം നടപടികൾ സ്വീകരിക്കുന്നില്ല.

12. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും രജിസ്റ്ററിലെ ക്രമപ്രകാരമുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ് എന്ന്

നിഷ്കർഷിക്കുന്നുണ്ടെങ്കിലും അപ്രകാരംചെയ്യുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ 15.01.22 ലെ ഓഡിറ്റ് അന്വേഷണം നം 14/20-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-75 സ്റ്റോക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

മണി വാല്യൂ ഫോറങ്ങൾ

നഗരസഭയിലെ വിവിധയിനം മണി വാല്യൂ ഫോമുകളുടെ സ്റ്റോക്കിന്റെ ഭൗതിക പരിശോധന 17.05.2022 തീയ്യതിയിൽ നടത്തുകയുണ്ടായി. ആയതിന്റെ പരിശോധനയുമായി ബന്ധപ്പെട്ട് കണ്ടെത്തിയ ചില അപാകതകൾ ചുവടെ കൊടുക്കുന്നു.

1. Death Report Form

21.04.2022 ലെ Death Report Form ന്റെ ബാലൻസ് പ്രകാരം 7545 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 17.05.2022 തീയ്യതിയിലെ ഭൗതിക പരിശോധനയിൽ Death Report Form 6545 എണ്ണമാണ് ഉള്ളത്. സ്റ്റോക്ക് ഇനത്തിലെ കുറവ് (1000x10രൂപ =10,000/-) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

2. Birth Report Form

22.04.2022 ലെ Birth Report Form ന്റെ ബാലൻസ് പ്രകാരം 4036 ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. 10.05.2022 ന് മുൻ ബാലൻസായി കാണിച്ചിരിക്കുന്നത് 3486 ആണ്. സ്റ്റോക്ക് ഇനത്തിൽ 550 എണ്ണത്തിന്റെ കുറവ് കാണുന്നു. സ്റ്റോക്ക് ഇനത്തിലെ കുറവ് (550x10രൂപ=5,500/-) രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

3. Death Certificate എഴുതിയ പേജ് 26,27 എന്നിവ ഒട്ടിച്ചിരിക്കുന്നു. പേജ് 25ൽ 18.05.2017 തീയ്യതിയിൽ 8400 ബാലൻസ് ഉണ്ട്. എന്നാൽ 09.06.2017ൽ മുൻബാക്കി ആയി കാണിച്ചിരിക്കുന്നത് 8600 ആണ്.

4. വിവാഹ രജിസ്ട്രേഷൻ ഫോറം 25.10.2021 തീയ്യതിയിൽ 200 എണ്ണം വിതരണം ചെയ്തതിനു ശേഷം (സ്റ്റോക്ക് രജിസ്റ്റർ പേജ് 61) 02.12.2021 ന് മുൻപായി 400 ഫോറങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ വിതരണം ചെയ്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

5. D &O ഫോറം 76 മുതൽ 79 വരെയുള്ള പേജുകൾ ഒട്ടിച്ചിരിക്കുന്നു.

സ്റ്റോക്ക് രജിസ്റ്ററിൽ ഉണ്ടാകുന്ന തിരുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, 149 മുതൽ 151 ആർട്ടിക്കിൾ പ്രകാരം മണിവാല്യൂ ഫോറങ്ങളുടെ സൂക്ഷിപ്പിൽ വളരെയധികം ശ്രദ്ധ ചെലുത്തേണ്ടതാണ്.

2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങളിലെ ചട്ടം 74 പ്രകാരം പണപ്പിരിവിനുപയോഗിക്കുന്ന ഓരോ രശീതുബുക്കിലുമുള്ള പേജുകൾ പരിശോധിച്ച് സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ ഒപ്പു വെക്കേണ്ടതാണ്. നഗരസഭയിലെ രശീതുബുക്കുകളിൽ മേൽപ്രകാരം സാക്ഷ്യപത്രം രേഖപ്പെടുത്തി ഒപ്പു വെച്ചിട്ടുണ്ടെങ്കിലും പേജുകൾ സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടില്ല. 11.02.22 ൽ കോടിയേരി കൃഷി ഓഫീസർക്ക് അനുവദിച്ച 855ാം നമ്പർ രശീതുബുക്ക്, സ്റ്റോക്കിലുള്ള 859ാം നമ്പർ രശീതുബുക്ക് എന്നിവ പരിശോധിച്ചപ്പോൾ 855ാം നമ്പർ രശീതുബുക്കിലെ 3 രശീതുകൾ(85453, 85454, 85455) 859ാം നമ്പർ ബുക്കിലും, 859ാം നമ്പർ രശീതുബുക്കിലെ 3 രശീതുകൾ(85853, 85854, 85855) 855ാം നമ്പർ ബുക്കിലുമാണുള്ളത്. സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമം തെറ്റി ഉൾപ്പെട്ട രശീതുകൾ റദ്ദ് ചെയ്യാതെയാണ് 855ാം നമ്പർ രശീതുബുക്ക് കൃഷി ഓഫീസർക്ക് അനുവദിച്ചത്.

മേൽ രശീതുകൾ ഉപയോഗിച്ച് കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുമുണ്ട്. ഇതു സൂചിപ്പിച്ചു കൊണ്ട് 28.02.2022 തീയ്യതിയിൽ 26/2020-21 നമ്പരായി ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1-76 സർവ്വീസ് പെൻഷണർ/ കുടുംബ പെൻഷണർമാർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റി.

തലശ്ശേരി നഗരസഭയുടെ സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ഫയൽ നം.P3/19268/2005 പരിശോധിച്ചപ്പോൾ താഴെ പറയുന്ന സർവ്വീസ് പെൻഷണർമാർ/ കുടുംബപെൻഷണർമാർ തലശ്ശേരി നഗരസഭയിൽ നിന്ന് സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നതായി പഞ്ചായത്ത് ഡയറക്ടറുടെ 04.03.2021ലെ File No. PAN/2566/2020-DBT1 (DP) നമ്പർ കത്ത് പ്രകാരം തലശ്ശേരി നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് എന്ന് കാണുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | വാങ്ങിക്കൊണ്ടിരുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ | സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിത്തുടങ്ങിയ തീയ്യതി |
|---|---|---|---|
| 1 | സ്റ്റീഫൻ മത്തായി | വാർദ്ധക്യകാലപെൻഷൻ | 01.12.2011 |
| 2 | കമലാക്ഷി എം.എം | വാർദ്ധക്യകാലപെൻഷൻ | 01.10.2013 |
| 3 | സാവിത്രി.എൻ.വി | വാർദ്ധക്യകാലപെൻഷൻ | 23.09.2014 |

| | | | |
|---|---|---|---|
| 4 | ചന്ദ്രി.കെ | വാർദ്ധക്യകാലപെൻഷൻ | 18.11.2014 |
| 5 | റുസാരി ഫെർണാണ്ടസ് | വാർദ്ധക്യകാലപെൻഷൻ | 06.06.2015 |
| 6 | മീര.പി | വാർദ്ധക്യകാലപെൻഷൻ | 14.12.2015 |
| 7 | ബാബു കുരുവിള | വാർദ്ധക്യകാലപെൻഷൻ | 29.01.2016 |
| 8 | വിക്ടോറിയ ലോറൻസ് | വാർദ്ധക്യകാലപെൻഷൻ | 16.03.2016 |
| 9 | ആൻറണി ഗോൺസാൽവസ് | വാർദ്ധക്യകാലപെൻഷൻ | 08.11.2016 |
| 10 | രാധ.ടി | വികലാംഗ പെൻഷൻ | 01.01.2003 |
| 11 | ശ്യാമള.കെ.കെ | വികലാംഗ പെൻഷൻ | 01.06.2010 |
| 12 | പത്മാവതി.പി.കെ | 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ | 01.02.2009 |
| 13 | ഗിരിജ.എൻ | 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ | 01.07.2013 |
| 14 | രമണി.പി.കെ | വാർദ്ധക്യകാലപെൻഷൻ | 04.05.2015 |
| 15 | പ്രഭാവതി.പി.വി | 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ | 26.05.2015 |
| 16 | ശൈല മേരി | 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ | 12.06.2015 |
| 17 | ശ്യാമള. കെ.കെ | 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷൻ | 18.08.2016 |
| 18 | ഇന്ദിര വി.പി | വിധവാ പെൻഷൻ | 01.07.2007 |
| 19 | വൽസല.പി.കെ | വിധവാ പെൻഷൻ | 24.07.2015 |
| 20 | ആയിഷ.ടി.പി | വിധവാ പെൻഷൻ | 27.01.2016 |
| 21 | മേരി | വാർദ്ധക്യകാലപെൻഷൻ | 15.09.2018 |
| 22 | സോഫിയ ലാസർ | വാർദ്ധക്യകാലപെൻഷൻ | 27.09.2018 |

സ.ഉ.(എം.എസ്) 483/2017/ധന. തീയ്യതി:06.11.2017 ലെ ഖണ്ഡിക Ii ൽ സർവ്വീസ് പെൻഷണർമാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ നഗരസഭയുടെ ഭാഗത്ത് നിന്നും കൃത്യമായ പരിശോധന നടത്താത്തതാണ് സർവ്വീസ് പെൻഷണർമാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി അനുവദിക്കപ്പെടാനുള്ള കാരണമെന്ന് ബോധ്യപ്പെടുന്നു.

23.01.2020 ലെ 07/2020/ധന, 08.02.2021 ലെ 14/2021 നമ്പർ സർക്കുലറുകളിൽ സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ ലഭിക്കുന്നവർ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച 22 ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷാ പെൻഷന്റെ തിരിച്ചടവ് സംബന്ധിച്ചും അനർഹർ പെൻഷൻ കൈപ്പറ്റാനിടയായ സാഹചര്യം സംബന്ധിച്ച് നഗരസഭാ സെക്രട്ടറിക്ക് നൽകിയ 21.03.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.35) 10.05.2022 ന് സമർപ്പിച്ച മറുപടിയിൽ 10 ഗുണഭോക്താക്കൾ മുഴുവൻ തുകയും തിരിച്ചടച്ചിട്ടുള്ളതാണ് എന്നും 2 പേർ ഗഡുക്കളായി തിരിച്ചടച്ചുകൊണ്ടിരിക്കുകയാണ് എന്നും ബാക്കിയുള്ള ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 10 ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കേണ്ടതും സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ കർശന പരിശോധന നടത്തേണ്ടതും അനർഹർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-77 സാമൂഹ്യ സുരക്ഷാപെൻഷൻ -വിധവാ പെൻഷൻ അനർഹമായികൈപ്പറ്റിയത്.

തലശ്ശേരി നഗരസഭയുടെ 2020-21 കാലയളവിലെ വൗച്ചറുകൾ പരിശോധിക്കുമ്പോൾ വൗച്ചർ നം.844 തീയതി: 09.12.2021 പ്രകാരം നഗരസഭയിൽ നിന്നും വിധവാ പെൻഷൻ ഇനത്തിൽ അധികം കൈപ്പറ്റിയ 53,700/- രൂപ സാമൂഹ്യസുരക്ഷാമിഷനിൽ തിരിച്ചടച്ചതായി കാണുന്നു. നഗരസഭയുടെ ഫയൽ നം. P4-16458/05 പരിശോധിച്ചപ്പോൾ

തലശ്ശേരി നഗരസഭയിൽ നിന്നും വിധവാ പെൻഷൻ വാങ്ങിച്ച കൊണ്ടിരുന്ന ശ്രീമതി. അജിത.വി, ടിയാരിക്ക് തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി ജോലി ലഭിച്ചതു കൊണ്ട് വിധവാ പെൻഷൻ നിർത്തൽ ചെയ്യാൻ 08.10.2020 ന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ ഭാഗമായാണ് തുക തിരിച്ചടച്ചിട്ടുള്ളത് എന്ന് കാണുന്നു. ശ്രീമതി. അജിത.വി 08.10.2020ന് മാത്രമാണ് പെൻഷൻ നിർത്താനുള്ള അപേക്ഷ നഗരസഭയിൽ സമർപ്പിച്ചിട്ടുള്ളത്. രേഖകൾ പരിശോധിച്ചപ്പോൾ ടിയാരി തലശ്ശേരി നഗരസഭാ കൗൺസിലിന്റെ 31.10.2016 ലെ 34-ാം നമ്പർ തീരുമാനം, തലശ്ശേരി നഗരസഭാ സെക്രട്ടറിയുടെ 03.11.2016 ലെ എച്ച്.3-8760/07 നമ്പർ ഉത്തരവ് എന്നിവ അനുസരിച്ച് നവംബർ 2016 ന്റെ തന്നെ തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി പ്രവേശിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. ശ്രീമതി. അജിത.വി 2016 നവംബർ മുതൽ 2020 സെപ്തംബർ മാസം വരെ അനർഹമായി കൈപ്പറ്റിയ വിധവാ പെൻഷൻ തുകയായ 53,700/- രൂപ രണ്ട് ഗഡുക്കളായി (06.11.2020 ന് ₹26,000 യും 03.12.2020 ന് ₹27,700 യും ) നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

സ.ഉ(എം.എസ്) നം.97/2020ധന. തീയതി: 23.09.2020 പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷന്റെ മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക ബി(4) ൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാകയാൽ പെൻഷൻ ലഭിച്ചു വരുന്നവരുടെ അർഹത മേൽ നിബന്ധനകൾ പ്രകാരം പുന:പരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കുന്നുള്ളൂവെന്ന് എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യമാണ് എന്ന് 26.04.2019 ലെ നം.35/2019/ധന സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് 27.12.2021 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.7) 01.02.2022 ന് നഗരസഭാ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ ടിയാരിയിൽ നിന്നും തുക ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്നും നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ കർശന പരിശോധന നടത്തുന്നുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ കർശന പരിശോധന നടത്തേണ്ടതും അനർഹർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-78 സർവ്വീസ് പെൻഷൻ/ കുടുംബ പെൻഷനും രണ്ട് സാമൂഹ്യ സുരക്ഷാ പെൻഷനുകളും ഒരേ സമയം കൈപ്പറ്റി.

തലശ്ശേരി നഗരസഭയുടെ സാമൂഹ്യസുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ഫയൽ നം.P3/19268/2005 പരിശോധിച്ചപ്പോൾ ശ്രീമതി.ശ്യാമള.കെ.കെ തലശ്ശേരി നഗരസഭയിൽ നിന്നും ഒരേ സമയം വികലാംഗ പെൻഷനും (പെൻഷൻ ഐഡി. 102210400538), 50 വയസ്സുകഴിഞ്ഞ അവിവാഹിത പെൻഷനും (പെൻഷൻ ഐഡി. 102210501004) കൈപ്പറ്റിയതായി കാണുന്നു. ഇതിനു പുറമെ ടിയാരി സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്ന വ്യക്തിയാണ് എന്ന് പഞ്ചായത്ത് ഡയറക്ടർ 04.03.2021ലെ File No. PAN/2566/2020-DBT1 (DP) നമ്പർ കത്ത് പ്രകാരം തലശ്ശേരി നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുമുണ്ട്.

സ.ഉ.(എം.എസ്) 483/2017/ധന. തീയ്യതി:06.11.2017 ലെ ഖണ്ഡിക Xvi ൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ എന്നും ഖണ്ഡിക Xvii പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്,

ആയതിനാൽ ശ്രീമതി.ശ്യാമള.കെ.കെ അനർഹമായി സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റാനിടയായ സാഹചര്യം സംബന്ധിച്ച് 21.03.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.36) 10.05.22 ന് ലഭ്യമാക്കിയ മറുപടിയിൽ ടിയാരി അനർഹമായി കൈപ്പറ്റിയ വികലാംഗ പെൻഷനും അവിവാഹിത പെൻഷനും തിരികെ ഈടാക്കി സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് എന്നും നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ കർശന പരിശോധന നടത്തുന്നുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുമ്പോൾ കർശന പരിശോധന നടത്തേണ്ടതും അനർഹർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

1-79 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ്

നഗരസഭയിൽ നിലവിലുള്ള 6 ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ 2020-21 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ പുറപ്പെടുവിക്കുകയും പകർപ്പുകൾ നഗരസഭയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| ക്രമ നം | ആശുപത്രി മാനേജിംഗ് കമ്മിറ്റി | റിപ്പോർട്ട് നം ./തീയ്യതി |
|---|---|---|
| 1 | പി.എച്ച്.സി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/188/22 തീ:26.03.22 |
| 2 | ഗവ.ആയുർവ്വേദ ആശുപത്രി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/143/22 തീ:15.03.22 |
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/478/21 തീ:15.12.21 |
| 4 | ഗവ.ഹോമിയോ ഡിസ്പെൻസറി കോടിയേരി | കെ.എസ്.എ.ടി.എസ്.എം1/479/21 തീ:15.12.21 |
| 5 | പി.എച്ച്.സി ചാലിൽ | കെ.എസ്.എ.ടി.എസ്.എം1/189/22 തീ:26.03.22 |
| 6 | താലൂക്ക് ആശുപത്രി തലശ്ശേരി | കെ.എസ്.എ.ടി.എസ്.എം1/230/22 തീ:09.05.22 |

1-80 കൈമാറിക്കിട്ടാത്ത ആരോഗ്യകേന്ദ്രത്തിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചു.

ആശുപത്രി മാനേജിങ്ങ് കമ്മിറ്റികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് തലശ്ശേരി നഗരസഭ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ കൊളശ്ശേരി നഗര ആരോഗ്യകേന്ദ്രത്തിൽ 18 അംഗങ്ങൾ ഉള്ള ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചതായി കാണുന്നു. 2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിങ്ങ് കമ്മിറ്റി) ചട്ടങ്ങളിലെ ചട്ടം 2ഇ പ്രകാരം 'പൊതുജനാരോഗ്യ സ്ഥാപനം' എന്നാൽ ആക്ടിലെ ഒന്നാം പട്ടിക പ്രകാരം, ഒരു മുനിസിപ്പാലിറ്റിക്ക് നൽകപ്പെട്ട ചുമതലകൾ നിറവേറ്റുന്നതിനായി 30-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്തു കിട്ടിയതും അതത് മുനിസിപ്പാലിറ്റിക്ക് ഭരണ ചുമതലയുള്ളതുമായ, ഏതെങ്കിലും അംഗീകൃത ചികിത്സാ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്ക് ചികിത്സ നൽകുന്ന ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രി അഥവാ മറ്റേതെങ്കിലും പ്രത്യേക തരത്തിലുള്ള ആശുപത്രി എന്നർത്ഥമാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ ഹാജരാക്കിയ ഫയൽ E7-679/19 പരിശോധിച്ചപ്പോൾ " കൊളശ്ശേരി നഗര പ്രാഥമികാരോഗ്യ കേന്ദ്രം NHM-ന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ച് വരുന്നത്. നഗരസഭ പ്രസ്തുത സ്ഥാപനത്തിനുള്ള കെട്ടിടം നിർമ്മിച്ചു നൽകുകയാണ് ചെയ്തത്. വകുപ്പ് തലത്തിൽ സ്ഥാപനം കൈമാറിയിട്ടില്ല. നിലവിൽ ഈ സ്ഥാപനത്തിനുള്ള മരുന്ന് NHM മുഖാന്തിരമാണ് ലഭ്യമാക്കുന്നത്. സ്ഥാപനത്തിൽ ചുമതലയുള്ള മെഡിക്കൽ ഓഫീസർ താല്ക്കാലിക നിയമനം ലഭിച്ച വ്യക്തിയായതിനാലും നിർവ്വഹണ ചുമതല നൽകാൻ സാധിക്കില്ല എന്നുള്ളതും റിപ്പോർട്ട് ചെയ്യുന്നു" എന്ന് ഫയലിൽ രേഖപ്പെടുത്തിയതായി കാണുന്നു. (ഫയൽ നം. പേജ് 16- കുറിപ്പ് തീയതി: 05.08.2021)

നഗരസഭയ്ക്ക് കൈമാറ്റം ചെയ്യപ്പെടാത്തതും താല്ക്കാലിക നിയമനം ലഭിച്ച മെഡിക്കൽ ഓഫീസർ മാത്രം സേവനം അനുഷ്ഠിക്കുയും ചെയ്യുന്ന ആരോഗ്യ കേന്ദ്രത്തിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച് 22.12.2021 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5) 01.02.2022 ന് സമർപ്പിച്ച മറുപടിയിൽ ആരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം നഗരസഭ നിർമ്മിച്ചിട്ടുള്ളതാണെന്നും ഡിസ്പെൻസറി, പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക് ആശുപത്രി വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ ചുമതല നഗരസഭയ്ക്കാണ് എന്നും നിലവിൽ നഗരസഭയുടെ 32 വാർഡുകളുടെ ചുമതല ടി UPHC യ്ക്കാണ്. ആയത് പ്രകാരമാണ് നഗരസഭ HMC രൂപീകരിച്ചിട്ടുള്ളതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇതേ മറുപടിയിൽത്തന്നെ ഈ ആരോഗ്യ കേന്ദ്രം NHM ന്റെ കീഴിൽ വരുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് നഗരസഭയ്ക്ക് കൈമാറിയിട്ടുമില്ല. നാളിതുവരെ ഈ ആരോഗ്യ കേന്ദ്രത്തിന്റെ HMC യുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഈ വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-81 ആശുപത്രി മാനേജിംഗ് കമ്മിറ്റി

ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഓഡിറ്റ് നടത്തിയപ്പോൾ തലശ്ശേരി ജനറൽ ആശുപത്രിയുടെ ആശുപത്രി മാനേജിംഗ് കമ്മിറ്റി അതിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ വിജയിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ നിഗമനത്തിൽ ഓഡിറ്റ് എത്തിചേരാനുള്ള കാരണങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു. ഈ വിഷയത്തിൽ 2013 ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി)

ചട്ടങ്ങളിലെ ചട്ടം 10 പ്രകാരമുള്ള നിയന്ത്രണാധികാരം ഉപയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. 2015-16 വർഷം വരെയുള്ള വാർഷിക കണക്കുകൾ നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2.വരവ് തുക യഥാസമയം ഒടുക്കാതെ മാസങ്ങളോളം കൈവശം വച്ച് താത്ക്കാലിക ധനദുർവിനിയോഗം നടത്തുന്നു. ഈ വിഷയം 2016-17 മുതൽ 2020-21 വർഷം വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

3. രശീതി പുസ്തകങ്ങളുടെയും അവയുടെ സ്റ്റോക്ക് രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല.

4. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെയും ഭാരതീയ പുരാവസ്തു ഗവേഷണ വകുപ്പിന്റെ അനുമതി ലഭിക്കാതെയും മരാമത്ത് പണികൾ നടത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭാരതീയ പുരാവസ്തു വകുപ്പ് സ്റ്റോപ് മെമ്മോ (നം.1/12/17m-788 തീയതി 13.11.2019) നൽകിയിട്ടുണ്ട്.

5. 2011 മുതൽ 2014 വരെയുള്ള കാലയളവിൽ ഗേറ്റ് കലക്ഷനിൽ 9,03,174/- രൂപയുടെ ക്രമക്കേട് നടത്തിയതായി ജില്ലാ മെഡിക്കൽ ഓഫീസർ കണ്ടെത്തിയിട്ടുണ്ട്. എന്നിട്ടും സാമ്പത്തിക കാര്യങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നില്ല.

1-82 ഓഡിറ്റ് ഇംപാക്റ്റ്

ബാലസഭാശാക്തീകരണം

| | |
|---|---|
| ഫയൽ നം. | H4-4206/21 |
| പ്രോജക്റ്റ് നം/പേര് | S0572/21, ബാലസഭാശാക്തീകരണം |
| അടങ്കൽ | 63,000 (വികസനഫണ്ട്) |
| ചെലവ് | 51,210 |
| ട്രഷറി ബിൽ നം. | 613തീയതി: 30.03.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെമ്പർ സെക്രട്ടറി |

കുട്ടികളുടെ വിദ്യാഭ്യാസ വ്യക്തിത്വ വികസനത്തിനും പഠനയാത്ര കലാകായിക പ്രവർത്തനങ്ങൾ ഇവയിലൂടെ ബാലസഭകളുടെ ശാക്തീകരണം ലക്ഷ്യമിടുന്നതിനാണ് മേൽ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്.

19.03.21 ന് വയനാട് ജില്ലയിലെ വിവിധ സ്ഥലങ്ങളിലേക്ക് നടത്തിയ യാത്രയുമായി ബന്ധപ്പെട്ട വൗച്ചറുകൾ ഹാജരാക്കിയതിൽ 51,210/- രൂപയുടെ ചെലവ് നടന്നതായും ആയത് CDS ന്റെ 36718862135 നമ്പർ അക്കൗണ്ടിൽ 30.03.2021 തീയ്യതിയിൽ തുക നൽകിയിട്ടുമുണ്ട്.

പ്രൊജക്റ്റ് നിർവ്വഹണം നടത്തിയതിലെ അധികചെലവ് സംബന്ധിച്ച് 09.05.2022 തീയ്യതിയിൽ 58/2020-21 നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 13.06.2022 തീയ്യതിയിൽ നൽകിയ മറുപടിയിൽ അധികചെലവായ 21,380/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടത്തുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാനും സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൊജക്റ്റുകൾ നടപ്പിലാക്കാനും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ-അധികം നൽകിയ1485 രൂപ നിരാകരിക്കുന്നു.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | : | ഗവ.പ്രൈമറി വിദ്യാലയങ്ങൾക്ക് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് നൽകൽ. |
| പദ്ധതിയുടെ നമ്പർ | : | S0022/21 |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി. സ്കൂൾ, ഗോപാലപേട്ട |
| പദ്ധതി അടങ്കൽ | : | 1,71,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | : | 1,11,052 |

നഗരസഭാ പരിധിയിലുള്ള ഗവൺമെന്റ് പ്രൈമറി വിദ്യാലയങ്ങളുടെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കമ്പ്യൂട്ടർ റിപ്പയറിംഗ് ചാർജ്ജ് എന്നിവ ഒടുക്കുന്നതിനാണ് മേൽ പ്രൊജക്റ്റ് നടപ്പിലാക്കിയത്.

ടി പ്രൊജക്റ്റിൽ ബിൽ നം.13/2020-21/25.03.21 അനുസരിച്ച് 3,434/- രൂപ ഗവ എൽ.പി സ്കൂൾ ചേറ്റംകുന്നിന്റെ വെള്ളക്കരമിനത്തിൽ അനിൽ കുമാർ.കെ എന്നവരുടെ ബാങ്ക് അക്കൗണ്ടിൽ അനുവദിച്ചിട്ടുണ്ട്. ബില്ലിന് അനുബന്ധമായി സമർപ്പിച്ച വൗച്ചറുകളുടെ വിവരം ചുവടെ പറയുന്നു.

വൗച്ചർ നം. W1/2020-21 (ബിൽ തീയതി: 07.12.20)-1949.

വൗച്ചർ നം. W2/2020-21 (ബിൽ തീയതി: 02.10.20)-1485

02.10.2020 ലെ ബിൽ അടക്കാതെ കുടിശ്ശികയായതിന്റെ വിവരം വൗച്ചർ നം. W1 പ്രകാരമുള്ള 07.12.2020 ലെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വൗച്ചർ നം. W2/2020-21 ഉൾപ്പെടുന്ന തുകയാണ് W1/2020-21 ൽ രേഖപ്പെടുത്തിയ 1949/- രൂപ രണ്ടു വൗച്ചറുകൾക്കും കൂടി ആകെ 3434/- രൂപ അനുവദിച്ചതു വഴി 1,485/- രൂപയുടെ ഇരട്ടച്ചെലവുണ്ടായിട്ടുണ്ട്.

അപാകതകൾ ചൂണ്ടിക്കാട്ടി 59/2020-21തീയതി:09.05.2022 ആയി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം അനുവദിച്ച 1,485/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ULB /365/2013 Dt: 28/11/2014 | 5673260 | 733302 | 293324 | 168448 | 439978 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 23,93,099 |
| തൻവർഷം നിക്ഷേപിച്ച തുക | -- |

| | |
|---|---|
| ആകെ | 23,93,099 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 23,93,099 |

നഗരസഭയിൽ 2020-21 വർഷം സ്ഥിരനിക്ഷേപ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2020-21 വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി - 12 പ്രകാരം 23,93,099/- രൂപ സ്ഥിരനിക്ഷേപം (സ്ഥിരനിക്ഷേപം, ഡിബഞ്ചറുകളും ബോണ്ടുകളും, ഇക്വിറ്റി ഷെയറുകൾ) നഗരസഭയുടെ കൈവശമുള്ളതായി കാണിച്ചിട്ടുണ്ട്. ഇതിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. 6,38,659.85 രൂപയുടെ 53 സ്ഥിര നിക്ഷേപം/ഷെയർ സർട്ടിഫിക്കറ്റ് /സെക്യൂരിറ്റി ഡെപ്പോസിറ്റ് മാത്രമേ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. പരിശോധനയ്ക്ക് ഹാജരാക്കാത്ത 17,54,459.15 രൂപയുടെ സ്ഥിരനിക്ഷേപ പത്രികകൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

താഴെ കാണിച്ച പത്രികയിലെ ക്രമ നം.51, 52, 53 കളിലെ സ്ഥിര നിക്ഷേപങ്ങൾ യഥാക്രമം 24.12.2000, 30.12.2005, 02.01.2006 തീയ്യതികളിൽ കാലാവധി പൂർത്തിയായതാണ്. എന്നാൽ നാളിതുവരെ കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപങ്ങൾ തിരികെ എടുത്തതായോ വീണ്ടും നിക്ഷേപിച്ചതായോ കാണുന്നില്ല. കാലാവധി പൂർത്തിയായ സ്ഥിര നിക്ഷേപങ്ങൾ പുതുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് 16.05.2022 ന് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.69) മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ 20 20-21 വർഷത്തെ ഓഡിറ്റിന് ഹാജരാക്കിയ സ്ഥിര നിക്ഷേപങ്ങളുടെ/ഷെയർ സർട്ടിഫിക്കറ്റ്/ ബോണ്ടുകൾ/ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വിവരം കാണിക്കുന്ന പത്രിക

| ക്രമ നം | ലഘുവിവരണം | നിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി | തുക | കാലാവധി തീയ്യതി | കുറിപ്പ് |
|---|---|---|---|---|---|
| 01 | വെസ്റ്റ്കോസ്റ്റ് ഇലക്ട്രിസിറ്റി സപ്ലൈ കോർപ്പറേഷൻ ലിമിറ്റഡ് തലശ്ശേരി | 34/06.06.38 | 20.00 | | ക്യാഷ് ഡിപ്പോസിറ്റ്/ അഡീഷണൽ ക്യാഷ് ഡെപ്പോസിറ്റ് |
| 02 | “” | 35/06.06.38 | 20.00 | | “” |
| 03 | “” | 249/31.8.39 | 10.00 | | “” |
| 04 | “” | 352/24.6.46 | 30.00 | | “” |
| 05 | “” | 226/20.8.48 | 20.00 | | “” |
| 06 | “” | 599/27.7.49 | 20.00 | | “” |
| 07 | “” | 669/02.1.50 | 40.00 | | “” |
| 08 | കെ.എസ്.ഇ.ബി. | 300/28.11.75 | 200.00 | | “” |
| 09 | “” | 59/22.6.64 | 10.00 | | “” |
| 10 | “” | 299/28.11.74 | 20.00 | | “” |
| 11 | “” | 187/29.12.76 | 65.00 | | “” |
| 12 | “” | 286/11.7.63 | 50.00 | | “” |
| 13 | “” | 226/22.6.64 | 90.00 | | “” |
| 14 | “” | 87/26.6.64 | 25.00 | | “” |
| 15 | “” | 242/02.7.64 | 25.00 | | “” |

| | | | | | |
|---|---|---|---|---|---|
| 16 | "" | 61/20.10.64 | 95.00 | | "" |
| 17 | "" | 2/28.10.64 | 80.00 | | "" |
| 18 | "" | 260/05.01.65 | 20.00 | | "" |
| 19 | "" | 261/05.01.65 | 20.00 | | "" |
| 20 | "" | 298/11.05.72 | 45.00 | | "" |
| 21 | "" | 10/27.01.65 | 20.00 | | "" |
| 22 | "" | 262/05.01.65 | 20.00 | | "" |
| 23 | "" | 263/05.01.65 | 20.00 | | "" |
| 24 | "" | 264/05.01.65 | 20.00 | | "" |
| 25 | "" | 265/05.01.65 | 20.00 | | "" |
| 26 | "" | 266/05.01.65 | 20.00 | | "" |
| 27 | "" | 267/05.01.65 | 20.00 | | "" |
| 28 | "" | 268/05.01.65 | 20.00 | | "" |
| 29 | "" | 269/05.01.65 | 20.00 | | "" |
| 30 | "" | 284/11.7.63 | 25.00 | | "" |
| 31 | "" | 285/11.7.63 | 25.00 | | "" |
| 32 | "" | 243/02.07.63 | 25.00 | | "" |
| 33 | "" | 141/17.8.64 | 130.00 | | "" |
| 34 | "" | 257/23.12.75 | 60.00 | | "" |
| 35 | "" | 283/26.11.75 | 30.00 | | "" |
| 36 | "" | 284/26.11.75 | 45.00 | | "" |
| 37 | "" | 285/26.11.75 | 5.00 | | "" |
| 38 | "" | 286/26.11.75 | 25.00 | | "" |
| 39 | "" | 287/26.11.75 | 15.00 | | "" |
| 40 | "" | 288/26.11.75 | 40.00 | | "" |
| 41 | "" | 289/26.11.75 | 30.00 | | "" |
| 42 | "" | 290/26.11.75 | 20.00 | | "" |
| 43 | ശ്രീ കേരളവർമ്മ ആയുർവേദിക് കോഓപ്പറേറ്റീവ് ഫാർമസി & സ്റ്റോർസ് ലിമറ്റഡ്, തൃശ്ശൂർ | 160/ ജനവരി 1960 | 100.00 | | 10 രൂപയുടെ 10 ഷെയറുകൾ |
| 44 | കെ.യു.ഡി.എഫ്.സി | 19/07.09.70 | 7000.00 | | 100രൂപയുടെ 70 ഷെയറുകൾ (ക്രമ നമ്പർ 2831 മുതൽ 2900 വരെ) |
| 45 | കെ.യു.ഡി.എഫ്.സി | 40/30.11.71 | 10000.00 | | 100രൂപയുടെ 100 ഷെയറുകൾ (ക്രമ നമ്പർ 5411 മുതൽ 5510 വരെ) |
| 46 | കെ.യു.ഡി.എഫ്.സി | 87/24.03.73 | 15000.00 | | 100രൂപയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | | 150 ഷെയറുകൾ (ക്രമ നമ്പർ 14041 മുതൽ 14190 വരെ) |
| 47 | കെ.യു.ഡി.എഫ്.സി | 130/08.11.82 | 38000.00 | | 100രൂപയുടെ 380 ഷെയറുകൾ (ക്രമ നമ്പർ 38227 മുതൽ 38606 വരെ) |
| 48 | കെ.യു.ഡി.എഫ്.സി | 265/21.11.97 | 44000.00 | | 100രൂപയുടെ 440 ഷെയറുകൾ (ക്രമ നമ്പർ 91909 മുതൽ 92349വരെ) |
| 49 | ദി കാനന്നൂർ കോ.ഓപ്പററ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമി. | 229/31.1.83 | 10000.00 | | 1000 രൂപയുടെ 10 ഇക്വിറ്റി ഷെയറുകൾ |
| 50 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 31/26.5.2014 | 500000.00 | | 1000 രൂപയുടെ 500 ഷെയറുകൾ (നമ്പർ 33001 മുതൽ 33500 വരെ) |
| 51 | കനറാ ബാങ്ക്, തലശ്ശേരി | 470371/ 11.01.1991 | 2000.00 | 24.12.2000 | ലോട്ടസ് മൂവി ഹൗസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 52 | കനറാ ബാങ്ക്, തലശ്ശേരി | 978933/ 04.06.1997 | 3000.00 | 30.12.2005 | ലോട്ടസ് മൂവി ഹൗസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| 53 | ഇൻഡ്യൻ ബാങ്ക് | 143824/ 19.04.1996 | 7999.85 | 02.01.2006 | ചിത്രവാണി ടാക്കീസിന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് |
| ആകെ | | | 6,38,659.85 | | |

4-6 ഓഡിറ്റ് റിക്കവറി സംബന്ധിച്ച വിവരങ്ങൾ

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 വരവ് | 1(1)ബി, 1(1)ഡി, 1(6) | 2006-07 | 4.27(1) | 1(6) മുൻകൂർ യഥാസമയം വസൂലാക്കുന്നത്-ഗുരുതരമായ വീഴ്ച | |
| 1997-98 ചെലവ് | 21 | 2001-02 | 2.11(iii) | ബി.പി.എൽ. ടെലിഫോൺ സ്ഥാപിച്ചതിലുള്ള തകരാറുകൾ | |
| 1998-99 ചെലവ് | 18 | 2001-02 | 2.11(i) | ലോറിയുടെ ഉപയോഗശൂന്യത - മുനിസിപ്പൽ ഫണ്ടിന് നഷ്ടം | |
| 1993-94 മുതൽ 2002-03 വരെയുള്ള പ്രത്യേക റിപ്പോർട്ട് | 2,3,4,5 | 2003-04 | 12(1)(2) | ഷാസു പദ്ധതിയിൽ ക്രമക്കേടുകൾ | |
| 1999-2000 | 17 | 2004-05 | 4.11.2(2) | എരഞ്ഞോളിപ്പാലം -കുട്ടിമാക്കൂൽ റോഡ് നിർമ്മാണം | തുക ഒടുക്കിയത് ബോധ്യപ്പെട്ടിട്ടുണ്ട്. |
| 1999-2000 | 19(ബി) | 2004-05 | 4.11.2(4) | കുഞ്ഞാലിമരക്കർ പാർക്ക് നവീകരണം | തുക ഒടുക്കിയത് ബോധ്യപ്പെട്ടിട്ടുണ്ട്. |
| 1999-2000 | 19(സി) | 2004-05 | 4.11.2(5) | രണ്ടാം വാർഡിൽ അംഗൻവാടി കെട്ടിട നിർമ്മാണം | - |
| 1999-2000 | 19(ഡി) | 2004-05 | 4.11.2(6) | കയ്യാലി ഹരിജൻ കോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ | തുക ഒടുക്കിയിട്ടുണ്ട്. |
| 1999-2000 | 19(ഇ) | 2004-05 | 4.11.2(7) | ശാഫി ദവാഖാന മാരിയമ്മൻ കോവിൽ റോഡ് നിർമ്മാണം | കോടതി കേസ് നിലനിൽക്കുന്നു. |
| 1999-2000 | 19(എഫ്) | 2004-05 | 4.11.2(8) | കൊമ്മൻ ഫയൽ ഓടക്കായ് കുന്ന് റോഡ് പണി. | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2000-01 | 2.19 | 2004-05 | 4.11.1(2) | മാണിക്കോത്ത് ഇടവഴി പുനരുദ്ധാരണം | - |
| 2000-01 | 2.21 | 2004-05 | 4.11.1(3) | കുന്നിൻഭാഗം റോഡ് പണിയിൽ വന്ന നഷ്ടം ഈടാക്കൽ | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2000-01 | 2.22 | 2004-05 | 4.11.1(4) | പുത്തലത്ത് റോഡ് ടാറിംഗ് | റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2000-01 | 2.23 | 2004-05 | 4.11.1(5) | തിരുവങ്ങാട് ക്ഷേത്രം - കോടിയേരി പഞ്ചായത്ത് അതിർത്തി റോഡ് ടാറിംഗ് | റവന്യൂ റിക്കവറി പ്രകാരം തുക അടവാക്കിയിട്ടുണ്ട്. |
| 2001-02 | 2.38 | 2004-05 | 4.11(6) | നിർവ്വഹണം മുടങ്ങിയ 36 ജനകീയാസൂത്രണ പദ്ധതികൾക്ക് മുൻകൂർ നൽകിയത് | 1,19,518/- രൂപ ക്രമീകരിക്കാൻ ബാക്കിയുണ്ട് |
| 2001-02 | 2.1 | 2004-05 | 4.11(3) | ഡൈസ്നോൺ സർക്കാർ ഉത്തരവ് ലംഘിച്ച് ശമ്പളം നൽകി | 17 പേരിൽ നിന്ന് ഈടാക്കുവാനുള്ള 3,263/- രൂപയിൽ 2,385/- രൂപ ഒടുക്കിയിട്ടുണ്ട്. 878/- രൂപ ഒടുക്കുവാൻ ബാക്കിയുണ്ട് |
| 2001-02 | 2.47 | 2004-05 | 4.11(9) | ടില്ലർ ഉപയോഗശൂന്യമായത് | - |
| 2002-03 | 2.38 | 2005-06 | 3.23(1) | ടാർ വാങ്ങലുമായി ബന്ധപ്പെട്ട കണക്കുകൾ | |
| 2002-03 | 2.7<br>2.39 | 2005-06 | 23.2 | സ്റ്റോക്കിൽ അപാകത - ലക്ഷങ്ങളുടെ നഷ്ടം | |
| 2003-04 (ചെലവ്) | 2.3 | 2006-07 | 4.27(1) | മുൻകൂറുകൾ | |
| 2003-04 (ചെലവ്) | 2.13 | 2006-07 | 4.27(2) | പ്ലാൻ-ജനറൽ പി.ഡി. ക്യാഷ് ബുക്കിലെ നീക്കിയിരിപ്പ് | |
| 2004-05 (ചെലവ്) | 1.3 | 2006-07 | 4.27(1) | മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തത് സംബന്ധിച്ച് | |
| 2004-05 (ചെലവ്) | 2.12(2) | 2006-07 | 4.27(3) | കന്നുകുട്ടി പരിപാലന പദ്ധതി | |
| 2007-08 | 3.43 | 2010-11 | 5.4.12(1) | വൈദ്യുതി ബോർഡ് ചെലവുകൾ തനത് ഫണ്ട് ഉപയോഗിച്ചത് ക്രമവിരുദ്ധം | എൽ.എസ്.ജി.ഡി. (ഡി.ഡി.) വകുപ്പിന്റെ 18.6.12-ലെ എൽ.എസ്.ജി.ഡി./ഡി.3/ 2012/തസ്വഭവ ചെലവിന് സാധൂകരണം നൽകിയിട്ടുണ്ട്. |
| 2008-09 | 2.2(1) | 2010-11 | 2.5 | വസ്തു നികുതി ഡിമാന്റിൽ കുറവ് | |
| 2012-13 | | 2013-14 | 5.1.5(11) | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | |

4-8 ചാർജ്/സർചാർജ് തുകകൾ ഈടാക്കിയതിന്റെ വിവരങ്ങൾ

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹576261695.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹499372627.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1485.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,59,80,286 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 1,485/- | ജോസഫ് നിക്സൺ വി ഹെഡ്മാസ്റ്റർ |
| ആകെ | | 1,485/- | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക |
|---|---|
| 1-32 | 65,056 |
| 1-34 | 5,62,336 |
| 1-42 | 66,120 |
| 1-45 | 10,00,000 |
| 1-46 | 5,44,383 |
| 1-47 | 2,58,750 |
| 1-48 | 89,900 |
| 1-49 | 12,000 |
| 1-51 | 2,07,846 |
| 1-52 | 30,40,000 |
| 1-53 | 86,400 |
| 1-54 | 4,50,000 |
| 1-55 | 1,74,274 |
| 1-57 | 10,04,548 |
| 1-58 | 97,89,281 |
| 1-59 | 58,27,501 |
| 1-62 | 1,50,668 |
| 1-63 | 51,000 |
| 1-64 | 1,10,400 |
| 1-65 | 40,000 |
| 1-66 | 2,00,000 |

| | |
|---|---|
| 1-67 | 71,723 |
| 1-70 | 19,25,000 |
| 1-71 | 2,50,000 |
| 1-72 | 3,100 |
| ആകെ | 2,59,80,286 |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ലഘുവിവരണം |
|---|---|
| 1-18 | അനധികൃത നിർമ്മാണങ്ങളുടെ കെട്ടിട നികുതി കുടിശ്ശിക |
| 1-29 | കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിലെ അപാകത |

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം ) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ജോസഫ് നിക്സൺ വി ഹെഡ്മാസ്റ്റർ | ഗവ.എൽ.പി.സ്കൂൾ, ഗോപാലപേട്ട (സർവ്വീസിൽ നിന്നും വിരമിച്ചു) | ഗർഷോം. ചർച്ച് കോമ്പൗണ്ട്, ചാലിൽ, ചെമ്പിൾ ഗേറ്റ് (പി.ഒ) തലശ്ശേരി-670102 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | വർഷം | ഏറ്റവും അവസാനമായി നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 1973-74 | നം.എൽ.എഫ്.ടി.എം.1/124 /92/18.06.92 | | |
| 2 | 1980-81 | നം.എൽ.എഫ്.ടി.എം.1/190 /83/28.8.92 | | |
| 3 | 1981-82 | നം.എൽ.എഫ്.ടി.എം.1/182 /91/20.7.92 | | |

| | | | | |
|---|---|---|---|---|
| 4 | 1982-83 | നം.എൽ.എഫ്.ടി.എം.1/195 /92/31.10.92 | | |
| 5 | 1983-84 | നം.എൽ.എഫ്.ടി.എം.1/180 /89/30.11.89 | | |
| 6 | 1984-85 | നം.എൽ.എഫ്.ടി.എം.1/115 /91/20.5.91/17.7.91 | | |
| 7 | 1985-86 | നം.എൽ.എഫ്.ടി.എം.1/72 /92/25.5.92/31.7.92 | | |
| 8 | 1986-87 | നം.എൽ.എഫ്.ടി.എം.1/88 /93/23.7.95 | | |
| 9 | 1987-88 | നം.എൽ.എഫ്.ടി.എം.1/139 /97/6.2.98 | | |
| 10 | 1988-89 | നം.എൽ.എഫ്.ടി.എം.1/20 /2000/11.01.2000 | | |
| 11 | 1989-90 | നം.എൽ.എഫ്.ടി.എം.1/21 /2000/12.1.2000 | | |
| 12 | 1990-91 | നംഎൽഎഫ്.1/179 /2000/29.10.2000/ 8.12.2000 | | |
| 13 | 1991-92 | നം.എൽ.എഫ്.ടി.എം.1/73 /02/27.09.2002 | | |
| 14 | 1992-93 | നം.എൽ.എഫ്.ടി.എം.1/272 /03/29.10.03 | | |
| 15 | 1993-94 | നം.എൽ.എഫ്.ടി.എം.1/280 /03/30.10.03 | | |
| 16 | 1994-95 (ചെലവ്) | നം.എൽ.എഫ്.ടി.എം.1/276 /03/27.10.03 | | |
| 17 | 1994-95 (വാർഷികം) | നം.എൽ.എഫ്.ടി.എം.1/245 /04/24.01.05 | | |
| 18 | 1995-96 | നം.എൽ.എഫ്.ടി.എം.1/81 /04/26.04.05 | | |
| 19 | 1996-97 വരവ് | നം.എൽ.എഫ്.ടി.എം.1/262 /06/27.2.2016 | 3 | ഖണ്ഡിക 1(6), 1-1(ബി), 1-1(ഡി) സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2006-07-ൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 20 | 1997-98 ചെലവ് | നം.എൽ.എഫ്.ടി.എം.1/169 /02/27.2.16 | 1 | II-11(iii) ഖണ്ഡിക 2001-02 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 21 | 1998-99 ചെലവ് | നം.എൽ.എഫ്.ടി.എം.1/169 /(1)/09/11.10.19 | 1 | ഖ.18, 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 22 | 1999-2000 വരവ് | നം.എൽ.എഫ്.ടി.എം.1/202 /7/14.10.19 | 1 | – |
| 23 | 1999-2000 ചെലവ് | നം.എൽ.എഫ്.ടി.എം.1/142 /04/14.10.19 | 14 | 2-17(എ),(ബി), (ഡി), (ഇ),(എഫ്),(ജി); 2-19(ബി), (സി), (ഡി), (ഇ), (എഫ്) എന്നിവ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. 2-17(സി) സർചാർജ് നടപടി തുടരുന്നു. |
| 24 | 2000_ 01 വരവ് | നം.എൽ.എഫ്.ടി.എം.1/28 /7/14.10.19 | 3 | 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1.3 ൽ ഉൾപ്പെട്ടിട്ടുണ്ട് |
| 25 | 2000-01 ചെലവ് | നം.എൽ.എഫ്.ടി.എം.1/171 /4/14.10.19 | 21 | 2-19, 2-21,2-22, 2-23,2-24,2-28(i) എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 26 | 2001-02 ചെലവ് | നം.എൽ.എഫ്.ടി.എം.1/231 /4/14.10.19 | 13 | 2-1, 2-37, 2-38, 2-47 എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 27 | 2002-03 ചെലവ് | നം.എൽ.എഫ്.ടി.എം.1/150 /5/14.10.19 | 20 | 2-36, 2-37 എന്നീ ഖണ്ഡികകൾ 2004-05 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും 2-7 (1), 2-7 (7 എ), 2-7(8), 2-38, 2-39 എന്നീ ഖണ്ഡികകൾ 2005-06വർഷത്തെ സമാഹൃത ഓഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ടിലും ഉൾപ്പെട്ടിട്ടുണ്ട് |
| 28 | 2003-04 ചെലവ് | നം.എൽ.എഫ്.ടി.എം.1/322 /07/18.10.19 | 16 | ഖ. 2-3, 2-13 എന്നിവ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 29 | 2004-05 ചെലവ് | നം.എൽ.എഫ്.ടി.എം.1/247 /7/19.10.19 | 35 | 1(3), 2(12)(2) എന്നീ ഖണ്ഡികകൾ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട് |
| 30 | 2005-06 | നംഎൽഎഫ്.ടി.എം.1/177 /8/19.10.19 | 12 | 3-8,3-6,3-20(1), 3-21, 3-25(i), (Ii), 3-32 എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 31 | 2006-07 | നം.എൽ.എഫ്.ടി.എം.1/371 /08/15.03.21 | 17 | 3-13(ഇ4) ഖണ്ഡിക സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 32 | 2007-08 | നംഎൽഎഫ്.ടി.എം.1/249 /10/01.11.19 | 19 | 3-43 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2010-11 ൽ ഉൾപ്പെട്ടിട്ടുണ്ട്. 3-18(എ) ഖണ്ഡിക സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 33 | 2008-09 | എൽ.എഫ്.ടി.എം.1/250 /10/01.11.19 | 37 | ഖണ്ഡിക 2-2 (1) 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 34 | 2009-10 | എൽ.എഫ്.ടി.എം.1/104 /11/04.11.19 | 26 | 3-1(6), 3-21 എന്നീ ഖണ്ഡികകൾ സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 35 | 2010-11 | എൽ.എഫ്.ടി.എം.1/114 /12/08.11.19 | 38 | 3-59 ഖണ്ഡിക സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 36 | 2011-12 | നം.എൽ.എഫ്.ടി.എം.1/313 /13/11.11.19 | 29 | ഖണ്ഡിക 3-13 സർച്ചാർജ്ജ് നടപടിയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 37 | 2012-13 | നം.എൽ.എഫ്.ടി.എം.1/161 /15/04.12.2015 | 11 | - |
| 38 | 2013-14 | നം.എൽ.എഫ്.ടി.എം.1/293/15 തീയ്യതി 14.11.19 | 14 | - |
| 39 | 2014-15 | നം.കെ.എസ്.എ./ടി.എസ്.എം1 /227/2016; തീയ്യതി: 11.08.2021 | 9 | - |
| 40 | 2015-16 | നം.കെ.എസ്.എ./ടി.എസ്.എം.1 /28/2017; തീയ്യതി: 16.01.2021 | 17 | -- |
| 41 | 2016-17 | നം.കെ.എസ്.എ./ടി.എസ്.എം.1 /452/2017; തീയ്യതി: 25.02.2020 | 27 | -- |
| 42 | 2017-18 | നം.കെ.എസ്.എ./ടി.എസ്.എം.1 /71/2019; തീയ്യതി: 11.08.2021 | 49 | -- |
| 43 | 2018-19 | നം.കെ.എസ്.എ./ടി.എസ്.എം.1 /177/2020; തീയ്യതി: 31.08.2021 | 69 | -- |
| 44 | 2019-20 | നം.കെ.എസ്.എ./ടി.എസ്.എം.1 /1426/2021 തീയ്യതി: 21.03.2022 | 83 | |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തലശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തലശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
നഗരസഭാ ഓഡിറ്റ് കാര്യാലയം, തലശ്ശേരി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

### ബാലൻസ്ഷീറ്റ്

തലശ്ശേരി നഗരസഭ 2020-21 വർഷത്തെ വാർഷിക കണക്കുകളുടെ കൂടെ സമർപ്പിച്ച ബാലൻസ്ഷീറ്റിന്റെ ശരിപകർപ്പ് ഈ റിപ്പോർട്ടിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.

## അനുബന്ധം 4

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

തലശ്ശേരി നഗരസഭ ഓഡിറ്റിന് ഹാജരാക്കിയ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിന്റെ ശരിപകർപ്പ് ഈ റിപ്പോർട്ടിനോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.

## അനുബന്ധം 5

### റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

തലശ്ശേരി നഗരസഭ 2020-21 വാർഷിക കണക്കുകളുടെ കൂടെ സമർപ്പിച്ച റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിന്റെ ശരിപകർപ്പ് ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.